VI. നിയമനിർമ്മാണകാര്യം

(1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

ധനകാര്യവും, എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2005-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ): സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

VII (a) ക്രമപ്രശ്നം

ധനകാര്യ ബില്ലിന്റെ അവതരണം

ഡോ: തോമസ് ഐസക്: സർ, റൂൾ 303 പ്രകാരം ഇന്നിപ്പോൾ ഈ ഫിനാൻസ് ബിൽ വിശദമായ പരിഗണനയ്ക്കെടുക്കുന്നതിൽ ശക്തമായ എതിർപ്പുണ്ട്. ഇത് കീഴ്വഴക്കങ്ങൾക്കും നിലവിലുള്ള നിയമത്തിനുമെതിരാണ് എന്നുള്ളതാണ് എന്റെ പക്ഷം. സഭ ഡിമാന്റുകൾ ചർച്ച ചെയ്തിരിക്കുകയാണ്. ആ ഡിമാന്റ് ചർച്ച കഴിഞ്ഞ് അതിന്റെ വിനിയോഗത്തിനുള്ള അധികാരം സർക്കാരിന് നൽകാൻ, Appropriation bill പാസ്സാക്കാൻ പോകുന്നതേയുള്ളു. എത്ര തുകയാണ് അടുത്ത വർഷം ഈ സർക്കാർ ചെലവാക്കാൻ പോകുന്നത് എന്നത് തീരുമാനിച്ചിട്ടുവേണം അതിന് വേണ്ടുന്ന അധിക വരുമാനം സ്വരൂപിക്കാനുള്ള അനുവാദം നൽകുന്നത്. എന്നുമാത്രമല്ല, non tax revenues-നെക്കുറിച്ചുള്ള തീരുമാനവും ഫിനാൻസ് ബില്ലിലുണ്ട്. Stamps & registration അതുസംബന്ധിച്ചുള്ള ചർച്ച കഴിഞ്ഞിട്ട് ഫിനാൻസ് ബിൽ എടുക്കുന്നതാണ് കീഴ്വഴക്കം എന്നുള്ളത് Parliamentary Practice and Procedure-ൽ വളരെ വ്യക്തമാക്കിയിട്ടുള്ള കാര്യമാണ്. ഞാൻ ഉദ്ധരിക്കട്ടെ, Finance Bill containing the annual taxation proposals is considered and passed by Lok Sabha only after demands for grants have been voted and total expenditure is known. പക്ഷേ അതിനുശേഷം വരുന്ന ഒരു വാചകത്തെ പിടിച്ചിട്ടാണ് പലപ്പോഴും അങ്ങനെയല്ല എന്ന് ചിലർ വാദിച്ചിട്ടുള്ളത് എന്നതാണ് ആ വാദം. There is however no statutory bar to consider a bill containing permanent taxation measures before the demands for grants has been voted. അതിൽ ഇവിടെ definitive article ബില്ലിനുമുൻപ് ഉപയോഗിച്ചിട്ടുള്ളത് ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ്. നേരത്തെ introduce ചെയ്ത ഫിനാൻസ് ബില്ലിനെക്കുറിച്ച് തന്നെയാണ് ഈ വാചകത്തിൽ വിമർശിക്കുന്നതെങ്കിൽ 'A' അല്ല ഉപയോഗിക്കുക ഇംഗ്ലീഷിൽ 'The' ആണ് ഉപയോഗിക്കുക. 'A' ഉപയോഗിക്കുന്നത് ഇതുവരെ introduce ചെയ്യാത്ത ഒരു പുതിയ concept. Non definitive ആയിട്ടുള്ള non specific ആയിട്ടുള്ള concept വേണ്ടിയിട്ടാണ്.

LIBRARY ARCHIVES Kerala Legislative Assembly

'A' English–ൽ ഉപയോഗിക്കുന്നത്. അല്ലെങ്കിൽ The ആണ് ഉപയോഗിക്കുന്നത്. അതുകൊണ്ട് There is no statutory bar to consider a bill എന്നു പറയുമ്പോൾ ഫിനാൻസ് ബില്ലിനെകുറിച്ച് foot-note കൊടുത്തിട്ടുണ്ട്. എന്താ നടന്നതെന്ന്, എന്തിനെകുറിച്ചാ പരാമർശിക്കുന്നതെന്ന്. The Wealth Tax Bill, 1957 and the Expenditure Tax Bill, 1957 were introduced in the House along with the Finance Bill, 1957 immediately after the Finance Minister's budget speech on 15th May, 1957. The former two bills were discussed and referred to the Select Committee on 16th and 17th of July, 1957 respectively before the Demands for Grants for (Budget General), 1957-58 were voted, as these two bills contained permanent measures.

Permanent measures എന്നു പറഞ്ഞുകഴിഞ്ഞാൽ Finance Bill അല്ല. ഫിനാൻസ് ബില്ലിൽ വാറ്റ് ഷെഡ്യൂളിൽ മാറ്റം വരുത്തുന്നു; സ്റ്റാമ്പ് രജിസ്ട്രേഷൻ ആക്റ്റിൽ നിരക്കുകളിൽ മാറ്റം വരുത്തുന്നു; കാലഹരണപ്പെട്ട ലോട്ടറി ടാക്സ് എടുത്തുമാറ്റുന്നു; ലക്ഷ്വറി ടാക്സിൽ മാറ്റങ്ങൾ വരുന്നു. ഇതൊന്നും permanent measures അല്ല. അതുകൊണ്ട് എന്തെങ്കിലും permanent measures introduce ചെയ്യുന്ന ബിൽ അല്ല, അതുകൊണ്ട് statutory bar ഉണ്ട്, കേരള നിയമസഭ തന്നെ 1988-ൽ ഇതു സംബന്ധിച്ച് അമരണിക്കുറിലേറെ അന്നത്തെ ധന ബിൽ അവതരണവേളയിൽ ചർച്ച നടത്തുകയുണ്ടായി. അത് സംബന്ധിച്ച വളരെ വ്യക്തമായ റൂളിംഗ് അന്ന് സ്പീക്കർ നൽകിയിട്ടുണ്ട്. ആ റൂളിംഗിലേക്ക് അങ്ങയുടെ ശ്രദ്ധക്ഷണിക്കുകയാണ്. അന്ന് സ്പീക്കർ പറഞ്ഞ അഭിപ്രായം തന്നെയാണ് ഇന്നും എനിക്കുള്ളത്. 1983-ൽ ഇത് സംബന്ധിച്ച് തർക്കം നടന്നു. ചെയർ അന്ന് മെമ്പർ എന്ന നിലയിൽ ഉന്നയിച്ച objection തന്നെയാണ് അദ്ദേഹത്തിന്റെ ആ അഭിപ്രായത്തിന് വ്യത്യാസം ഇല്ല എന്ന് പറഞ്ഞിട്ട് അദ്ദേഹം പറയുന്നു. demands, grants ആക്കിയിട്ടേ ബിൽ പാസാക്കാവൂ. ഇപ്പോൾ പാസാക്കുന്ന പ്രശ്നം ഇല്ല. Clause by clause ചർച്ച ഇല്ല എന്നു പറഞ്ഞിട്ട് അദ്ദേഹം തുടരുകയുണ്ടായി. അതുകൊണ്ട് The Legislature will get ample opportunity to discuss the particular bill at a later stage. അന്ന് ഡിമാന്റ് ഫോർ ഗ്രാന്റ്സും അപ്രോപ്രിയേഷൻ ബില്ലും പാസാക്കിയതിനുശേഷം ചർച്ച ചെയ്തു തീരുമാനിക്കും. അതിനുമുൻപ് ഒരു സ്റ്റാറ്റ്യൂട്ടറി റിക്വയർമെന്റ് എന്ന നിലയിലാണ് ഇത് അവതരിപ്പിക്കുന്നത്. അവതരിപ്പിക്കുന്നതേ ഉള്ളൂ. ചർച്ചയ്ക്ക് എടുക്കുന്നില്ല. ഇതുകൊണ്ടാണ് ഇതിന്റെ അവതരണ വേളയിൽ ഞങ്ങൾ ഈ objection raise ചെയ്യാതിരുന്നത്, ക്രമപ്രശ്നം ഉന്നയിക്കാതിരുന്നത്. ബിൽ അവതരിപ്പിച്ചതിൽ തെറ്റില്ല; പക്ഷേ ഇന്ന് തിരക്കുപിടിച്ച് അംഗങ്ങൾക്ക് വായിക്കാൻപോലും നേരം കിട്ടാതെ, മലയാളം തർജ്ജിമ പോലും വിതരണം ചെയ്യാതെ ഇത്ര ധൃതിപിടിച്ച് പരിഗണിക്കുന്നത് കീഴ്വഴക്കങ്ങൾക്കെതിരാണ് എന്നുമാത്രമല്ല നിയമത്തിനു വിരുദ്ധമാണ്. അങ്ങ് ഈ തെറ്റായ നടപടിക്ക് കൂട്ടുനിൽക്കരുത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ : അതിനെ സപ്ളിമെന്റ് ചെയ്തുകൊണ്ട് എനിക്കുപറയാനുള്ളത് ഈ ബില്ലിന്റെ മലയാളം കോപ്പി അംഗങ്ങൾക്ക് കിട്ടിയിട്ടില്ല. അതുകൊണ്ട് വിശദമായ ഒരു പരിശോധന നടത്തി ഭേദഗതി സമർപ്പിക്കാൻ കഴിഞ്ഞിട്ടില്ല. മാത്രമല്ല ഇതു നമ്മുടെ സഭയുടെ കീഴ്വഴക്കങ്ങൾക്ക് എതിരാണുതാനും. അതുകൊണ്ട് ഏറ്റവും പ്രധാനമായ ഈ ഭാഗം പരിഗണിക്കപ്പെടേണ്ടതാണ്. പിന്നെ ബഹുമാനപ്പെട്ട ഡോ. തോമസ് ഐസക് ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ നമ്മുടെ ഈ നിയമസഭയ്ക്ക് ടാക്സേഷൻ നിയമങ്ങൾ കൊണ്ടുവരാൻ അധികാരമുണ്ട്. നമ്മുടെ ഭരണഘടനയിൽ തന്നെ പറയുന്നു No taxation without the authority of legislature ആ വ്യവസ്ഥ വ്യക്തമായി നമ്മൾ പാലിക്കണം. ഇവിടെ കൊണ്ടുവരുന്നതാവട്ടെ വിവിധ നിയമങ്ങളുടെ ഭേദഗതിയാണ്; നികുതി സംബന്ധിച്ച വിവിധ നിയമങ്ങളുടെ ഭേദഗതിയാണ് അത് കൊണ്ടുവരുമ്പോൾ പാലിക്കേണ്ട ചില വ്യവസ്ഥകളും നടപടിക്രമങ്ങളുമാണ് ഇവിടെ അട്ടിമറിക്കപ്പെടുന്നത്. നമ്മുടെ ഭരണഘടനയുടെ 207-ാം അനുച്ഛേദം അനുസരിച്ച് ധനകാര്യ ബില്ലുകൾക്ക് പ്രത്യേക വ്യവസ്ഥയാണ് നൽകിയിരിക്കുന്നത്. അതോടൊപ്പം ആർട്ടിക്കിൾ 112 മുതൽ 115 വരെ ഫിനാൻസ് ബിൽ എപ്പോൾ എങ്ങനെ അവതരിപ്പിക്കണമെന്നുള്ളത് വ്യക്തമായി പറഞ്ഞിട്ടുണ്ട്. ടാക്സേഷൻ എന്താണ്, എപ്പോഴാണ് ടാക്സ് ചുമത്തേണ്ടത് എന്ന് തീരുമാനിക്കേണ്ട ഈ സഭ, അതിനുമുൻപ് പരിഗണിക്കേണ്ട ഒന്നുതന്നെയാണ് ഡിമാൻസ് ഫോർ ഗ്രാന്റ്സ്. അതോടൊപ്പം അത് ചെലവഴിക്കേണ്ടതിന് അധികാരം നൽകുന്ന Appropriation Bill ഉണ്ട്. അത് പരിഗണിക്കുന്നത് മാർച്ചുമാസം 30-ാം തീയതിയാണ്. ഭരണഘടനയിൽ ടാക്സേഷൻ സംബന്ധിച്ച് വ്യക്തമായ വ്യവസ്ഥ ഉള്ളതുപോലെതന്നെ പറയുന്ന ഒരു കാര്യമാണ്, No expenditure without the sanction of the legislature എന്ന ഭരണഘടനാതത്വം. അതു ഇവിടെ അവഗണിക്കപ്പെടുന്നു. ഡോ. തോമസ് ഐസക് ഇവിടെ ഉദ്ധരിച്ച കാര്യങ്ങൾ ഒന്നും ഞാൻ പറയുന്നില്ല. പാർലമെന്റിൽ 1974 ആഗസ്റ്റ് 12-ാം തീയതി ഇത് സംബന്ധിച്ച് സുപ്രധാനമായ ഒരു ചർച്ച നടന്നു. ആ ചർച്ചയിൽ സുപ്രസിദ്ധ പാർലമെന്റേറിയനായിരുന്ന യശഃശ്ശരീരനായ ശ്രീ. ഹിരൺ മുഖർജി പറഞ്ഞ വാക്കുകൾ ഇവിടെ വളരെ പ്രസക്തമായി നമ്മൾ പരിഗണിക്കേണ്ടതുണ്ട്. The scope of a finance bill is not limited to the imposition, and alteration of taxes for the purpose of adjusting the revenue of the year. It is not intended to be an Annual Act in the same sense as the Appropriation Act. സർ, പാർലമെന്ററി പ്രാക്ടീസിൽ നമ്മുടെ രാജ്യത്തുള്ള നടപടിക്രമങ്ങൾ ഡോ.തോമസ് ഐസക് വിവരിക്കുകയുണ്ടായി. എന്റെ കൈയിൽ Parliamentary Practice ഉണ്ട്. ഇതു സംബന്ധിച്ച് 'Scope of financial expenditure' എന്ന ഭാഗത്ത്. വളരെയധികം വിവരിച്ചുകൊണ്ട്, ഒരു കാര്യം പറയുന്നത് Grants of Demands, നമ്മൾ തുക ചെലവഴിക്കുന്നതു സംബന്ധിച്ച് നിയമനിർമ്മാണ പ്രക്രിയ പൂർത്തീകരിച്ചതിനുശേഷം ഇവിടെ വരേണ്ട ഒരു കാര്യമാണ്. അതെല്ലാം അട്ടിമറിച്ചുകൊണ്ടാണ് ഇവിടെ വന്നിട്ടുള്ളത്. അതുകൊണ്ടാണ് ഞാൻ അങ്ങയോട് ഒരു സംരക്ഷണം ആവശ്യപ്പെടുന്നത്. 85-നുശേഷമാണ്. കഴിഞ്ഞ 20 വർഷമായിട്ടാണ് ധനകാര്യ ബിൽ പ്രത്യേകമായിട്ട് വരുന്നത്. അതിനുമുൻപ് പ്രത്യേകം പ്രത്യേകം നിയമങ്ങളുണ്ട്, അത് ഭേദഗതി ചെയ്യലാണ്. 1985-നുശേഷം വളരെ വിശദമായി ചർച്ച നടന്നിട്ടുള്ളത് 1988-ൽ ആണ്.

1988 മാർച്ചുമാസം 29-ാം തീയതി അന്ന് സ്പീക്കർ നൽകിയ റൂളിംഗ് മാത്രമല്ല ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയും അദ്ദേഹത്തിന്റെ പാർട്ടിയുടെ മറ്റു നേതാക്കൻമാരും അന്ന് നടത്തിയ ചർച്ചയും വളരെ പ്രസക്തമാണ്. അന്ന് അവർ പറഞ്ഞ, ശ്രീ. കരുണാകരൻ പറഞ്ഞ കാര്യങ്ങൾ ഞാനിവിടെ ഉദ്ധരിക്കട്ടെ "നമ്മുടെ സഭയുടെ കിഴ്വഴക്കം അനുസരിച്ച് ഡിമാൻഡ് പാസ്സായി Appropriation Bill പാസ്സായതിനുശേഷം മാത്രമാണ് ഫിനാൻസ് ബിൽ വരുന്നത്". അതെല്ലാം ബഹുമാനപ്പെട്ട സ്പീക്കർ പരിഗണിച്ചശേഷമാണ് അന്ന് റൂളിഗ് നൽകിയത്. റൂളിംഗ് ഇവിടെ ഉദ്ധരിച്ച് സ്പീക്കർ പറഞ്ഞ ഒരു കാര്യം ബഹുമാനപ്പെട്ട ചെയറിൽ നിന്ന് ഞങ്ങൾ പ്രതീക്ഷിക്കുകയാണ്, The right of the House is not curtailed. We will get ample opportunity to discuss the matter later. So in the said circumstances I find that there is nothing improper for moving this bill at this stage, only introducing this bill at this stage. സർ, സഭയുടെ പരിഗണനയ്ക്കുവരുന്ന ബിൽ clause by clause discussion ഇന്ന് ഒഴിവാക്കി, general amendments സംബന്ധിച്ച ഡിസ്കഷൻ ഇന്ന് ആവാം. ഇവിടെ അങ്ങ് നടത്തിയിട്ടുള്ള റൂളിംഗിൽ പ്രസക്തമായിട്ടുള്ള കാര്യം, നമ്മുടെ നിയമസഭയുടെ അധികാരങ്ങൾ ഇവിടെ കവർന്നെടുക്കാൻ അനുവദിച്ചുകൂടാ അതുകൊണ്ട് ജനറൽ ഡിസ്കഷൻ ആവാം. അതുകഴിഞ്ഞ് clause by clause discussion ആവാം. മാർച്ച് 30-നുശേഷം, Appropriation Bill പാസാക്കിയതിനുശേഷം നമുക്ക് ഓരോ വകുപ്പ് തിരിച്ച് ഡിസ്കസ് ചെയ്യാം. കാർഷിക മേഖലയിലെ പ്രശ്നങ്ങൾ വിശദമായി ഡിസ്കസ് ചെയ്യാം. കൃഷിമന്ത്രി പറയുന്നു നമ്മുടെ കാർഷിക മേഖലയിൽ കൃഷിക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന ചില നികുതി നിർദ്ദേശങ്ങൾ ഉണ്ട്, അത് ഒഴിവാക്കണമെന്ന അഭിപ്രായം ബന്ധപ്പെട്ട വകുപ്പിനുണ്ടെങ്കിൽ ഈ സമയത്ത് പരിശോധിക്കേണ്ടിവരും അങ്ങനെ വ്യത്യസ്ഥമായ സാമൂഹ്യപ്രശ്നങ്ങൾ ഈ സഭയിൽ ഉയർന്നുവരാൻ ഇടയുണ്ട്. അത് ഉയർന്നുവരികതന്നെ ചെയ്യും. അത്തരം സന്ദർഭങ്ങളിൽ ഡിമാൻഡ് അവതരിപ്പിക്കുന്ന ഓരോ വകുപ്പിനും പ്രത്യേകമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻകഴിയും. നമുക്ക് എന്തിനാണ് ഒരു എക്സ്പ്രസ് മുഖ്യമന്ത്രി, സൂപ്പർ മുഖ്യമന്ത്രി ആവാം. അതുകൊണ്ട് ഇവിടെ നമുക്ക് കേരളത്തിലെ സാമൂഹ്യ പ്രശ്നങ്ങൾ വിശദമായി ചർച്ച ചെയ്യാൻ അവസരം കിട്ടുംവിധം Grants of Demands കഴിഞ്ഞതിനുശേഷം, Appropriation Bill കഴിഞ്ഞതിനുശേഷം മതി Finance Bill-ന്റെ clause by clause discussion എന്നതാണ് അങ്ങയുടെ മുൻപിൽ പറയാനുള്ളത്. ചെയർ സഭയുടെ വികാരം മനസ്സിലാക്കികൊണ്ട് വ്യക്തമായിട്ടുള്ള റൂളിംഗ് നൽകണം. വരും സഭകൾക്കുകൂടി മാതൃകയാകുന്ന വിധത്തിൽ ഉണ്ടാകുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഇത് വളരെ ഗൗരവമായ വിഷയമായതുകൊണ്ടാണ് ഞങ്ങൾ ഇത്രയും കാര്യങ്ങൾ പറയുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, നമ്മുടെ നിയമസഭാ ചട്ടം 139 മുതൽ 153 വരെയുള്ള ഭാഗത്താണ് ധനപരമായ കാര്യങ്ങളെ സംബന്ധിച്ച നടപടിക്രമം വിശദീകരിക്കുന്നത്. ബഡ്ജറ്റ് അവതരിപ്പിക്കുന്നതുമുതൽ ധനവിനിയോഗബിൽ അവതരിപ്പിക്കുന്നതുവരെയുള്ള ഭാഗം 139 മുതൽ 153 വരെ ഉൾപ്പെടുത്തിയിരിക്കുന്നു. ഇതിൽ ഒരു സ്ഥലത്തും ധനകാര്യബില്ലിനെ സംബന്ധിച്ച് ഒരു പരാമർശം ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യബില്ലിവിടെ അവതരിപ്പിക്കാൻ തുടങ്ങിയത് ശ്രീ. കെ. എം. മാണി ധനകാര്യമന്ത്രിയായതിനുശേഷമാണ്. അന്ന് ശ്രീ. കെ. എം. മാണി എല്ലാ വകുപ്പിലും ഇടപെടുന്നതിനുവേണ്ടി ചെയ്ത പണിയാണ് ധനകാര്യബില്ലവതരിപ്പിക്കുന്ന സിസ്റ്റം. അതിനുശേഷം ശ്രീ. കെ. എം. മാണിയിൽ നിന്ന് ആ വകുപ്പ് എടുത്തുമാറ്റി തച്ചടി പ്രഭാകരനെ മന്ത്രിയാക്കി അന്ന് കോൺഗ്രസ് ധനകാര്യവകുപ്പ് കൈകാര്യം ചെയ്തു തുടങ്ങി. ധനകാര്യബില്ലവതരിപ്പിക്കുന്ന സിസ്റ്റം വന്നതിനുശേഷം ഈ വകുപ്പിൽ വന്നിട്ടുള്ള പ്രത്യേകത വച്ചുകൊണ്ടാണ് ഈ സിസ്റ്റം വന്നത്. അതിനുശേഷം നമ്മുടെ Rules of Procedure ഭേദഗതി ചെയ്തിട്ടില്ല. നമ്മുടെ നടപടിക്രമത്തിൽ ഈ ഭാഗം ഒരു സ്ഥലത്ത് നോക്കിയാൽ പോലും കാണില്ല. ഭരണഘടനയിൽ അത്തരം കാര്യങ്ങൾ പറയുന്നുണ്ട്. ഇപ്പോൾ നമ്മൾ അവലംബിക്കുന്ന മാർഗം കീഴ്വഴക്കങ്ങളാണ്.

നടപടി ചട്ടങ്ങളിലെവിടേയും അത് പറയാത്തതുകൊണ്ട് കീഴ്വഴക്കപ്രകാരം ഇപ്പോൾ ചെയ്തുവരുന്നത് ഡിമാൻഡുകളൊക്കെ പാസ്സായിക്കഴിഞ്ഞതിനുശേഷം ധനകാര്യ ബിൽ അവതരിപ്പിക്കുന്ന സിസ്റ്റം ശ്രീ. കെ. എം. മാണി മുതൽ മുൻമന്ത്രി ശ്രീ. കെ. ശങ്കരനാരായണൻ വരെയുള്ള ധനകാര്യ വകുപ്പുമന്ത്രിമാർ ഇവിടെ സ്വീകരിച്ചിട്ടുള്ളത്. ഇതിൽ നിന്നും വ്യത്യസ്തമായി ഇപ്പോൾ ചെയ്യുന്നതിനുള്ള എന്തുകാരണമാണ് ഇവിടെയുണ്ടായത് എന്നാണ് സഭയ്ക്ക് അറിയേണ്ടത്. ബി.എ.സി. യോഗത്തിൽ ഈ പ്രശ്നം ചർച്ച ചെയ്തു എന്നുള്ളത് ശരിയാണ്. ഈ ബിൽ ഇപ്പോൾ നോക്കിയാൽ സങ്കീർണ്ണമായ ഒരു സ്ഥിതിയിലാണ് കാണുന്നത്. 10 കോടി രൂപയുടെ നികുതി നിർദ്ദേശമാണ് പറഞ്ഞതെങ്കിൽ ഇതെല്ലാം ഇപ്പോൾ പ്രാവർത്തികമാകുമ്പോൾ 1000 കോടി രൂപയുടെ ബാധ്യത ഈ സംസ്ഥാനത്തെ ജനങ്ങളുടെമേൽ വന്നുചേരും. 10 കോടിയല്ല ഇതു വായിച്ചുനോക്കുമ്പോൾ കാണുന്നത്. ഓരോ ദിവസവും ഭേദഗതി വരുത്തിക്കൊണ്ട് വന്നിരിക്കുന്ന ഈ മാറ്റം പ്രാവർത്തികമാക്കുമ്പോൾ വലിയതോതിലുള്ള വ്യത്യാസം വരാൻ പോവുകയാണ്. ഇത് ധൃതിപിടിച്ച് പാസ്സാക്കുമ്പോൾ സംഭവിക്കാൻ പോകുന്നത് വാറ്റ് ബിൽ ചർച്ച ചെയ്തപ്പോൾ വേണ്ടത്ര ചർച്ച ചെയ്യാതെ, പ്രതിപക്ഷത്തുനിന്നും സംസാരിക്കാൻ സമയം കിട്ടാതെ അന്ന് അയച്ചതിന്റെ ഫലമായി ഗവർണ്ണർ ആ വാറ്റ് ബിൽ തിരിച്ചയയ്ക്കുന്ന സാഹചര്യമുണ്ടായി. ഇപ്പോൾ വാറ്റിനെ സംബന്ധിച്ചുതന്നെയാണ് ഈ ബിൽ പരിശോധിക്കുമ്പോൾ കാണുന്നത്. ഈ സങ്കീർണ്ണമായ ബിൽ സംബന്ധിച്ച് വേണ്ടത്ര പരിശോധിച്ചുകൊണ്ട് തീരുമാനമെടുക്കുന്നില്ലെങ്കിൽ പല പ്രശ്നങ്ങളും നമുക്ക് നേരിടേണ്ടതായി വരും. ഇപ്പോൾ തന്നെ ഈ ബില്ലിന്റെ മലയാളത്തിലുള്ള കോപ്പി നമുക്ക് കിട്ടിയില്ല. മറ്റെല്ലാ ബില്ലുകളുടേയും കോപ്പി മലയാളത്തിൽ കിട്ടുന്നുണ്ട്. മലയാളം ഔദ്യോഗിക ഭാഷയാക്കി, അതിനുള്ള നടപടിക്രമങ്ങൾക്കുവേണ്ടി കമ്മിറ്റി രൂപീകരിച്ചു. ബഹുമാനപ്പെട്ട ചെയർ അതിന്റെ അധ്യക്ഷനായിട്ട് പ്രവർത്തിച്ച ആളാണ്. അങ്ങ് ആ ചെയറിൽ വന്നിരിക്കുന്ന സമയത്ത് ബില്ലിന്റെ മലയാളം കോപ്പി ഞങ്ങൾക്ക് കിട്ടിയില്ലെന്നു പറയുന്നത്, ഇതെല്ലാം കൈകാര്യം ചെയ്യുന്നത് വേണ്ടത്ര പരിശോധിച്ചുകൊണ്ടല്ല എന്നുള്ളതുകൊണ്ടാണ്. ബി.എ.സി. ഇതു സംബന്ധിച്ച് തീരുമാനമെടുത്തിട്ട് ദിവസമെത്രയായി? ബി.എ.സി.യുടെ തീരുമാനം വന്നുകഴിഞ്ഞാൽ, ഇന്ന് ഈ ബിൽ ഇവിടെ അവതരിപ്പിക്കുമെന്ന് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. വക്കംപുരുഷോത്തമന് അറിയാത്തതാണോ?

LIBRARY ARCHIVES Kerala Legislative Assembly

ഇത് അറിഞ്ഞുകൊണ്ടു എന്തുകൊണ്ട് കബളിപ്പിച്ചു? അപ്പോൾ വേണ്ടത്ര ചർച്ച ഈ നിയമസഭയിൽ നടക്കരുത് എന്നാണ് ഉദ്ദേശിക്കുന്നത്. ആളെ കബളിപ്പിച്ചുകൊണ്ട് ചുളുവിൽ ഇത് പാസ്സാക്കിയെടുത്തുകൊണ്ടു പോകാനുള്ള വിദ്യയാണ് ഇവിടെ പ്രയോഗിക്കുന്നത്. വേണ്ടത്ര ഭേദഗതി കൊടുക്കാൻപോലും ഞങ്ങൾക്ക് സമയം കിട്ടിയോ? ഇവിടെ കുറച്ച് ഭേദഗതികളാണ് വന്നിരിക്കുന്നത്. ഈ ബിൽ നോക്കിയാൽ നിരവധി ഭേദഗതികൾ കൊടുക്കേണ്ടതാണ്. യഥാർത്ഥത്തിൽ ഇത് പരിശോധിച്ച് ഭേദഗതി കൊടുക്കാനുള്ള സമയംപോലും കൊടുക്കാതെ, ഇതിൽ ഭേദഗതിയൊന്നുമില്ലാതെ ചുളുവിൽ ഈ ബിൽ പാസ്സാക്കിയെടുത്ത് 1000 കോടി രൂപയുടെ ബാധ്യത സംസ്ഥാനത്തെ ജനങ്ങളുടെമേൽ അടിച്ചേല്പിക്കാൻവേണ്ടിയുള്ള ഗൂഢാലോചനയാണ് ഇതിന്റെ പിന്നിൽ പതിയിരിക്കുന്നത്. അതുകൊണ്ടാണ് വേണ്ടത്ര ചർച്ച വേണ്ട എന്നുള്ള നിലയിൽ മലയാളം കോപ്പി തരാതിരിക്കുക, ചർച്ചകൾക്കെല്ലാം സമയം തരാതിരിക്കുക, വകുപ്പു തിരിച്ചുള്ള ചർച്ച കട്ട് ചെയ്യുക, അങ്ങനെയുള്ള നടപടിക്രമത്തിന് നമുക്ക് കൂട്ടുനിൽക്കാൽ സാധിക്കുകയില്ല. ബഹുമാനപ്പെട്ട ചെയർ ഇതിൽ ഇടപെടണം. ഇത് വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണെന്നുള്ളതുകൊണ്ട് നടപടിക്രമത്തിലൊന്നും പറയാത്ത ഒരു കാര്യം, കീഴ്വഴക്കമനുസരിച്ച് തുടർന്നുകൊണ്ടിരിക്കുന്നതുകൊണ്ട് ആ കീഴ്വഴക്കം കൂടി ലംഘിച്ച് വേണമോ എന്നുള്ള കാര്യം അങ്ങ് തീരുമാനിക്കണം.

ശ്രീ. എ.കെ. ബാലൻ: സർ, എല്ലാ നിയമസഭാ സാമാജികന്മാരും ഈ നടപടിക്രമങ്ങളിൽ പങ്കാളികളാകാനും നിയമനിർമ്മാണത്തിൽ പങ്കാളികളാകാനുമുള്ള അവകാശമാണ് ഇവിടെ നിഷേധിക്കപ്പെടുന്നത്. ഇംഗ്ലീഷിൽ ഒരു ബിൽ പൈലറ്റുചെയ്തു കഴിഞ്ഞാൽ ഇംഗ്ലീഷിലേ ഞങ്ങൾക്ക് ഭേദഗതി കൊടുക്കാൻ പറ്റുകയുള്ളൂ. ബിൽ മലയാളത്തിൽ അല്ലാത്തിടത്തോളം കാലം ഭേദഗതി മലായാളത്തിൽ കൊടുക്കാൻ കഴിയില്ല. ഇവിടെ എല്ലാ മെമ്പർമാരും ഇംഗ്ലീഷ് അറിയാവുന്നവരല്ല. ഇംഗ്ലീഷ് അറിഞ്ഞുകൂടാത്തവർക്കും ഭേദഗതി കൊടുക്കാനുള്ള അവകാശമുണ്ട്. എല്ലാ സ്ഥലത്തും ആ അധികാരമുണ്ട്. ആ അർത്ഥത്തിൽ ഇവിടെ മലയാളം ട്രാൻസലേഷൻ വന്നതിനുശേഷം മാത്രം, മലയാളം മാത്രം അറിയാവുന്ന എം.എൽ.എ. മാർക്ക് ഭേദഗതി കൊടുക്കാനുള്ള സന്ദർഭം വേണ്ടേ? അത് നിഷേധിക്കപ്പെടുകയാണ്. അതുകൂടി ഒന്ന് പരിശോധിക്കണം.

ശ്രീ. ടി. എം. ജേക്കബ്: സർ, വളരെ പ്രധാനപ്പെട്ട ഒരു കാര്യത്തെ സംബന്ധിച്ച് അങ്ങയുടെ റൂളിംഗ് ഇപ്പോൾ ഉണ്ടാകുമെന്നുള്ള കാര്യത്തിൽ എനിക്ക് സംശയമില്ല. ഇവിടെ മിനിസ്റ്റർ പറഞ്ഞതുപോലെ ബി.എ.സി.യിൽ ചർച്ച ചെയ്ത് സഭയിൽ അവതരിപ്പിച്ചു. ആ റിപ്പോർട്ട് നമ്മൾ അഡോപ്റ്റുചെയ്തു. അഡോപ്റ്റു ചെയ്തപ്പോൾ സ്വാഭാവികമായും ഇന്നത്തെ ബിസിനസ് ഷെഡ്യൂൾ ചെയ്യപ്പെട്ടതു പ്രകാരം നടക്കണം. അത് സാങ്കേതികമായ ഒരു കാര്യമാണ്. അങ്ങ് ആണ് ബി.എ.സി.യുടെ ചെയർമാൻ. ആ ചെയർമാൻ സഭയിൽ വരുമ്പോൾ സ്പീക്കറാണ്. അപ്പോൾ കൂടുതൽ അധികാരങ്ങൾ മറ്റൊരു രൂപത്തിൽ അങ്ങയിൽ വെസ്റ്റ് ചെയ്യപ്പെടുന്നുണ്ട്. നിയമസഭയിൽ ധനകാര്യ ബിൽ അവതരിപ്പിക്കാൻ തുടങ്ങിയപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

നേരത്തേയുണ്ടായിരുന്ന സിസ്റ്റം മാറ്റി മുമ്പ് ബഡ്ജറ്റ് വരും, ബഡ്ജറ്റിൽ ധനകാര്യ വകുപ്പുമന്ത്രി taxation proposals പറയും, അപ്പോൾ പല ആക്ടുകളും അമെന്റു ചെയ്യേണ്ടിവരും. ഈ നിയമങ്ങളൊക്കെ അമെന്റുചെയ്തു വരുമ്പോഴേക്കും ബഡ്ജറ്റിൽ പ്രഖ്യാപിച്ച പല നികുതികളും നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യം വരുമായിരുന്നു. അതുകൊണ്ടാണ് കേരള നിയമസഭയിൽ കേന്ദ്രത്തിലുള്ളതുപോലെ finance bill കൊണ്ടുവരാനുള്ള തീരുമാനമെടുത്തത്. അതേക്കുറിച്ച് ഈ സഭയിൽ നടന്ന ചർച്ചകൾ വളരെ വ്യക്തമായി എനിക്ക് ഓർമ്മയുണ്ട്, elaborate ആയി ഡിസ്ക്കഷൻ നടന്നു. അതിനുശേഷം സ്പീക്കർ കക്ഷിനേതാക്കളെ വിളിച്ചുകൂട്ടി ചർച്ചകൾ നടത്തി. അതിനുശേഷമാണ് ഇതിനൊരു procedure നമ്മൾ adopt ചെയ്തത്. അതൊരു കീഴ്വഴക്കമായി ഇവിടെ നിൽക്കുന്നുണ്ട്. ഇപ്പോൾ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ചൂണ്ടിക്കാണിച്ചതുപോലെ Rules of Procedure-ൽ ഇതിനെ സംബന്ധിച്ച് എന്തെങ്കിലും ചട്ടങ്ങൾ പ്രത്യേകിച്ച് എടുത്തുപറയുന്നില്ല. പക്ഷേ സഭയിലുള്ള കീഴ്വഴക്കം അനുസരിച്ച് ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് പ്രസംഗം കഴിഞ്ഞതിനുശേഷം ധനകാര്യ ബിൽ അവതരിപ്പിക്കുമ്പോൾ ആ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞ എല്ലാ taxation proposals-ഉം നിലവിൽ വരും. ഇതൊരു പ്രധാനപ്പെട്ട വിഷയമാണ്, ബി.എ.സി.യിൽ ഞാനത് ചൂണ്ടിക്കാണിച്ചതാണ്. ഒന്ന്, demand discussion കഴിഞ്ഞ് appropriation bill ഇവിടെ പാസ്സാകുമ്പോഴാണ് പൂർണ്ണമായും ഈ ബഡ്ജറ്റിന് അംഗീകാരമാകുന്നത്. അതിനുശേഷമാണ് ധനകാര്യ ബിൽ ഇവിടെ ചർച്ചക്ക് എടുത്തിട്ടുള്ളത്. ഇനി അതിൽ നിന്നും വ്യത്യസ്തമായി എന്തെങ്കിലും പ്രത്യേകമായ സാഹചര്യത്തിൽ ഇപ്പോൾ ഈ ബിൽ മാറ്റുന്നുവെങ്കിൽ അത് ഈ സഭയുടെ കീഴ്വഴക്കമായി മാറും. അതുകൊണ്ട് വളരെ ഗൗരവമായ ഒരു വിഷയമാണിത്. വാസ്തവത്തിൽ അന്ന് ബി.എ.സി.യിൽ മറ്റൊരു അവസരത്തിൽ എടുക്കാൻ തീരുമാനിച്ചാൽ മതിയായിരുന്നു. പക്ഷേ നമ്മൾ തീരുമാനിച്ചുപോയി. സഭ അത് അഡോപ്റ്റുചെയ്തു. ഇനി ഈ കാര്യത്തിൽ അന്തിമമായി ഒരു തീരുമാനമെടുക്കാനുള്ള അധികാരം അങ്ങേക്കും ഈ സഭയ്ക്കും മാത്രമാണ്. അതുകൊണ്ട് ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം ഈ സഭയിൽ വളരെ ഗഹനമായ ചർച്ച നടന്നിട്ടുള്ള പശ്ചാത്തലത്തിലും ഇപ്പോൾ ഇവിടെ ചൂണ്ടിക്കാണിച്ചിരിക്കുന്ന സാഹചര്യത്തിലും വളരെ ഗൗരവപൂർവ്വമായ ഒരു സമീപനം ഇക്കാര്യത്തിൽ സ്വീകരിക്കണം.

ശ്രീ. എം. എം. ഹസ്സൻ: സർ, ഞാൻ ഒരു അഭിപ്രായം പറയുകയാണ്. അങ്ങ് മലയാളം ഔദ്യോഗിക ഭാഷയാക്കുന്ന നിയമസഭാ സമിതിയുടെ ചെയർമാനായിരുന്ന ആളാണ്. ഞാൻ ആ വിഷയം കൈകാര്യം ചെയ്ത ആളുമാണ്. നമ്മുടെ recommendations-ൽ തന്നെ നിയമസഭയിൽ വരുന്ന ബില്ലുകളെ സംബന്ധിച്ച് മലയാളത്തിൽ ബില്ലുകൾ അവതരിപ്പിക്കണമെന്നും ചർച്ച ചെയ്യണമെന്നും നേരത്തേതന്നെ തീരുമാനമെടുത്തിട്ടുള്ളതാണ്. ഞാൻ ഒരു കാര്യം മാത്രമേ പറയുന്നുള്ളൂ. ഇതുപോലുള്ള ഒരു സുപ്രധാന ബിൽ മലയാളത്തിൽ ഇവിടെ സർക്കുലേറ്റ് ചെയ്യേണ്ടതാണ് എന്നാണ് എന്റേയും ശക്തമായ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ഒന്നാമത് ഇങ്ങനെയൊരു ചർച്ചയ്ക്ക് ഇപ്പോൾ പ്രസക്തിയേയില്ല. അങ്ങ് എങ്ങനെയാണ് ഇത് അനുവദിച്ചതെന്ന് എനിക്കറിയില്ല. നമ്മൾ എപ്പോഴാണ് ഒരു ബില്ലിനെ object ചെയ്യുന്നതെന്ന് നമ്മുടെ റൂളിൽ വളരെ ഭംഗിയായി പറഞ്ഞിട്ടുണ്ട്. റൂൾ 71-ൽ പറയുന്നത് If motion for leave to introduce a Bill is opposed, the Speaker after permitting, if he thinks fit, a brief explanatory statement from the member who moves and from the member who opposes the motion, may, without further debate, put the question:

Provided that where a motion is opposed on the ground that the Bill initiates legislation outside the legislative competence of the Assembly the Speaker may permit a full discussion thereon എന്നാണ്. അപ്പോൾ മാത്രമേയുള്ളൂ. Introduction-ൽ ആരെങ്കിലും പറഞ്ഞാൽ, അത് approach ചെയ്തുകഴിഞ്ഞാൽ, അപ്പോൾ തന്നെ വോട്ടിനിടണമെന്നാണ് റൂൾ 71-ൽ പറയുന്നത്. റൂൾ 79-ൽ പറയുന്നത് (1) After the presentation of the final report of a Select Committee on a Bill or a Subject Committee, as the case may be, the member-in-charge may move—

(a) that the Bill as reported by the Select Committee or the Subject Committee, as the case may be, be taken into consideration:

Provided that any member may object to its being so taken into consideration if a copy of the report has not been made available for the use of members for two clear days and such objection shall prevail, unless the Speaker, in his discretion, allows the report to be taken into consideration എന്നാണ്. ആ ഒരു കാരണത്താൽ മാത്രമേ അത് എതിർക്കാൻ കഴിയുകയുള്ളൂ. ഇപ്പോൾ ഈ കൺസിഡറേഷനിൽ നിങ്ങൾക്ക് രണ്ടു ദിവസത്തിനുമുമ്പ് കോപ്പി കിട്ടിയിട്ടുണ്ടോ ഇല്ലയോ എന്നുള്ളതിനും അതിനു സ്പീക്കർക്ക് മറുപടി പറയാനുമല്ലാതെ ഈ റൂളിൽ ഒന്നുമില്ല. ഒബ്ജക്ഷൻ വേണ്ടത് ആദ്യമാണ്. അതു പറയുന്നുണ്ട്. ഈ സ്റ്റേജിൽ ഒരൊറ്റ ഗ്രൗണ്ടിൽ മാത്രമേ ആർക്കും ഒബ്ജക്ട് ചെയ്യാൻ പാടുള്ളൂ. അതിനു റൂൾ വളരെ ക്ലിയറാണ്. I am on my legs. I am not yielding. അതുകൊണ്ട് അത് പ്രസക്തമേയല്ല. ഡോ. തോമസ് ഐസക് തന്നെ പറഞ്ഞു. ശക്തൻ ആന്റ് കൗളിൽ തന്നെ പറഞ്ഞിട്ടുണ്ട്. ഞാനതു വായിക്കുന്നില്ല.....(ബഹളം).....എന്തിനാണ് ബാർ ഇല്ലാത്തത്. There is no bar. ഫിനാൻസ് ബില്ലിന്റെ കാര്യത്തിനാണ്. സമയം കളയണമെന്നുണ്ടെങ്കിൽ ഞാൻ വായിക്കാം. There is however no statutory bar for considering a bill containing permanent taxation measures.....(ബഹളം).....ഇതു പെർമനന്റല്ല, before the demands for grants have been voted. അതിനു കേസ് ഏതാണ്? ഫിനാൻസ് ബിൽ അവതരിപ്പിച്ചതിന്റെ പേരിലാണ് പറയുന്നത്. ഫിനാൻസ്

11 A.M.]

LIBRARY ARCHIVES Kerala Legislative Assembly

ബില്ലിൽ ഇതിനു യാതൊരു ബാറുമില്ല. ഒന്നുരണ്ട് ഫാക്ട്സുണ്ട്. ബിൽ കൊടുത്തു വെങ്കിലും മെമ്പേഴ്സിനു സമയം കിട്ടിയില്ല എന്നുള്ള ഒരു ഫാക്ട് ഉണ്ട്. സമയം കിട്ടിയില്ലെങ്കിലും 360 അമെന്റുമെന്റുണ്ടായിരുന്നു, ഇവിടെ സംസാരിച്ച എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും അതിനു അമെന്റുമെന്റ് തന്നിട്ടുമുണ്ട്. ഇതിനു ഒരു ഡിസ്ക്ക്ഷൻ പോലും അനുവദിക്കാൻ പാടില്ലാത്തതാണ്. മലയാളത്തിലുള്ള കോപ്പി തരേണ്ടതു തന്നെയാണ്. It is not mandatory. പല ബില്ലുകളും നമ്മൾ ഇംഗ്ലീഷിൽ പാസ്സാക്കിയിട്ടുണ്ട്. ചിലതിന്റെ അത്യാവശ്യം അനുസരിച്ചും, ബില്ലിന്റെ സ്വഭാവം അനുസരിച്ചും അർജൻസി അനുസരിച്ചും ഇംഗ്ലീഷിൽ ഡിബേറ്റു ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട എം. എം. ഹസ്സൻ ഇപ്പോൾ ആദ്യം കാണുകയാണെന്നു തോന്നുന്നു. ഭരണഘടനാപരമായ കാര്യങ്ങൾകൂടി നമ്മൾ നോക്കണം. ഇത് ഏപ്രിൽ 1-ാം തീയതി മുതൽ നടപ്പിലാക്കേണ്ടതാണ്. ഏപ്രിൽ 1-ാം തീയതി തൊട്ട് ഇതിന്റെ പ്രൊവിഷനെല്ലാം നടപ്പിലാക്കണമെങ്കിൽ, ഇപ്പോഴേ ഇത് പാസ്സാക്കി, ഇതിന്റെ റൂളും ചട്ടവുമെല്ലാം അംഗീകരിച്ചു വന്നാൽ മാത്രമേ, ഇതിൽ പലതും 1-ാം തീയതി നടപ്പിലാക്കാൻ പറ്റൂ. അല്ലെങ്കിൽ 1-ാം തീയതി നടപ്പിലാക്കാൻ പറ്റില്ല. അതുകൊണ്ടാണ് ഇത് നേരത്തെ എടുക്കുന്നത്. കേരളത്തിൽ മാത്രമല്ല പല ഹൗസുകളിലും ഇതു നേരത്തെ പാസ്സാക്കുന്നുണ്ട്. പത്തു മുപ്പതു കൊല്ലത്തിനുശേഷം ആദ്യമായിട്ടാണ് മുഴുവൻ ബഡ്ജറ്റും പാസ്സാക്കുന്നത്. ഇപ്പോൾ ഫിനാൻസ് ബിൽ പാസ്സാക്കിയാൽ മാത്രമേ അതു സാധ്യമാകുകയുള്ളൂ. അല്ലെങ്കിൽ ഭരണ സ്തംഭനമാണ് ഉണ്ടാകാൻ പോകുന്നത്. അതുകൊണ്ട് ഇന്നുതന്നെ അതെടുക്കണമെന്നു ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്. There is absolutely no bar.

(b) റൂളിംഗ്

മി. സ്പീക്കർ: എല്ലാവരും പറയുന്ന കാര്യങ്ങൾ കേട്ടു. വളരെ ഗൗരവതരമായ പോയിന്റുകളാണ് ഇവിടെ പലരും ഉന്നയിച്ചത്. അത് സാങ്കേതികമായി, ഈ സമയത്ത് ഉന്നയിക്കണമോ വേണ്ടയോ എന്ന ഒരു തലനാരിഴ വാദത്തിന്റെ അടിസ്ഥാനത്തിൽ, ഞാൻ എന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കാതിരിക്കാൻ ഉദ്ദേശിക്കുന്നില്ല. ഇവിടെ എല്ലാവരും പറഞ്ഞതുപോലെ, കോൺസ്റ്റിറ്റ്യൂഷണൽ ആയിട്ടു പറയുകയാണെങ്കിൽ ധനകാര്യ ബില്ലിനെപ്പറ്റി പറയുന്നത് ആർട്ടിക്കിൾ 207-ലാണ്. അതിൽ പറയുന്നത്, (i) shall not be introduced or moved except on the recommendation of the Governor (ii) shall not be introduced in Legislative Council ആ രണ്ടു കണ്ടീഷൻസാണ് നിർബന്ധമായും ആർട്ടിക്കിളിൽ പറഞ്ഞിട്ടുള്ളത്. ആ ഒരു തടസ്സം ഇവിടെയില്ല. മെമ്പർമാർ സൂചിപ്പിച്ചതുപോലെ ഇവിടെ റൂളുകളിലും, ചട്ടങ്ങളിലും ക്ലിപ്തമായ നടപടിക്രമം രൂപീകരിച്ചിട്ടുമില്ല. പക്ഷേ ഇതുവരെ ചെയ്യാറുള്ള ഒരു സമ്പ്രദായം, ഫിനാൻസ് ബില്ലിനു മുമ്പ് മറ്റു നടപടികൾ നടത്തും. ഇനി മലയാളത്തിന്റെ കാര്യം പറയാം. ഫിനാൻസ് ബില്ലിൽ അമെന്റു ചെയ്യാൻ ഉദ്ദേശിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ആറു ബില്ലുകളുടെ, ഒറിജിനലുകൾ ഇംഗ്ലീഷിലാണ്. പക്ഷേ അതേ സമയത്തു തന്നെ, നമ്മുടെ സർക്കാരിന്റെ നയമനുസരിച്ച്, മെമ്പർമാരുടെ സൗകര്യമനുസരിച്ച്, മലയാളത്തിൽ ബില്ലുകൾ വിതരണം ചെയ്യണമെന്ന കാര്യം വളരെ അംഗീകരിക്കപ്പെടേണ്ട ഒരു വസ്തുതയാണ്. ഇന്നലെ ഈ നോട്ടീസ് കിട്ടിയപ്പോൾ തന്നെ അക്കാര്യം ധനകാര്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി. അദ്ദേഹം അതിനു നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നു പറഞ്ഞു. സാങ്കേതികമായ പദപ്രയോഗങ്ങൾ ആയതുകൊണ്ട് വളരെ എളുപ്പത്തിൽ അതു കിട്ടാനുള്ള പ്രയാസം നേരിട്ടു എന്ന് അദ്ദേഹം എന്നോടു വിശദീകരിച്ചു. എന്തായാലും കാരണങ്ങൾ ശരിയാകാം എങ്കിലും മെമ്പർമാർക്ക് മലയാളത്തിൽ കോപ്പി കിട്ടാനുള്ള അവകാശം നിഷേധിക്കുന്നത് ശരിയല്ല. അക്കാര്യത്തിൽ എല്ലാവരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ് എന്നാണ് മലയാളം തർജ്ജിമയെ സംബന്ധിച്ച് എനിക്ക് പറയാനുള്ളത്. മറ്റു പ്രധാനപ്പെട്ട, സാങ്കേതികമായ പ്രശ്നത്തെക്കുറിച്ചു പറയുകയാണെങ്കിൽ, കോൺസ്റ്റിറ്റ്യൂഷനിൽ, ഇതിന്റെ ആർട്ടിക്കിളിനെപ്പറ്റി പറഞ്ഞു, നമ്മുടെ റൂളുകളിൽ, ഇതിനെപ്പറ്റി പറഞ്ഞിട്ടില്ല. ശ്രീ. ടി. എം. ജേക്കബ് പറഞ്ഞതുപോലെ ആദ്യത്തെ നടപടിക്രമം ഇതല്ലാതിരുന്നതുകൊണ്ടായിരിക്കണം അങ്ങനെയൊരു lacuna അവിടെ വന്നത്. ഇതിനെപ്പറ്റി പരാമർശിക്കാൻ ഇടവരാതിരുന്നത് അതുകൊണ്ടായിരിക്കാം. ഏതായാലും ഇന്നിവിടെ ഉന്നയിച്ച ഈ പ്രത്യേക സാഹചര്യത്തിൽ റൂളുകളെപ്പറ്റിയും നടപടിക്രമങ്ങളെപ്പറ്റിയും ഒന്നുകൂടി സംശയാസ്പദമല്ലാത്ത വിധത്തിൽ വിശദീകരിക്കേണ്ട കാര്യത്തെക്കുറിച്ചും റൂളുകളുടെ ഭേദഗതികളെപ്പറ്റിയും നമുക്ക് ബിസിനസ്സ് അഡ്വൈസറി കമ്മിറ്റി യോഗം ചേർന്ന്, ചർച്ച ചെയ്യാം. അതേ സമയം ഇപ്പോഴത്തെ നിലപാടുകൾ അനുസരിച്ചാണെങ്കിൽ എല്ലാ മെമ്പർമാരും പറഞ്ഞതനുസരിച്ച് നിയമാനുസരണം ഒരു വിലക്ക് ഇല്ല. നടപടിക്രമം അനുസരിച്ച് കീഴ്വഴക്കം മറ്റേ നിലയ്ക്കുമാണ്. ഇതെല്ലാവരും സമ്മതിക്കുന്ന കാര്യമാണ്. പിന്നെ എന്തുകൊണ്ട് ഇപ്പോൾ ഇങ്ങനെ വന്നു എന്നത് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി വിശദീകരിച്ചു. വാറ്റ് നിയമം അടുത്ത 1-ാം തീയതി പ്രാബല്യത്തിൽ വരുത്തേണ്ടതാണ്. അതിനു മുമ്പ് ചട്ടങ്ങൾ രൂപീകരിച്ചില്ലെങ്കിൽ പ്രായോഗികമായ പ്രശ്നങ്ങൾ വരും. ഈയൊരു സാഹചര്യം കണക്കിലെടുക്കുമ്പോൾ അനിതര സാധാരണമായ ഒരു പ്രത്യേക സാഹചര്യം എന്ന നിലയ്ക്ക് നമ്മൾ അതിന് ഒരു തടസ്സവാദം ഉന്നയിച്ചു. കീഴ്വഴക്കങ്ങൾ, ഓരോ സന്ദർഭങ്ങളിലാണ് ഉണ്ടാകുന്നത്. ഇപ്പോഴത്തെ പ്രത്യേക സാഹചര്യം കണക്കിലെടുക്കുമ്പോൾ, അതായത് അനിതര സാധാരണമായ ഒരു സാഹചര്യത്തിൽ, റൂളുകൾ ഈ മാസം തന്നെ ഭേദഗതി ചെയ്യേണ്ടതുള്ളതുകൊണ്ടും, പ്രായോഗികമായി ഉണ്ടാകുന്ന ചില ബുദ്ധിമുട്ടുകൾ ഉള്ളതുകൊണ്ടും, നേരത്തെ തന്നെ ബി.എ.സി. തീരുമാനിച്ച് ഇവിടെ അംഗീകരിച്ചു വന്ന സാഹചര്യത്തിലും, എല്ലാ അംഗങ്ങളും ഉന്നയിച്ച കാര്യങ്ങളിൽ കഴമ്പുണ്ടെന്ന് സമ്മതിക്കുന്നതോടൊപ്പം തന്നെ ഒരു പ്രത്യേക സാഹചര്യത്തിൽ ഈ തടസ്സവാദങ്ങൾ ഞാൻ uphold ചെയ്യുന്നില്ല. ബിൽ അവതരിപ്പിക്കാനുള്ള അനുവാദം നൽകുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

നിയമനിർമ്മാണകാര്യം (തുടർച്ച)

ശ്രീ. ടി. കെ. ബാലൻ : സർ, ഞാൻ 2005-ലെ ഫിനാൻസ് ബില്ലിനുള്ള വിയോജനക്കുറിപ്പ് രേഖപ്പെടുത്തുന്നു. വളരെ പ്രധാനമായി ഈ വരുന്ന ഏപ്രിൽ ഒന്നാം തീയതി മുതൽ ഇൻഡ്യയിലാകെ വാല്യു ആഡഡ് ടാക്സ് നടപ്പിലാക്കാൻ പോകുകയാണ്. ഇതിൽ മറ്റ് മൂന്നുനാല് ഭേദഗതികൾ ഉണ്ടെങ്കിലും അതായത് സ്റ്റാമ്പ് ആക്റ്റിനെ സംബന്ധിച്ചും ഇൻകംടാക്സിനെ സംബന്ധിച്ചും അഗ്രിക്കൾച്ചറൽ ഇൻകംടാക്സിനെ സംബന്ധിച്ചൊക്കെയുണ്ടെങ്കിലും പ്രധാനമായി വാറ്റുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്. ഇതുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ ഇവിടെ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇതിന്റെ പശ്ചാത്തലം തന്നെ പരിശോധിച്ചാൽ 1960-ൽ ബ്രസീലിലാണ് വാറ്റ് നിയമം കൊണ്ടുവന്നത്. ഇപ്പോൾ 153 രാഷ്ട്രങ്ങളിൽ നടപ്പാക്കിയിട്ടുണ്ട്. ഇൻഡ്യയിൽ ഇപ്പോൾ നടപ്പിലാക്കാൻ പോകുകയാണ്. എനിക്ക് ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ള ഒരു കാര്യം ഇപ്പോൾ ഇൻഡ്യയിലെ ഒരു കേന്ദ്ര ഭരണപ്രദേശമായ പോണ്ടിച്ചേരിയിൽ ഏപ്രിൽ മാസം ഒന്നാം തീയതി മുതൽ വാറ്റ് നിയമം നടപ്പിലാക്കില്ലെന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്. വാറ്റ് കേരളത്തിൽ നടപ്പിലാക്കിയാൽ എന്ത് സംഭവിക്കുമെന്ന് കേരളം ചിന്തിക്കണം. കാരണം നമുക്കറിയാം കണ്ണൂരിന് തൊട്ടടുത്താണ് മാഹി, പോണ്ടിച്ചേരിയുടെ ഒരു ഭാഗം. ആ മാഹി ഇന്നും കേരളത്തിന് അർഹമായി കിട്ടേണ്ട ടാക്സ് വെട്ടിച്ചുകൊണ്ടിരിക്കുകയാണ്. ലിക്കറിന്റെ കാര്യത്തിലായാലും, ഇലക്ട്രോണിക്സ് ഗുഡ്സിന്റെ കാര്യത്തിലായാലും, ഇലക്ട്രിക്കൽ ഗുഡ്സിന്റെ കാര്യത്തിലായാലും മോട്ടോർ വാഹനങ്ങളുടെ കാര്യത്തിലായാലും പോണ്ടിച്ചേരിയിൽ നിന്നുള്ള സാധനങ്ങൾ ഇവിടെ ഇറക്കുമതി ചെയ്ത് വലിയ തോതിൽ കച്ചവടം നടത്തുകയാണ്. ഇവിടെ 134 ലിക്കർ ഷാപ്പുകൾ ഉണ്ട്. ലിക്കർ വലിയ തോതിൽ കച്ചവടം നടക്കുകയാണ്. ലിക്കർ ഷാപ്പുകളിൽ കൊണ്ടുവരുന്ന മദ്യം മുഴുവൻ മാഹിയിലുള്ള ആളുകൾ കുടിച്ചുതീർക്കുകയില്ല. എന്നാൽ ഒന്നാമത്തെ ദിവസം തന്നെ ആ നാട്ടിലെ ആൾക്കാർ എല്ലാം ചത്തുപോയേനെ. പക്ഷെ ആ ലിക്കർ മുഴുവൻ കേരളത്തിന്റെ അതിർത്തിയിലേക്ക് വരുകയാണ്. കോഴിക്കോട് ജില്ലയിലും കണ്ണൂർ ജില്ലയിലും കാസർഗോഡ് ജില്ലയിലും പോകുകയാണ്. അതുപോലെതന്നെ ഇലക്ട്രിക് സാധനങ്ങളും. മലബാർ പ്രദേശത്തുള്ള എല്ലാ വീടുകളുടേയും എണ്ണമെടുത്തിട്ട് ഇവിടെ ഫ്രിഡ്ജ് കൊണ്ടുവന്നു സ്റ്റോക്ക് ചെയ്യുന്നുണ്ട്. അതുപോലെതന്നെ ടി.വി. സ്റ്റോക്ക് ചെയ്യുന്നുണ്ട്. ഇതിനൊക്കെ വലിയ തോതിലുള്ള ടാക്സ് കേരളത്തിന് കിട്ടേണ്ടതാണ്. അപ്പോൾ പോണ്ടിച്ചേരി ഈ വാറ്റ് നെറ്റ്വർക്കിൽ വരുന്നില്ലെങ്കിൽ എന്തായിരിക്കും സ്ഥിതിയെന്നുള്ളത് ഗൗരവതരമായി കാണണം. ഹരിയാന സ്റ്റേറ്റ് ഇതിനുമുൻപെ വാറ്റ് നിയമം പാസ്സാക്കി. അവിടെയൊക്കെ കൂടുതൽ ടാക്സ് കിട്ടിയെന്നാണ് പറയുന്നത്. നമ്മുടെ കാര്യങ്ങൾ നമ്മൾ ആലോചിക്കേണ്ടതായിട്ടുണ്ട്. ഇപ്പോൾ തിരക്കുപിടിച്ച് പാസ്സാക്കുമ്പോൾ അതിന്റെ റൂൾസ് മറ്റു കാര്യങ്ങളൊക്കെ മന്ത്രി ഇവിടെ പറഞ്ഞു. മറ്റൊരു കാര്യം പറയാനുള്ളത് നിലവിലുള്ള ടാക്സ് വിംഗിൽ നിന്ന് ഡീലിങ്ക് ചെയ്തുകൊണ്ടുള്ള ഒരു ഓഡിറ്റ് വിംഗ് ഇതിനുവേണം. ഇത് വളരെ പ്രധാനമാണ്. ഏപ്രിൽ ഒന്നാം തീയതി മുതൽ കേരളത്തിൽ ഫംഗ്ഷൻ ചെയ്യണം. എന്നാൽ മാത്രമേ കച്ചവടക്കാരുടെ താൽപര്യം യഥാർത്ഥത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

അവർ എത്ര ടാക്സ് കൊടുത്തു, ഇനി അവർക്ക് എന്ത് set-off ചെയ്തു കിട്ടണമെന്നുള്ളതൊക്കെ വളരെ fool proof ആയിട്ട് പ്രവർത്തിക്കണം. അതൊക്കെ കൃത്യമായി പരിശോധിക്കാൻ random checking ആയിരുന്നാലും ഒരു ആഡിറ്റ് വിംഗ് അടിയന്തിരമായി വേണം. അത് നിലവിലുള്ള ടാക്സ് ഡിപ്പാർട്ടുമെന്റിൽ നിന്ന് ഡീലിങ്ക് ചെയ്തുകൊണ്ടുള്ള ഒരു ആഡിറ്റ് വിംഗിനെ സംബന്ധിച്ച് ഒന്നും പറയുന്നില്ലെന്നുള്ളത് ഗൗരവതരമായ കാര്യമാണ്. മറ്റൊന്ന് കേരളം പോലുള്ള ഒരു സംസ്ഥാനത്തിന്റെ പ്രത്യേകത എന്താണെന്നു വച്ചാൽ 95 ശതമാനത്തോളം കൺസ്യൂമർ ഗുഡ്സും മറ്റ് സ്റ്റേറ്റുകളിൽ നിന്നാണ് വരുന്നത്. നമ്മൾ മറ്റ് സ്റ്റേറ്റുകളെ ആശ്രയിച്ച് ജീവിക്കുന്നവരാണ്. നെൽക്കൃഷിക്കാരുടെ കാര്യങ്ങൾ സംസാരിച്ചപ്പോൾ നമ്മൾ കണ്ടില്ലേ? നമുക്ക് ഇവിടെ ഉൽപ്പാദിപ്പിക്കപ്പെടുന്ന നെല്ല് നമ്മുടെ ആവശ്യത്തിന്റെ 25 ശതമാനത്തിനുപോലും തികയില്ല. ഉപ്പ് മുതൽ കർപ്പൂരംവരെയുള്ള സാധനങ്ങൾ മറ്റ് സ്റ്റേറ്റുകളിൽ നിന്നും വരണം. ഫലത്തിൽ ഒരു കൺസ്യൂമർ സ്റ്റേറ്റാണ് നമ്മുടേത്. അങ്ങനെയുള്ള കൺസ്യൂമർ സ്റ്റേറ്റിൽ അത്യാവശ്യമായിട്ട് ഇന്ന് നിലനിൽക്കുന്ന പല ഇൻസെന്റീവുകളും നിലനിർത്തേണ്ടതായിട്ടുണ്ട്. പല സാധനങ്ങൾക്കുള്ള ഇൻസെന്റീവുകളും നിലനിർത്തേണ്ടതായിട്ടുണ്ട്. അത് അഖിലേന്ത്യാ അടിസ്ഥാനത്തിലുള്ള ഷെഡ്യൂളിൽ പ്പെടില്ല എന്നുപറഞ്ഞ് ഈ രൂപത്തിലുള്ള സഹായങ്ങൾ കൊടുക്കുന്നത് നിഷേധിക്കപ്പെടരുത്. ഉദാഹരണത്തിന് സ്മോൾസ്കെയിൽ ഇൻഡസ്ട്രീസിനെക്കുറിച്ച് പറയുകയാണ്. എസ്.എസ്.എ. യൂണിറ്റ് മാത്രമല്ല ഇന്ന് കേന്ദ്ര ഗവൺമെന്റുതന്നെ എസ്.എസ്.ബി.ഇ. അതായത് സ്മാൾ സ്കെയിൽ സർവ്വീസ് ആന്റ് ബിസിനസ്സ് എന്റർപ്രൈസസ് അത്തരത്തിലുള്ള നിരവധി യൂണിറ്റുകളും സംവിധാനങ്ങളും നമ്മുടെ നാട്ടിൽ വരികയാണ്. ഇവരെ സംബന്ധിച്ചിടത്തോളം പ്രത്യേകമായിട്ടുള്ള ഇൻസെന്റീവുകളെക്കുറിച്ച് ആലോചിക്കേണ്ടതായിട്ടുണ്ട്. മറ്റൊന്ന് ലിക്കറും, ലോട്ടറി ടാക്സും, പെട്രോളും, ഡീസലും, ഏവിയേഷൻ ടർബൻ ഫ്യുവലും ഒക്കെ വാറ്റ്-ൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു. എനിക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് പറയുവാനുള്ളത് കഴിഞ്ഞ തവണ നമ്മൾ കേരളത്തിൽ ഏവിയേഷൻ ടർബൻ ഓയിലിൽ, വിദേശത്തേക്കൊക്കെ പോകുന്ന മലയാളികളിൽ നിന്നെല്ലാം ഗൾഫിലേക്കുള്ള വിമാനയാത്രയ്ക്ക് കൂലി കൂടുതൽ വാങ്ങിക്കുന്നു. അപ്പോൾ കേന്ദ്ര ഗവൺമെന്റ് പറഞ്ഞു, അടിയന്തിരമായി ഈ aviation fuel നുള്ള ടാക്സ് കേരളം കുറച്ചാൽ നമ്മൾ അതിനെപ്പറ്റി ആലോചിക്കാമെന്ന്. അങ്ങനെ 30 കോടി രൂപ കേരളം നഷ്ടപ്പെടുത്തി. ഈ വിമാന aviation fuel-നുവേണ്ടി ഇപ്പോൾ 34 ശതമാനമാക്കി ചുരുക്കി. 30 കോടി രൂപ നഷ്ടമുണ്ടാക്കി. ഒരു സിംഗിൾ പൈസ പോലും കേന്ദ്ര ഗവൺമെന്റ് ഗൾഫിലേക്കോ വിദേശത്തേക്കോ കേരളത്തിൽ നിന്നു പോകുന്ന ഒരു വിമാനയയാത്രയ്ക്കുപോലും കുറവു വരുത്തിയില്ല, നമ്മളെ പറ്റിക്കുകയാണ് ചെയ്തത്. അതുകൊണ്ട് ഈ രൂപത്തിലുള്ള ഒരു കൺസിഡറേഷനും aviation turban fuel-നെ സംബന്ധിച്ച് വേണ്ടതില്ല. ആദ്യം 46 ശതമാനമാണെന്നാണ് എനിക്ക് തോന്നുന്നത്. ഈ രൂപത്തിൽ കേരളത്തെ പറ്റിച്ച് 30 കോടി രൂപ നഷ്ടം വരുത്തിയിട്ടുണ്ട്. മറ്റൊന്ന് ten commodities-നെ മാത്രമേ നമുക്ക് tax exempted category-ൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. അഖിലേന്ത്യാ അടിസ്ഥാനത്തിലുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

Empowered Committee -യുടെ റിപ്പോർട്ടെല്ലാം അങ്ങനെയാണ്. അതൊരു ten commandments പോലെ നമ്മുടെ തലയിൽ വന്നിരിക്കുകയാണ്. അടിയന്തിരമായി കേരളാ ഗവൺമെന്റ് Empowered Committee-യെ സമീപിച്ച് കേരളമെന്ന് പറഞ്ഞാൽ educated, unemployed ആയിട്ടുള്ള പാവപ്പെട്ട തൊഴിലാളികൾ ഉള്ളതാണ്. കുടുംബശ്രീയുടെ വിജയംതന്നെ അതല്ലേ. ഏറ്റവും കൂടുതൽ ദരിദ്രരായ തൊഴിലില്ലാത്ത സ്ത്രീകൾ ഉള്ളതാണ്. D.W.C.R. സ്കീം ഉണ്ട്. സ്ത്രീകൾക്കുള്ള പഴയ കേന്ദ്ര സ്കീമാണ്. Poverty line-ന് താഴെയുള്ള അവർക്ക് ഒരുപാട് യൂണിറ്റുകളുണ്ട്. ഗാർമെന്റ്സ് മേക്കിംഗുണ്ട്, ആന്റിനയുണ്ടാക്കുന്നുണ്ട്, ഹോട്ടൽ കച്ചവടം നടത്തുന്നവരുണ്ട്, പ്രസ്സ് നടത്തുന്നവരുണ്ട്. അതുകൊണ്ട് കേരളത്തിന്റെ പ്രത്യേകത കണക്കിലെടുക്കണം ഇതിനെപ്പറ്റിതന്നെ പറയുന്നത്, local, social importance കണക്കിലെടുക്കണം എന്ന് വൈറ്റ് പേപ്പറിൽ പ്രത്യേകമായിട്ട് പറയുന്നുണ്ട്. അത് കണക്കിലെടുത്തുകൊണ്ട് included in this exempted categories set of maximum of ten commodities flexibly choosen by individual state from a list of goods finalised by the Empowered Committee which are of local social importance for the individual state without having any inter-state implication. നമ്മുടെ സംസ്ഥാനത്തിന്റെ സാമൂഹ്യ പ്രാധാന്യം കണക്കിലെടുക്കണമെന്നാണ്. അത് ഈ പത്തിൽ മാത്രം ഉൾപ്പെടരുത്. ഒരു flexibility നമ്മൾ നിശ്ചയിച്ച് കൊടുക്കണം. അത് വളരെ ശക്തമായി ധനകാര്യ വകുപ്പുമന്ത്രി Empowered Committee-യുടെ മുൻപാകെ കൊണ്ടുവരണം. നമ്മുടെ സംസ്ഥാനത്തിന്റെ സാഹചര്യം അവരെ വ്യക്തമായി പറഞ്ഞ് മനസ്സിലാക്കിക്കണം. സെൻട്രൽ ബഡ്ജറ്റിൽ 20,000 കോടി രൂപ തരുമെന്ന് പ്രധാനമന്ത്രി പറഞ്ഞിട്ട് പോയതാണ്. നമ്മൾ കൃത്യസമയത്ത് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടായിരുന്നെങ്കിൽ സെൻട്രൽ ബഡ്ജറ്റ് ഇത്രയും മോശമാകുമായിരുന്നില്ല. ഞാൻ ആ കാര്യങ്ങളിലേക്ക് കടക്കുന്നില്ല. അത് വേറെ വിഷയമാണ്. മറ്റൊന്ന് സെൻട്രൽ ടാക്സിന്റെ ഷെയറിനെ സംബന്ധിച്ചിടത്തോളം നമ്മൾ കാണേണ്ടത് 12-ാം ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിൽ ടാക്സിനെ സംബന്ധിച്ചിടത്തോളം പ്രധാനമായിട്ടുള്ള ഒരു ഭാഗമുണ്ട്. ആ ഭാഗം നമുക്ക് പരിശോധിച്ചാൽ കാണാൻ സാധിക്കും. നിലവിലുള്ള 30.5 ശതമാനം കുറച്ച് 29.5 ശതമാനമാക്കിയിരിക്കുകയാണ്. അതിന്റെ ഒരു ഭാഗത്ത് പറയുന്നത് ഷുഗറിനും ടെക്സ്റ്റയിൽസിനുമെല്ലാം സംസ്ഥാനത്തിന് ടാക്സ് കൂട്ടാനുള്ള സ്വാതന്ത്ര്യം കൊടുത്തിട്ടുണ്ട് എന്നാണ്. അതുകൊണ്ട് ഷെയർ കുറയ്ക്കണമെന്നാണ്. കേരളത്തിന്റെ പ്രത്യേകത കണക്കിലെടുത്തുകൊണ്ട് വാറ്റുമായി ബന്ധപ്പെട്ട് സെൻട്രൽ ടാക്സിൽ നിന്നും കിട്ടേണ്ട ഷെയറിന്റെ കുറവിനെ സംബന്ധിച്ച് കാര്യമായ ഒരു പരിശോധന വേണമെന്നാണ് എനിക്ക് പറയുവാനുള്ളത്. മറ്റൊരു കാര്യം പറയുവാനുള്ളത് വാറ്റുമായി ബന്ധപ്പെട്ടുകൊണ്ട്, നോർത്ത് ഈസ്റ്റേൺ സ്റ്റേറ്റുകളിൽ വാറ്റ് റിലേറ്റഡ് കംപ്യൂട്ടറൈസേഷന് കാശ് കൊടുത്തിട്ടുണ്ട്. നമ്മുടെ സെയിൽസ് ടാക്സിൽ കമ്പ്യൂട്ടറൈസേഷൻ പൂർണ്ണമായിട്ടില്ല, മാത്രവുമല്ല വാറ്റ് വരുന്ന സമയത്ത് അതിനനുസരിച്ചുള്ള മാറ്റങ്ങൾ വരുത്തേണ്ടതായിട്ടുണ്ട്. ചെറുകിട കച്ചവടക്കാർക്ക് അവരുടെ ട്രാൻസാക്ഷൻസ് ഫീഡ് ചെയ്യാൻ വേണ്ടി കംപ്യൂട്ടറൈസേഷൻ ആവശ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു പഞ്ചായത്തുതോറും അല്ലെങ്കിൽ താലൂക്കുതോറും കമ്പ്യൂട്ടറൈസേഷൻ നടത്തേണ്ടിവരുമെന്ന്. ഒരു ചെറുകിട കച്ചവടക്കാരന് കംപ്യൂട്ടർ വാങ്ങിവയ്ക്കാൻ സാധിക്കുകയില്ല. അതുകൊണ്ട് നോർത്ത് ഈസ്റ്റേൺ സ്റ്റേറ്റുകളിലെല്ലാംതന്നെ വാറ്റ് റിലേറ്റഡ് കംപ്യൂട്ടറൈസേഷനുവേണ്ടി കാശ് കൊടുക്കുന്നുണ്ട്. ഇതും നമ്മൾ ചോദിച്ച് വാങ്ങണം. നമ്മുടെ സംസ്ഥാനമെന്നു പറയുന്നത് കൊച്ച് സ്റ്റേറ്റും ഒരുപാട് സാധാരണക്കാരായ ട്രേഡേഴ്സ് ഉള്ളതുമാണ്. അതുകൊണ്ട് അവർക്ക് പ്രയോജനകരമാകത്തക്കവിധത്തിൽ ഇത് കൊണ്ടു വരേണ്ടതായിട്ടുണ്ട്. ടാക്സേഷൻ ഇൻഫർമേഷൻ എക്സ്ചേഞ്ച് സിസ്റ്റം വൈറ്റ് പേപ്പറിൽ പറഞ്ഞിട്ടുള്ള പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഇന്റർ സ്റ്റേറ്റ് ട്രേഡിനെപ്പറ്റിയുള്ള എല്ലാ കാര്യങ്ങളും ഫീഡ് ചെയ്ത് വയ്ക്കാൻവേണ്ടിയുള്ള ടാക്സേഷൻ ഇൻഫർമേഷൻ എക്സ്ചേഞ്ച് സിസ്റ്റം 1-ാം തീയതി മുതൽ ഇവിടെ വേണ്ടിവരും. അതിനുള്ള സംവിധാനം എന്ത് ഉണ്ടാക്കി എന്നുള്ളത് കാണണം. വാറ്റ് വരുന്നു എന്നുള്ളത് ശരിയാണ്. വാറ്റിനെ ഞങ്ങളാരും എതിർക്കുന്നില്ല. 153 സ്റ്റേറ്റിലും ചൈനയിലും വെസ്റ്റ് ബംഗാളിലുമെല്ലാം വരുന്നുണ്ട്. ഇന്നത്തെ നിലയ്ക്ക് അത് വേണ്ടതാണ്. അത് എതിർക്കുക എന്നുള്ളതല്ല. പക്ഷേ, അതുമായി ബന്ധപ്പെട്ടിട്ടുള്ള മുൻ ഉപാധികൾ കേരളത്തിൽ നടപ്പിലാക്കുന്ന കാര്യത്തിൽ നമ്മൾ വേണ്ടത്ര ശ്രമിക്കുന്നുണ്ടോ? അതുകൊണ്ടാണ് ഞാൻ പറയുന്നത് ഈ ടാക്സേഷൻ ഇൻഫർമേഷൻ എക്സ്ചേഞ്ച് സിസ്റ്റം അടിയന്തിരമായി കൊണ്ടുവരണമെന്ന്. പിന്നെ imports VAT chain-ൽ വരുന്ന നമ്മുടെ കേരള, ഹാന്റ്ലൂമും, മത്സ്യങ്ങളും അങ്ങനെ പല സാധനങ്ങളും ഇവിടെനിന്നും എക്സ്പോർട്ട് ചെയ്യുന്നുണ്ട്. അതേപോലെ ചിലതെല്ലാം ഇവിടേക്ക് ഇംപോർട്ട് ചെയ്യുന്നുണ്ട്. അതെല്ലാം എത്രമാത്രം കാര്യമായിട്ടാണ് ഈ VAT കൊണ്ടു വന്നിട്ടുള്ളത്. ഇതിന്റെയൊക്കെ Consultative Committee വൈറ്റ് പേപ്പറിൽ തന്നെയാണ്. കേന്ദ്ര ധനമന്ത്രി പറഞ്ഞിട്ടുണ്ട്, നാഷണൽ ലെവലിൽ ഇതിനുവേണ്ടിയുള്ള ചേമ്പർ ഓഫ് കോമേഴ്സ്, ട്രേഡേഴ്സ് ഓർഗനൈസേഷൻ ഇവരെയൊക്കെ ചേർത്തുകൊണ്ട് Consultative Committee ഉണ്ടാക്കുമെന്ന്. സ്റ്റേറ്റ് ലെവലിൽ ഉണ്ടാക്കണമെന്ന് പറയുന്നു. അത് പരമപ്രധാനമാണ്. നാഷണൽ ലെവലിൽ ഇത് ഉണ്ടാക്കി കഴിഞ്ഞിട്ട് സ്റ്റേറ്റ് ലെവലിൽ ഉണ്ടാക്കണം. അവരുമായി ചേർന്നുകൊണ്ടുള്ള സ്റ്റേറ്റ് ലെവൽ കാംപെയ്ൻ തന്നെ വേണമെന്ന് പറയുന്നുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 5-ാം തീയതി ട്രേഡേഴ്സുമായിട്ട് ചർച്ച നടത്തുന്നുണ്ട്. അവർ അത് ബഹിഷ്ക്കരിക്കും എന്ന് പറഞ്ഞിട്ടുണ്ട്. കേരളത്തിൽ വലിയ തോതിലുള്ള മൾട്ടി സ്പെഷ്യൽ ഹോസ്പിറ്റൽ ഉണ്ടാക്കുന്ന ആളുകളും അതിന്റെ ഡോക്ടർമാരുമൊക്കെ നമ്മുടെ ഗവൺമെന്റിനെ തന്നെ വെല്ലുവിളിച്ചുകൊണ്ടിരിക്കുകയാണ്. ഒരു കാരണവശാലും വാറ്റ് പ്രകാരമുള്ള നിബന്ധനകൾ, അതിന്റെ രജിസ്ട്രേഷൻ ഇതിനൊന്നും അവർ തയ്യാറാകുന്നില്ല എന്ന് ഗവൺമെന്റിന് കത്ത് കൊടുത്തുവിട്ടിരിക്കുകയാണ്. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം അതിന്റെ ധാർമ്മികമായ ഇത്തരം കാര്യങ്ങളെ വെല്ലുവിളിക്കുന്ന ആളുകളുടെ നിലപാട് എന്താണെന്ന് അറിയേണ്ടതായിട്ടുണ്ട്. ഇപ്പോൾ 5-ാം തീയതി ചർച്ച നടത്തുന്നുണ്ട്. സ്വാഭാവികമായിട്ടും വേണം. ഞങ്ങൾ പറയുന്നത് കേരളത്തിലെ എല്ലാ രാഷ്ട്രീയ പാർട്ടികളേയും ട്രേഡേഴ്സ് അസോസിയേഷനുകളേയും വിളിച്ച് വാറ്റ്

LIBRARY ARCHIVES Kerala Legislative Assembly

വരുന്നതിന്റെ ഭാഗമായിട്ട് നമ്മുടെ സംസ്ഥാനത്ത് അനുഭവിക്കുന്ന വിഷമതകളെപ്പറ്റിയും വരാൻ പോകുന്ന മറ്റു പ്രത്യാഘാതങ്ങളെപ്പറ്റിയും ഒരു തുറന്ന ചർച്ച നടത്തി അതിന് പരിഹാരം കാണണം. വാറ്റ് വേണ്ട എന്ന് വച്ചുകൊണ്ടല്ല പറയുന്നത്. വാറ്റ് നടപ്പിലാക്കുന്ന സമയത്ത് നമ്മുടെ സംസ്ഥാനത്തിന്റെ താൽപ്പര്യം, ഇവിടത്തെ ട്രേഡേഴ്സിന്റെ, ചെറുകിട കൃഷിക്കാരുടെ ഒക്കെ താൽപ്പര്യം എങ്ങനെ പരിഹരിക്കാം എന്നതിനെപ്പറ്റി ചർച്ച നടത്തേണ്ടതായിട്ടുണ്ട്. ഇത് പറയുന്ന സമയത്ത് വാറ്റിനെ എതിർത്തുകൊണ്ടുതന്നെ വൻകിടക്കാർ ഇന്ന് രംഗത്ത് വരുന്നുണ്ട്. അതിന്റെ പ്രശ്നങ്ങളെ സംബന്ധിച്ച് ഇന്നലത്തെ ഹിന്ദുവിൽ Behind Trader Resistance to VAT എന്ന് പറഞ്ഞുകൊണ്ട് ലേഖനം ഉണ്ട്. Trader resistance to VAT could have been minimised had policy-makers in States conducted an awareness campaign on these salient facts. അതിൽ ഒരു ഭാഗം ഞാൻ പറഞ്ഞത് തന്നെയാണ്. പക്ഷേ രണ്ടാമത്തെ ഭാഗമുണ്ട്, ഈ വാറ്റ് വരുന്നതിന്റെ ഒരു സാർവ്വദേശീയ പശ്ചാത്തലംകൂടി നമ്മൾ നോക്കണം. ഡബ്ലിയു.ടി.ഒ.യിലെ പുതിയ നിബന്ധന പ്രകാരം നമ്മുടെ കൊച്ചു സ്റ്റേറ്റിൽപോലും Retail Trading System-ത്തിലേക്ക് ഇതിന്റെ വിദേശകുത്തകകൾ കടന്നുവരാൻ പോവുകയാണ്. അവരുടെ കൂടി താൽപ്പര്യമാണ് ഈ വാറ്റ് സമ്പ്രദായം. അത് ഹിന്ദുവിന്റെ മുഖപ്രസംഗത്തിൽ തന്നെ പറയുന്നുണ്ട്. "Further, some big traders are using the mobilisation of the entire trading fraternity to resist the possible opening up of retailing to foreign investment under the General Agreement on Trade in Services of the World Trade Organisation". ഈ ആപത്ത് കാണാതിരുന്നുകൂടാ. വേൾഡ് ട്രേഡ് ഓർഗനൈസേഷൻ ഈ വാറ്റിന്റെ മറവിൽ അവർക്കുവേണ്ടി കൂടിയുള്ള താൽപ്പര്യത്തിനുവേണ്ടിയാണ് ഈ വാറ്റിനെ കാണുന്നത്. അതിന്റെ ഈ പഴുതിലൂടെ ഈ Retail Trading-ലേക്ക് കടന്നു വരും. അതിനുകൂടി പ്രയോജനപ്രദമായിട്ടാണ് വലിയ ആളുകൾ ഇതിനെ എതിർക്കുന്നത്. വാറ്റിന് മറ്റൊരു വശമുണ്ട്. ഇത് മുതലാളിത്ത താൽപ്പര്യത്തിനകത്ത് തന്നെ മുൻനിർത്തിക്കൊണ്ട് ചരക്കുകൾ തടസ്സമില്ലാതെ അതിന്റെ ഫ്ളോ ഉറപ്പാക്കാൻവേണ്ടിയാണ്. അതിനുവേണ്ടി അവർ തന്നെ വിളിക്കുന്ന ഇന്റഗ്രേറ്റഡ് മാർക്കറ്റ് വേണം. ഡബ്ലിയു.ടി.ഒ.യുടെ നിബന്ധനപ്രകാരം തന്നെ വരുന്നതാണ്. അത് ഇപ്പോൾ 153 രാജ്യങ്ങളിൽ വരുന്നതാണ്. ഇവിടെനിന്ന് ഒഴിവാക്കാൻ ഞങ്ങൾ പറയുന്നതല്ല. പക്ഷേ, ഇതിന്റെ പിന്നിലുള്ള യഥാർത്ഥ സാമ്പത്തിക താൽപ്പര്യം കണക്കിലെടുക്കേണ്ടതുണ്ട്. അതുകൊണ്ട് ഏകീകൃത വാറ്റ് വരുമ്പോൾ സംഭവിക്കാൻ പോകുന്ന ഈ കാര്യം Retail Trading-ലൂടെ, പിൻവാതിലിലൂടെ വിദേശ കുത്തകകളിലൂടെ വരുന്നതൊക്കെ നമ്മൾ കാണുന്നുണ്ട്. മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം പടിഞ്ഞാറൻ യൂറോപ്യൻരാജ്യങ്ങളിൽ ഇത് നടപ്പാക്കിയപ്പോൾ വലിയ വരുമാനം ഉണ്ട് എന്നുള്ളതാണ്. പക്ഷേ വേൾഡ് ക്യാപ്പിറ്റലിന്റെ ആസ്ഥാനമായിട്ടുള്ള അമേരിക്കയിൽ വാറ്റ് ഇതുവരെ നടപ്പിലാക്കിയിട്ടില്ല. അമേരിക്കക്കാർ പറയുന്നത് ഇതൊരു ഫെഡറൽ സ്റ്റേറ്റാണ്, വിവിധ സ്റ്റേറ്റുകൾക്ക് വിവിധ താൽപ്പര്യമാണ് എന്നാണ്. അതുകൊണ്ട് ഇവിടെ നടപ്പാക്കണ്ട എന്നല്ല പറയുന്നത്. ഇതിന്റെ പിന്നിലുള്ള സാമ്രാജ്യത്ത താൽപ്പര്യങ്ങളുടെ കളി നന്നായിട്ട് മനസ്സിലാകുന്നതാണ്. മറ്റൊരു കാര്യം, നികുതി വെട്ടിപ്പിന് ഇനി സാദ്ധ്യത ഉണ്ടാകില്ല എന്ന് പറയുന്നതുപോലെതന്നെ ഇപ്പോൾ നടപ്പിലാക്കിയ സ്ഥലത്ത് ഉണ്ട് എന്ന്

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപിക്കപ്പെട്ടു കഴിഞ്ഞിട്ടുണ്ട്. അതിന്റെ ആശങ്കയെന്താണ്? മുൻഘട്ടത്തിൽ നികുതി അടച്ചതായി കൃത്രിമമായി രേഖകൾ ചമച്ച് വലിയ തോതിൽ നികുതി വെട്ടിക്കാൻ സാധിക്കും. ആധുനിക സംവിധാനമൊക്കെ ഇതിന് ഉപയോഗിക്കും. ബ്രിട്ടനിലും യൂറോപ്യൻ രാജ്യങ്ങളിലുമൊക്കെ വൻതോതിലുള്ള ടാക്സ് ചോർച്ച വന്നു. അതിന്റെ പിന്നിലൊക്കെ വലിയതോതിലുള്ള അധോലോകമാണ് പ്രവർത്തിക്കുന്നത്. അതുകൊണ്ട് കേരളത്തിലും ഈ രൂപത്തിൽ മുൻകൂറായി ഞങ്ങൾ നികുതി അടച്ചു എന്ന് തെറ്റായ രേഖകൾ ചമച്ച് ഇന്നത്തെ കംപ്യൂട്ടറുകളേയും ഇൻഫർമേഷൻ ടെക്നോളജികളേയും അത്യന്താധുനികമായ രൂപത്തിൽ ഉപയോഗപ്പെടുത്തി വലിയ തോതിലുള്ള ടാക്സ് തട്ടിപ്പ് നടത്തുന്ന ഒരു അധോലോകം തന്നെ കേരളത്തിലും വളർന്നുവരും. കാരണം ധാരാളം ആളുകൾ ഈ രംഗത്ത് വിദ്യാഭ്യാസം ഉള്ളവരുണ്ട്. അതുകൊണ്ട് ചോർച്ച വരാതിരിക്കാനും ഈ തട്ടിപ്പ് ഇല്ലാതാക്കാനുംകൂടി ഗവൺമെന്റ് ശ്രദ്ധിക്കേണ്ടതാണ്. അതുകൊണ്ട് വാറ്റ് നടപ്പിലാക്കുമ്പോൾ തന്നെ വാറ്റുമായി ബന്ധപ്പെട്ടിട്ടുള്ള ഇത്തരം പ്രശ്നങ്ങളൊക്കെ കണക്കിലെടുക്കണം എന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റ് ഡിസന്റ് അവതരിപ്പിക്കുന്നു.

ശ്രീ. വി. ജെ. പൗലോസ്: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രയം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. സർ, വിയോജിപ്പ് രേഖപ്പെടുത്തിക്കൊണ്ട് സംസാരിച്ച ബഹുമാനപ്പെട്ട അംഗം ശ്രീ. ടി. കെ. ബാലൻ വിയോജനക്കുറിപ്പല്ല അധികവും ഇവിടെ പ്രതിപാദിച്ചത്. ഈ ബില്ലിന്റെ ഗുണപരമായ വശങ്ങളെക്കുറിച്ച് വളരെ സവിസ്തരം അദ്ദേഹം പ്രതിപാദിച്ചത് ഞാൻ ശ്രദ്ധിക്കുകയായിരുന്നു. സംസ്ഥാനത്ത് 1-ാം തീയതി മുതൽ വാറ്റ് നടപ്പിലാക്കുകയാണ്. വാറ്റിനെ സംബന്ധിച്ചിടത്തോളം പൊതുവേ ആളുകൾ സ്വാഗതം ചെയ്യുന്ന ഒരു നല്ല സാഹചര്യമാണ് ഉണ്ടായിട്ടുള്ളത്. വ്യാപാര സമൂഹവും പ്രതിപക്ഷത്തിലെ ആളുകളും വാറ്റിനെ എതിർക്കുന്നില്ല. പക്ഷേ, സംഘടനാ അടിസ്ഥാനത്തിൽ അവർ വാറ്റിനെ എതിർത്ത് മുന്നോട്ടുവന്നിട്ടുണ്ട്. ഞാൻ വ്യാപാരികളുമായി ബന്ധപ്പെട്ടപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞത് ഏതൊരു നിയമവും പുതിയതായിട്ട് നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ അതുമൂലം ഉണ്ടായേക്കാം എന്ന് പ്രതീക്ഷിക്കുന്ന ചില ആശങ്കകളാണ് അവരിൽ ചിലർ അതിനെ എതിർക്കുന്നതിനായിട്ട് മുന്നോട്ട് വന്നിട്ടുള്ളത്. സ്വാഭാവികരായും ഏതൊരു പുതിയ നിയമവും നടപ്പിലാക്കാൻവേണ്ടി വരുമ്പോൾ ആശങ്കകൾ ഉണ്ടാകും. ഇങ്ങനെ ഉണ്ടാകുന്ന ആശങ്കകൾ ദൂരീകരിക്കുന്നതിന് ആവശ്യമായിട്ടുള്ള നടപടികളാണ് സർക്കാരിന്റെ ഭാഗത്തുനിന്നും കൂടുതലായി ഉണ്ടാകേണ്ടത്. ആ കാര്യത്തിൽ ബഹുമാന്യനായ ധനമന്ത്രി പല പ്രാവശ്യം അവരുമായി നടത്തിക്കൊണ്ടിരിക്കുന്ന ആശയ വിനിമയത്തെ സംബന്ധിച്ചും അത് തുടർന്ന് നടത്തുന്നതിനെ സംബന്ധിച്ചും എല്ലാം പറഞ്ഞിട്ടുണ്ടെങ്കിലും ഒരു പുതിയ നിയമം നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കുന്ന വേളയിൽ ഉണ്ടാകാവുന്ന ഇതുപോലുള്ള സംശയങ്ങളും ആശങ്കകളുമൊക്കെ ദൂരീകരിക്കുന്ന കാര്യത്തിൽ വിവിധ തലങ്ങളിൽ അതിനുവേണ്ടിയുള്ള ചർച്ചകളും മറ്റ് ആശയ വിനിമയങ്ങളും ഒക്കെ വളരെ

LIBRARY ARCHIVES Kerala Legislative Assembly

കൂടുതലായി നടത്തേണ്ടത് ആവശ്യമാണ്. നമ്മുടെ നിയമത്തിന്റെ വിജയകരമായ നടത്തിപ്പിന് അത് ആവശ്യമാണ് എന്ന് ഞാൻ ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. സർ, ഞാൻ എല്ലാ കാര്യങ്ങളിലേക്കും കടന്നുപോകുന്നില്ല. ഇപ്പോൾ ഏറ്റവും കൂടുതൽ മലഞ്ചരക്ക് ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തികനില ഭദ്രമാക്കി നിറുത്തുന്ന കാര്യത്തിൽ വലിയ പങ്ക് വഹിക്കുന്ന ഒരു മേഖലയാണ് നമ്മുടെ മലഞ്ചരക്ക് ഉൽപ്പാദന മേഖല. മലഞ്ചരക്ക് ഉൽപ്പാദന മേഖലകളുമായി ബന്ധപ്പെട്ട വ്യാപാരികളൊക്കെ നമ്മുടെ വാറ്റ് നിയമത്തെ സ്വാഗതം ചെയ്യുന്നുണ്ട്. പക്ഷെ അവരെ സംബന്ധിച്ചിടത്തോളം ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ ചില ആശങ്കകൾ ഇന്ന് നിലനിൽക്കുന്നുണ്ട്. അത് ആശങ്കകളാണ്. ആശങ്കകൾ ദൂരീകരിക്കുകയെന്നതാണ് ഇന്ന് അവരെ സംബന്ധിച്ചിടത്തോളമുള്ള ഒരു പ്രധാനപ്പെട്ട കാര്യം. പ്രത്യേകിച്ച് റബ്ബറിനെ വളരെ സാരമായി ബാധിക്കുന്ന ഒരു കാര്യം എന്നുള്ള നിലയിലും ഒന്നാം തീയതിയോടടുക്കുമ്പോൾ ചിലപ്പോൾ റബ്ബർ വ്യാപാരത്തെ വളരെ സാരമായി ബാധിക്കാൻ സാദ്ധ്യതയുള്ള ഒരു വിഷയമെന്നുള്ള നിലയിലുമാണ് ഞാൻ അത് സൂചിപ്പിക്കുന്നത്. ഇപ്പോൾ നിലവിലുള്ള നിയമമനുസരിച്ച് 31-ാം തീയതിവരെയുള്ള റബ്ബറിന്റെ സെയിൽസ്ടാക്സ് 12 ശതമാനമാണ്. 1-ാം തീയതി മുതൽ വാറ്റ് നടപ്പിലാക്കുമ്പോൾ 4 ശതമാനമാണ് ടാക്സ്. അപ്പോൾ അത് 12 ശതമാനത്തിൽനിന്ന് 4 ശതമാനമായി കുറയുന്നു എന്നുള്ളത് വളരെ ആശ്വാസകരമാണ്. അവർക്ക് വലിയ സന്തോഷവുമാണ്. അത് കൃഷിക്കാർക്ക് വളരെ ഗുണം ചെയ്യുമെന്നുള്ള കാര്യത്തിലും സംശയമില്ല. പക്ഷെ 31-ാം തീയതി ഓരോ കടകളിലും ഇരിക്കുന്ന സ്റ്റോക്കെന്നു പറയുന്നത് 12 ശതമാനം ടാക്സ് പിരിക്കുന്ന രീതിയിൽ അവർവച്ച് സൂക്ഷിച്ചിട്ടുള്ള സ്റ്റോക്ക് അത് ഒന്നാം തീയതി വരുമ്പോൾ 4 ശതമാനം കൂടിയാകുമ്പോഴേക്കും പന്ത്രണ്ടും നാലും പതിനാറ് ശതമാനം ടാക്സ് കൊടുക്കേണ്ടതായിട്ടുള്ള സ്ഥിതിവിശേഷമാണ് ഉണ്ടാകുന്നത്. ഇതിനെ സംബന്ധിച്ച് വലിയ ഉത്ക്കണ്ഠയുണ്ട്. അപ്പോൾ എന്താണ് സംഭവിക്കുന്നതെന്ന് ചോദിച്ചാൽ അങ്ങനെയുള്ള റബ്ബർ വാങ്ങുന്ന അവസാന ഘട്ടത്തിലുള്ള വ്യാപാരികൾ റബ്ബർ വാങ്ങുന്നതിന് മടി കാണിക്കുന്നു. അപ്പോൾ മാർക്കറ്റിൽ വിലകുറയാൻ ഇടയാകുന്ന ഗുരുതരമായ സ്ഥിതിവിശേഷം ഉണ്ടാകുകയും ചെയ്യുമെന്നുള്ളതിൽ തർക്കമില്ല. അങ്ങനെ കച്ചവടക്കാരെ സംബന്ധിച്ചിടത്തോളം 31-ാം തീയതിവരെയുള്ള അവരുടെ സ്റ്റോക്ക് എന്നുപറഞ്ഞാൽ 31-ാം തീയതി മാത്രം ഉണ്ടാകുന്നതല്ല. അങ്ങനെയാണെങ്കിൽ ഒരു ദിവസത്തെ ടേൺഓവറിന്റെ ടാക്സ് നഷ്ടമാകട്ടെയെന്ന് വിചാരിക്കാം. പക്ഷെ 1-ാം തീയതിയിലെ ടാക്സ് എന്നുപറയുന്നത് അതൊരുപക്ഷേ 20-ാം തീയതിമുതൽ അവർ പർച്ചേയ്സ് ചെയ്യുന്ന റബ്ബർ സ്റ്റോക്ക് ചെയ്യുന്നതാണ്. അവരുടെ 21-ാം തീയതിയിലെ സ്റ്റോക്ക് എന്നുപറയുമ്പോൾ വലിയ ഒരു കാണ്ടിറ്റി റബ്ബർ അവരുടെ കൈവശം ഉണ്ടാകുമ്പോൾ അത് 12 ശതമാനം ടാക്സ് കൊടുക്കാൻ ഇപ്പോൾ 31-ാം തീയതിവരെയുള്ള നിയമമനുസരിച്ച് അവർ ബാദ്ധ്യസ്ഥരായിരിക്കുമ്പോൾ വീണ്ടും അവർ ആ സ്റ്റോക്കിന്റെ പേരിൽ 4 ശതമാനംകൂടി കൊടുക്കേണ്ടിവരുന്നതു സംബന്ധിച്ചുള്ള ഒരു വലിയ കൺഫ്യൂഷൻ ഇക്കാര്യത്തിൽ നിൽക്കുന്നു. അതിനെന്താണ് ഒരു സംവിധാനം, അവർക്ക് വീണ്ടും 31-ാം തീയതിവരെ ടാക്സ് കൊടുക്കേണ്ടിവരുന്നത്

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ചിടത്തോളം വീണ്ടും ടാക്സ് കൊടുക്കാൻ ഇടവരാത്ത രീതിയിലുള്ള എന്തെങ്കിലും ഒരു സംവിധാനം അത് റബ്ബർ കച്ചവടക്കാരുടേയും മലഞ്ചരക്ക് വ്യാപാരികളുടെയും പ്രതിനിധികളുമായി സംസാരിച്ച് ഒരു ധാരണയുണ്ടാക്കിക്കൊണ്ട് മുന്നോട്ടുപോകുന്നത് നന്നായിരിക്കുമെന്നുള്ള കാര്യമാണ് ഞാൻ ഈ അവസരത്തിൽ സൂചിപ്പിക്കുന്നത്. മലഞ്ചരക്കിന്റെ കാര്യത്തിൽ 12 ശതമാനം സിംഗിൾ പോയിന്റ് ടാക്സാണ്. അവസാന ഘട്ടത്തിൽ കമ്പനിക്കാരാണ് ആ ടാക്സ് കൊടുക്കേണ്ടി വരികയെന്നുപറയുമ്പോൾ ഒരു ശതമാനം പോലും ടാക്സ് നഷ്ടമാകാൻ ഇടവരുന്ന ഒരു സ്ഥിതിവിശേഷം തന്മൂലം ഉണ്ടാകുന്നില്ല. നൂറ് ശതമാനവും നമുക്ക് റബ്ബറിന്റെ കാര്യത്തിൽ ടാക്സ് കിട്ടുമെന്ന് വേണമെങ്കിൽ അവകാശപ്പെടാൻ കഴിയും. പക്ഷെ ഇപ്പോൾ ഈ വാല്യൂ ആഡഡ് ടാക്സ് നടപ്പിലാക്കുമ്പോൾ ഉണ്ടാകുമെന്ന് ഞാനും മറ്റുള്ളവരുമെല്ലാം വിശ്വസിക്കുന്ന പല തട്ടുകളിൽ നടക്കുന്ന ഈ വ്യാപാരം ഓരോ തട്ടിലും ടാക്സ് പിരിക്കേണ്ടിവരും. പിരിക്കുന്നതുകൊണ്ട് പിരിക്കുന്നവർക്ക് നഷ്ടമില്ല എന്നുള്ള കാര്യം നമുക്കെല്ലാപേർക്കും അറിയാം. പക്ഷെ അത് എല്ലാ തട്ടുകളിലും പിരിക്കുകയും അത് അവസാനഘട്ടംവരെ തുടരുകയും ചെയ്യുന്നതുകൊണ്ട് അങ്ങനെ പല തട്ടുകളിലും ടാക്സ് പിരിക്കുന്നതുകൊണ്ട് സർക്കാരിന് ഒരു ഗുണവും ഉണ്ടാകുന്നില്ല. ഒരു രൂപയുടെ പോലും വർദ്ധനയും ഉണ്ടാകുന്നില്ല. അങ്ങനെ ഇപ്പോഴുള്ള സംവിധാനംപോലെതന്നെ വാറ്റ് നടപ്പിലാക്കുന്ന സന്ദർഭത്തിലും അതിന്റെ ടാക്സ് പിരിവ് നമുക്ക് അവസാനഘട്ടത്തിൽ 4 ശതമാനം ആക്കിക്കൊണ്ട് നിലനിറുത്താൻ കഴിയുകയാണെങ്കിൽ അതുകൊണ്ടുണ്ടാകുന്ന ഏറ്റവും വലിയ പ്രയോജനമെന്നുപറഞ്ഞാൽ താഴെത്തട്ടിലുള്ള കച്ചവടക്കാരെ സംബന്ധിച്ചിടത്തോളം ഇത് സംബന്ധിച്ച ടാക്സ് അവർ കൊടുക്കേണ്ടതായിട്ടുള്ള സ്ഥിതിവിശേഷം അവർക്ക് ഒഴിവാക്കിയും അതുപോലെയുള്ള കണക്കുകളും കാര്യങ്ങളും ഒക്കെ സൂക്ഷിക്കുന്ന ഒരു സ്ഥിതിവിശേഷം ഒഴിവാക്കിക്കിട്ടുന്ന സാഹചര്യം ഉണ്ടാക്കുകയാണെങ്കിൽ അത് വ്യാപാരികൾക്ക് വളരെ ആശ്വാസകരമാണ്. അപ്പോൾ എല്ലാ തട്ടുകളിലും ടാക്സ് പിരിക്കുന്നതുകൊണ്ട് വളരെ താഴെത്തട്ടിൽ നിൽക്കുന്ന കച്ചവടക്കാരെ സംബന്ധിച്ചടത്തോളം അവർക്ക് ഇതിന്റെ കണക്കുകൾ കൃത്യമായി സൂക്ഷിക്കാൻ സംവിധാനങ്ങളും സൗകര്യങ്ങളും ഒന്നുമില്ലാത്തതുകൊണ്ടാണ് മലഞ്ചരക്ക് വ്യാപാരികൾ നമ്മുടെ വാറ്റ് സമ്പ്രദായത്തെ എതിർക്കുന്നവരായി മുന്നോട്ട് വന്നിട്ടുള്ളത് എന്നുള്ളതു പരിഗണിച്ചുകൊണ്ട് നമുക്ക് ഈ ടാക്സ് പിരിവ് അവസാന ഘട്ടത്തിലാക്കിയും അതിന്റെ താഴെത്തട്ടിലുള്ളവരെ ഒഴിവാക്കുകയും ചെയ്യുന്നതിനെക്കുറിച്ച് അനുഭാവപൂർവമായ ഒരു തീരുമാനമെടുക്കുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. വ്യാപാരികൾക്കും കൃഷിക്കാർക്കും വേണ്ടിയാണ് ഞാൻ ഇത് പറയുന്നത്. ഞാൻ മറ്റു കാര്യങ്ങളിലേക്ക് കടന്നുപോകുന്നില്ല. ഒരു കാര്യം കൂടി, ഏതായാലും വാറ്റ് നടപ്പിലാക്കുന്നതിലൂടെ റവന്യൂ ടാക്സ് വരുമാനം നമ്മുടെ സംസ്ഥാനത്ത് വളരെയധികം വർദ്ധിക്കുമെന്നുള്ള കാര്യത്തെ സംബന്ധിച്ചിടത്തോളം എല്ലാപേർക്കും വളരെ ശുഭപ്രതീക്ഷയുണ്ട്. ഈ സന്ദർഭത്തിൽ നമ്മുടെ സാമ്പത്തികരംഗം കുറച്ചുകൂടി മെച്ചമായി മുന്നോട്ടു കൊണ്ടുപോകുന്നതിന്റെ ഭാഗമായി നമ്മുടെ പല മേഖലകളിലും പല നടപടികളും സ്വീകരിക്കണം അതോടൊപ്പംതന്നെ നമ്മുടെ സംസ്ഥാന ജീവനക്കാരുടെ ശമ്പളവും

LIBRARY ARCHIVES Kerala Legislative Assembly

ആനുകൂല്യങ്ങളും വർദ്ധിപ്പിച്ചുകൊടുക്കുന്നതിനുള്ള ശമ്പളപരിഷ്ക്കരണ കമ്മീഷനെ ഇവിടുത്തെ സർക്കാർ ജീവനക്കാരും പെൻഷൻകാരും ഇതര വിഭാഗങ്ങളും ആവശ്യപ്പെടുന്നതനുസരിച്ച് നിയമിക്കാൻ ഇന്നലെ കൃാബിനറ്റ് തീരുമാനിച്ചതായി മുഖ്യമന്ത്രി പ്രഖ്യാപിച്ചു. കമ്മീഷനെ വയ്ക്കുന്നതിന് ജീവനക്കാർക്ക് കൊടുത്ത വാക്ക് ഗവൺമെന്റ് പാലിച്ചു, അതിന് ഗവൺമെന്റിനെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. ഈ കമ്മീഷന്റെ പരിധിയിൽ വരേണ്ട ടേംസ് ഓഫ് റഫറൻസ് വന്നിട്ട് തീരുമാനിക്കുമെന്നുള്ളതാണ് ഇവിടെ ഇന്ന് പത്രത്തിലൂടെ വായിച്ച് അറിയാൻ കഴിഞ്ഞത്. എനിക്ക് ബഹുമാന്യനായ ധനകാര്യവകുപ്പുമന്ത്രിയുടെ മുന്നിലും അതുപോലെ ഗവൺമെന്റിന്റെ മുന്നിലും പറയാനുള്ള കാര്യം നമ്മുടെ റവന്യൂ വരുമാനത്തിന്റെ സിംഹഭാഗവും സർക്കാർ ജീവനക്കാരുടെ ശമ്പളത്തിനും പെൻഷനുമായി കൊടുത്തുകൊണ്ടിരിക്കുന്ന കൂട്ടത്തിൽ, അത് കൊടുക്കുന്നത് അപാകതയാണെന്ന് ഞാൻ പറയുന്നില്ല, ഇപ്പോൾ ഒരു ശമ്പളക്കമ്മീഷനെ വച്ചിട്ട് ഒരു റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് പ്രതിജ്ഞാബദ്ധമായി സർക്കാർ ശുപാർശകൾ അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നത് നടപ്പിലാക്കുന്നതിനും ഗവൺമെന്റ് തയ്യാറാകുമെന്നുള്ള കാര്യത്തിൽ എനിക്ക് സംശയമില്ല. പക്ഷെ ഇനിയും വളരെ ഭാരിച്ച ഒരു ചെലവ് സർക്കാർ ജീവനക്കാർക്ക് പെൻഷനായും ശമ്പളമായും കൊടുക്കാൻ സർക്കാർ മുന്നോട്ടുവരുമ്പോൾ അതിന് ഒരു കമ്മീഷനെ വച്ചുകൊണ്ട് അതിനെക്കുറിച്ച് വളരെ നല്ല ഒരു പഠനം നടത്തുന്ന സന്ദർഭത്തിൽ എനിക്ക് ഒരു നിർദ്ദേശമുള്ളത് നമ്മൾ ശമ്പളം കൊടുക്കുക, പെൻഷൻ കൊടുക്കുകയെന്നുള്ള ഉത്തരവാദിത്വം നിർവ്വഹിക്കുന്നതോടൊപ്പം ടേംസ് ഓഫ് റഫറൻസിന്റെ പരിധിക്കകത്ത് നമ്മുടെ ജീവനക്കാരുടെ പങ്ചാലിറ്റി, അവരുടെ അക്കൗണ്ടബിലിറ്റി, അതുപോലെതന്നെ അവരുടെ ആത്മാർത്ഥത, ഇതൊക്കെ കൊണ്ടുവരണം, ആനുകൂല്യം എത്രവേണമെങ്കിലും കൊടുക്കുക, ആ ആനുകൂല്യം വർദ്ധിപ്പിച്ചു കൊടുക്കുന്നത് കൊണ്ടുള്ള ഗുണം നമ്മുടെ സ്റ്റേറ്റിന്, അവരുടെ ജോലി സംബന്ധമായി, അവരുമായി ബന്ധപ്പെടുന്ന ജനങ്ങൾക്ക് ഉണ്ടാകുന്നതായിട്ടുള്ള ഒരു സ്ഥിതിവിശേഷം ഉണ്ടാകുന്ന കാര്യത്തിൽ ഉറപ്പുവരുത്താനും ടേംസ് ഓഫ് റഫറൻസിൽ ആ കാര്യം കൂടി ഉൾപ്പെടുത്തണം. ജീവനക്കാരുടെ കൃത്യനിഷ്ടയും ആത്മാർത്ഥതയും അവരുടെ സമയനിഷ്ഠയും അവരുടെ ജോലിയോട് കാണിക്കേണ്ട താൽപ്പര്യങ്ങളും എല്ലാംകൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പഠനം ഈ കാര്യത്തിൽ നടത്തി കൊണ്ടുള്ള ഒരു റിപ്പോർട്ട് വാങ്ങിച്ച് അത് ജീവനക്കാരുമായി ചർച്ചചെയ്ത് നടപ്പിലാക്കുന്നത് ഈ കാലഘട്ടത്തിൽ അത്യന്താപേക്ഷിതമാണെന്ന് ഞാൻ വിശ്വസിക്കുകയാണ്. നമ്മൾ മോഡേണൈസേഷനുവേണ്ടി ഓഫീസുകളുടെ പ്രവർത്തനങ്ങളെ നവീകരിക്കുന്നതിനുവേണ്ടി വളരെയധികം രൂപ ഇനിയും ചെലവഴിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷെ അങ്ങനെ കോടിക്കണക്കിന് രൂപ ചെലവഴിച്ചുകൊണ്ടുള്ള നവീകരണ പ്രവർത്തനങ്ങളൊക്കെ നമ്മുടെ സംസ്ഥാനത്ത് വ്യാപകമായി ആരംഭിച്ചിട്ടുണ്ടെങ്കിലും അതിന്റെ ഗുണപരമായ മാറ്റം ഈ ഓഫീസുകളുമായി ബന്ധപ്പെടുന്നവർക്കാർക്കും എവിടേയും കിട്ടുന്നില്ല, അല്ലെങ്കിൽ അത് കാണാൻ കഴിയുന്നില്ല എന്നുള്ള ദുഃഖകരമായ അവസ്ഥ നമ്മുടെ സ്റ്റേറ്റിൽ നിലനിൽക്കുന്നു. ഈ ഒരു ശമ്പളക്കമ്മീഷനെ നിയമിച്ചുകൊണ്ട് അവരുടെ

LIBRARY ARCHIVES Kerala Legislative Assembly

അന്വേഷണത്തിന്റെ പരിധിയിൽ ജീവനക്കാരുടെ ആനുകൂല്യങ്ങളെ സംബന്ധിച്ചിടത്തോളമുള്ള കാര്യങ്ങൾ ഉൾപ്പെടുത്തുന്ന കൂട്ടത്തിൽത്തന്നെ അവരുടെ ഉത്തരവാദിത്വവും ജോലിയും സമയനിഷ്ഠയും കൃത്യനിഷ്ഠയും എല്ലാംകൂടി ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആയിരിക്കണം ഇനിയും ഒരു ശമ്പളവർദ്ധനവ് കൊടുക്കേണ്ടത് ഖജനാവിൽനിന്ന് പണമെടുത്ത് ചെലവഴിക്കുന്നത് അപ്രകാരമായിരിക്കണമെന്ന് ഈ അവസരത്തിൽ ഞാൻ സൂചിപ്പിക്കുകയാണ്. അടിസ്ഥാനപരമായ ഒരു പുതിയ നിയമം നടപ്പിലാക്കുന്ന വേളയിൽ ഉണ്ടാകേണ്ടതായിട്ടുള്ള കാര്യങ്ങൾ എന്നുള്ള രീതിയിൽ ഇപ്പോൾ ഉയർന്നുവന്നിട്ടുള്ള ആശങ്കകൾ ദൂരീകരിച്ചുകൊണ്ട് പരമാവധി കുറ്റമറ്റരീതിയിലും കൂടുതൽ റവന്യൂ നമുക്ക് ഉണ്ടാകത്തക്കരീതിയിലും നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള എല്ലാ നടപടികളുമായി മുന്നോട്ടുപോകുന്നതിന് സഹായകമായിട്ടുള്ള ഈ ബില്ലിനുവേണ്ടി ഭേദഗതി ഒരിക്കൽക്കൂടി അവതരിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എം. മുരളി: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള ധനകാര്യ ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

പ്രധാനമായും ഈ സഭയുടെ മുൻപിൽ വന്നിരിക്കുന്ന ഈ ഫിനാൻസ് ബില്ലിൽ നമ്മുടെ സംസ്ഥാനത്തിന്റെ വരുമാന സ്രോതസ്സിന് കാരണമായിട്ടുള്ള ആറ് നിയമങ്ങളിലുള്ള ഭേദഗതികളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. അതിൽ മുന്നെണ്ണം "വാറ്റ്" നിയമം നടപ്പിലാക്കുന്ന സാഹചര്യത്തിൽ നമ്മുടെ വിൽപ്പന നികുതി നിയമങ്ങളുമായും "വാറ്റ്" നിയമവുമായും ബന്ധപ്പെട്ടുകൊണ്ടുള്ള സെയിൽസ്ടാക്സ് ഘടനയിൽ തന്നെ അടിസ്ഥാനപരമായ മാറ്റം വരുത്തുന്ന ഭേദഗതികളാണ്. അതിനെക്കുറിച്ച് പരാമർശിക്കുന്നതിന് മുൻപ് മറ്റ് മൂന്ന് നിയമങ്ങളെക്കുറിച്ച് ഓരോ വാക്ക് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. 1959-ലെ സ്റ്റാമ്പ് ആക്ട് പഴയ നിലയിലേക്ക് ഭേദഗതി ചെയ്യുന്ന നിർദ്ദേശമാണ് ഫിനാൻസ് ബില്ലിലെ ആദ്യത്തെ ഭേദഗതി. അതിൽ അങ്ങയുടെ കാഴ്ചപ്പാട് ശരിയാണ്. നമ്മൾ സ്വീകരിച്ച നിലപാട് കൊണ്ട് സ്റ്റാമ്പ് ഡ്യൂട്ടി കളക്ഷൻ വർദ്ധിപ്പിക്കാൻ കഴിഞ്ഞില്ല എന്നുള്ളതുകൊണ്ടാണ് പൂർവ്വസ്ഥിതിയിലേക്ക് മടങ്ങിവരുന്നത്. എത്ര തട്ടിപ്പ് സ്റ്റാമ്പ് ഡ്യൂട്ടിയിൽ നടത്തിയാലും ഇപ്പോൾ കിട്ടുന്നതിനേക്കാൾ കൂടുതൽ വരുമാനം കിട്ടുമെന്നുള്ളതാണ് അങ്ങയുടെ കാഴ്ചപ്പാട്. ആ പഴയ നിലയിലേക്ക് മടങ്ങി പോകുന്നതിന് പകരം, ഞാൻ ഈ വൈകിയ വേളയിൽ പറയുന്നത്, എത്രത്തോളം പ്രായോഗികമാണ് എന്നുള്ള സംശയം വച്ചുകൊണ്ടുതന്നെ പറയുകയാണ്, ഒരു 'via media' സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണം. വസ്തുക്കളുടെ ക്രയവിക്രയശേഷി എന്നുപറയുന്നത് നമ്മുടെ സംസ്ഥാനത്തിന്റെ ഒരു പ്രത്യേകതയാണ്. പ്രത്യേകിച്ചും റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യ നമ്മുടെ നിക്ഷേപങ്ങൾക്കുള്ള പലിശ പരിമിതപ്പെടുത്തിയ സാഹചര്യത്തിൽ വിദേശത്ത് പോയി പണമുണ്ടാക്കി വരുന്നവർക്ക് ഇൻവെസ്റ്റ്മെന്റിന് മറ്റ് മാർഗ്ഗമില്ലാത്തതുകൊണ്ടാണ് അവർ വസ്തു വാങ്ങിക്കുകയും കൊടുക്കുകയുമൊക്കെ ചെയ്യുന്നത്. അത് കേരളത്തിന്റെ സാമ്പത്തികരംഗം സജീവമായി നിർത്തുന്ന ഒരു മേഖലയാണ്. അവിടെ നിശ്ചലാവസ്ഥ ഉണ്ടാക്കാൻ പഴയ നിലയിലേക്ക് പോകുന്ന

LIBRARY ARCHIVES Kerala Legislative Assembly

കേരള സ്റ്റാമ്പ് ആക്റ്റിൽ വരുത്തുന്ന ഭേദഗതി കാരണമാകുമെന്ന് ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അപ്പോൾ നമ്മൾ നേരത്തെയുണ്ടാക്കിയ ഭേദഗതി ലളിതമാക്കിയതുകൊണ്ട് നമ്മുടെ വരുമാനം വർദ്ധിപ്പിക്കാൻ കാരണമാകുമെന്ന് പ്രതീക്ഷിച്ചെങ്കിലും അത് വിജയിച്ചില്ലെന്നുള്ള യാഥാർത്ഥ്യം ഞാൻ വിസ്മരിക്കുന്നില്ല. അതുകൊണ്ട് ഒരു 'via media' അക്കാര്യത്തിൽ കണ്ടുപിടിക്കുന്നതായിരിക്കും നല്ലതെന്നുള്ള നിർദ്ദേശം ഈ ബില്ലിന്റെ അവതരണ വേളയിൽ വീണ്ടും ഒന്നുകൂടി ആവർത്തിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. രണ്ടാമത്തെ കാര്യം, അഗ്രികൾച്ചറൽ ഇൻകം ടാക്സ് ആക്റ്റിൽ വരുത്തുന്ന ഭേദഗതി. ഞാൻ വീണ്ടും ഒന്നുകൂടി പറയുന്നു, ബഡ്ജറ്റ് പ്രസംഗത്തിന്റെ ചർച്ചാവേളയിൽ പറഞ്ഞ കാര്യം ഞാൻ ഒന്നുകൂടി ആവർത്തിക്കുകയാണ്. കേരളത്തിന്റെ പ്രത്യേകമായ സാഹചര്യത്തിൽ നമ്മുടെ കൃഷി സർവ്വതോൻമുഖമായ തകർച്ചയുടെ സാഹചര്യത്തിൽ കാർഷികാദായ നികുതി ഉപേക്ഷിക്കാൻ ഗവൺമെന്റ് തയ്യാറാകണം. അത് കാർഷിക രംഗത്ത് വലിയൊരു സപ്പോർട്ടായിരിക്കും. കാർഷികാദായ നികുതിയുടെ കളക്ഷന് വേണ്ടിയുള്ള എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ പരിശോധിക്കുമ്പോൾ അതിൽനിന്ന് കാര്യമായി ഒരു മിച്ചവും ടാക്സ് കളക്ഷനിലൂടെ കിട്ടാൻ പോകുന്നില്ല. അതുകൊണ്ട് കാർഷികാദായ നികുതി കാർഷിക കേരളത്തിന്റെ ഇന്നത്തെ പ്രത്യേകമായ സാഹചര്യം കണക്കിലെടുത്തുകൊണ്ട് കേരളം ഉപേക്ഷിക്കുന്നു എന്നുവന്നാൽ അത് ഈ രംഗത്ത് വലിയൊരു കാൽവെയ്പായിരിക്കും. കൃഷി ലാഭത്തിലാകുന്ന ഒരു കാലഘട്ടത്തിൽ നമുക്ക് വീണ്ടും അഗ്രികൾച്ചറൽ ഇൻകം ടാക്സ് re-introduce ചെയ്യാം. അതുകൊണ്ട് ബഡ്ജറ്റ് ചർച്ചാവേളയിൽ ഞാൻ ഉൾപ്പെടെയുള്ള പല അംഗങ്ങളും പറഞ്ഞ ആ നിർദ്ദേശം ഒന്നുകൂടി ഫിനാൻസ് ബില്ലിന്റെ അവതരണ വേളയിൽ ഞാൻ ഗവൺമെന്റിന്റെ മുൻപിൽ, ധനകാര്യമന്ത്രിയുടെ മുമ്പിൽ അഗ്രികൾച്ചറൽ ഇൻകം ടാക്സ് നമ്മുടെ ഈ സാഹചര്യത്തിൽ, കർഷകരുടെ ദയനീയമായ സാഹചര്യത്തിൽ ഉപേക്ഷിക്കാൻ തയ്യാറാകണമെന്ന നിർദ്ദേശം മുന്നോട്ട് വയ്ക്കുകയാണ്. 1976-ലെ Tax on Luxuries-ൽ വരുത്തുന്ന മാറ്റത്തിനെ പല കോണുകളിൽനിന്നും അപ്രീഷ്യേറ്റ് ചെയ്യുകയുണ്ടായി, വിമർശനവുമുണ്ടായി. പക്ഷേ ഇത് സാധാരണ ജനങ്ങളുടെ തലയിൽ വരാതിരിക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കണം. കാരണം ഇത് സാധാരണക്കാരെ ബാധിക്കുന്ന, ആർഭാടകരമായ വിവാഹത്തിന്റെ കാര്യത്തിലൊക്കെ എടുത്തിരിക്കുന്ന സമീപനമൊക്കെ എല്ലാവരും, സമൂഹംതന്നെ സ്വാഗതം ചെയ്യുന്നുണ്ട്. പക്ഷേ സാധാരണക്കാരേയും പാവപ്പെട്ടവരെയും ബാധിക്കാത്ത നിലയിൽ ലക്ഷ്വറി ടാക്സിലുള്ള ഭേദഗതി നടപ്പിലാക്കണമെന്ന അഭിപ്രായംകൂടി ഞാൻ മുന്നോട്ട് വയ്ക്കുകയാണ്. മറ്റ് മൂന്ന് നിയമങ്ങൾ, 1963-ലെ കേരള ജനറൽ സെയിൽസ് ടാക്സ് ആക്റ്റ് ഉൾപ്പെടെ നിലനിർത്തിക്കൊണ്ടുള്ള, വാല്യൂ ആഡഡ് ടാക്സിലേക്ക് ഏപ്രിൽ ഒന്നാം തീയതി ദേശീയ തലത്തിൽത്തന്നെ നമ്മൾ നടന്നു നീങ്ങുമ്പോൾ കേരളത്തെയും എത്തിക്കാനുള്ള ഈ ഭേദഗതികളുടെ കാതൽ എന്താണ്? ഇതിന്റെ കാതൽ എന്നുപറയുന്നത്, ഈ ഫിനാൻസ് ബിൽ പാസ്സാക്കിക്കഴിഞ്ഞാൽ ഫ്രെയിം ചെയ്യാൻ പോകുന്നത് റൂൾസാണ്. ആ റൂൾസിലാണ് എല്ലാം അടങ്ങിയിരിക്കുന്നത്. ഞാൻ പറയുന്നു, ആ റൂൾസ് ഫ്രെയിം ചെയ്യുമ്പോൾ, ഒരുപക്ഷേ റൂൾസ് ഫ്രെയിം ചെയ്ത് വച്ചിട്ടുണ്ടാകും. കാരണം ഇനി 28 ദിവസമേയുള്ളൂ. പക്ഷേ ആ റൂൾസ് ഇംപ്ലിമെന്റ് ചെയ്യുമ്പോൾ ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

സൃഷ്ടിപരമായ ഒരു സമീപനം സ്വീകരിച്ചില്ലെങ്കിൽ, ഒരു പോസിറ്റീവായ സമീപനം സ്വീകരിച്ചില്ലെങ്കിൽ, ഇപ്പോൾ ദേശീയ തലത്തിൽ അല്ലെങ്കിൽ ലോകത്തിലെ ബഹുഭൂരിപക്ഷം രാജ്യങ്ങളും സ്വീകരിച്ചിരിക്കുന്ന ഈ സമ്പ്രദായം നമുക്ക് സ്വീകരിക്കാതിരിക്കാൻ കഴിയില്ല എന്നുള്ള യാഥാർത്ഥ്യം അംഗീകരിച്ചുകൊണ്ടുതന്നെ പോണ്ടിച്ചേരി മുഖം തിരിച്ച് നിൽക്കുന്നുണ്ടെങ്കിലും നമുക്ക് ഇതുമായി മുന്നോട്ട് പോകേണ്ടി വരുമെന്നുള്ള യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് ഞാൻ പറയട്ടെ, റൂൾസ് ഫ്രെയിം ചെയ്യുമ്പോൾ അത് ഏതാനും ഉദ്യോഗസ്ഥരുടെ വിവേചനത്തിന് മാത്രം വിട്ടുകൊടുക്കാതെ അക്കാര്യത്തിൽ അങ്ങ് interfere ചെയ്യണം. അങ്ങയുടെ വിവേചന ശക്തിയും ബുദ്ധിശക്തിയും ഇക്കാര്യത്തിൽ വിനിയോഗിക്കണമെന്ന് ഞാൻ ധനകാര്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. ഞാൻ പറഞ്ഞതിൽ എല്ലാം അടങ്ങിയിട്ടുണ്ട്. അത് അങ്ങയെ ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കാരണം കേരളത്തിലെ വ്യാപാരി-വ്യവസായി സമൂഹം ഓർഗനൈസ്ഡ് സമൂഹമാണ്. അവർ സ്വയം സംഘടിതരായതിൽ നമുക്ക് അവരെ കുറ്റപ്പെടുത്താൻ കഴിയില്ല. കേരളത്തിന്റെ സാമൂഹ്യ പശ്ചാത്തലത്തിൽ അത് അനിവാര്യമാണ്. പക്ഷേ അവരിലുണ്ടായിരിക്കുന്ന സംശയം, ദേശീയതലത്തിൽത്തന്നെ കഴിഞ്ഞ ആഴ്ചയിലുണ്ടായ പ്രതിഷേധസമരം ഉൾപ്പെടെയുള്ളത് പരിശോധിക്കുമ്പോൾ കേരളത്തെ സംബന്ധിച്ചിടത്തോളം ബഹുഭൂരിപക്ഷം ചെറുകിട കച്ചവടക്കാർ ഉൾപ്പെടെയുള്ളവർ നമ്മുടെ ഇക്കോണമി നിലനിൽക്കുന്നത്, ചെറുകിട വ്യാപാരം, കൊമേഴ്സ് ഉൾപ്പെടെയുള്ളത് കൊണ്ടുതന്നെയാണ്. നമ്മുടെ ട്രേഡ് ആന്റ് കോമേഴ്സാണ്. വാല്യൂ ആഡഡ് ടാക്സ് ആക്റ്റുമായി ബന്ധപ്പെട്ടുകൊണ്ട് അങ്ങ് ഫ്രെയിം ചെയ്യാൻ പോകുന്ന റൂൾസ് വളരെ സുതാര്യമായിരിക്കണം. അത് ഉദ്യോഗസ്ഥൻമാർ ദുരുപയോഗപ്പെടുത്തുന്ന നിലയിലുള്ള റൂൾസ് ആകരുത്. എന്നുമാത്രമല്ല, ശ്രീ. ടി. കെ. ബാലൻ ഇവിടെ പറഞ്ഞതുപോലെ വ്യാപാരികളും വ്യവസായികളുമായിട്ടുള്ളവരുടെ പ്രതിനിധികളുമായി, അവർ പ്രതിഷേധ സ്വരത്തിൽ നിൽക്കുന്നു എന്നുള്ളതുകൊണ്ട് റൂൾസ് ഫ്രെയിം ചെയ്യുന്ന സന്ദർഭത്തിൽ വീണ്ടും ഒരു ചർച്ചകൂടി നടത്താൻ ഗവൺമെന്റ് തയ്യാറാകണമെന്നുള്ള നിർദ്ദേശം ഞാൻ മുന്നോട്ട് വയ്ക്കുകയാണ്.

<u>ശ്രീ. എ. കെ. ബാലൻ:</u> വ്യാപാരി വ്യവസായികളെ സംബന്ധിച്ചിടത്തോളം മൾട്ടിപ്പിൾ പോയിന്റിൽ നികുതി വരുമെന്നും അത് വലിയ ബാദ്ധ്യതയായി കൺസ്യൂമേഴ്സിന്റെ തലയിൽ അടിച്ചേൽപ്പിക്കപ്പെടുമെന്നുമുള്ള വലിയ ആശങ്ക ജനങ്ങളിലും വ്യാപാരികളിലും വ്യവസായികളിലും ഉണ്ടായിരിക്കുന്നു. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായമെന്താണ്?

<u>ശ്രീ. എം. മുരളി:</u> അവസാനം ഇതിന്റെ ഭാരം വരുന്നത് കൺസ്യൂമേഴ്സായ ജനങ്ങളുടെ തലയിൽത്തന്നെയാണ്. അതിനെന്താണ് സംശയം? ഇപ്പോൾ പ്രവേശന നികുതിയുമായി ബന്ധപ്പെട്ട് കുറേ കാര്യങ്ങൾ വരേണ്ടി വരും. ഇപ്പോൾ പ്രവേശന നികുതിയിൽ ഭേദഗതി വരുത്തുകയാണ്. Kerala Tax on Entry of Goods into Local Areas Act-ഉം ഭേദഗതി വരുത്തുകയാണ്. വാല്യൂ ആഡഡ് ടാക്സും പ്രവേശന നികുതിയിലെ ഭേദഗതിയുംകൂടി വരുമ്പോൾ ചെക്ക്പോസ്റ്റിൽ കൊടുക്കുന്ന നികുതി

LIBRARY ARCHIVES Kerala Legislative Assembly

തട്ടിക്കഴിക്കുന്ന പ്രശ്നം ഉൾപ്പെടെ മാത്രവുമല്ല ഇവിടെ കൊണ്ടുവരുന്ന സാധനങ്ങൾ പുതിയ പ്രോഡക്റ്റായി വിൽക്കുമ്പോൾ അത് വാല്യൂ ആഡഡ് ടാക്സിൽ വരുന്നുവെങ്കിൽ അപ്പോൾ വരുന്ന നികുതി ഉൾപ്പെടെയുള്ള കാര്യങ്ങളിൽ.....റൂൾസിന് വലിയ പ്രാധാന്യം വരുന്നു. മർമ്മ ഭാഗമെന്ന് പറയുന്നത് റൂൾസ് തന്നെയാണ്. ധനകാര്യമന്ത്രിക്കും ഗവൺമെന്റിനും അതറിയാം. നമ്മുടെ നികുതി നിർദ്ദേശങ്ങൾ ക്കെല്ലാം രൂപം നൽകുന്ന റൂൾസൊക്കെ എഴുതി ഉണ്ടാക്കുന്ന, അതിന് പേന പിടിക്കുന്ന ഉദ്യോഗസ്ഥൻമാരുടെ മാത്രം വിവേചനത്തിനും വിവേകത്തിനും വിട്ടാൽ അത് വലിയ പ്രതിസന്ധിയുണ്ടാക്കും എന്നുതന്നെയാണ് ഞാൻ ഓർമ്മിപ്പിക്കുന്നത്. അതിൽ പൊളിറ്റിക്കൽ ഇന്റർഫിയറൻസ് വേണം. ഭരണപരമായ ഇടപെടൽ അതിനകത്തുണ്ടാകണം. ആ ജാഗ്രത അതിനകത്തുണ്ടാകണം. എന്നുമാത്രമല്ല നമ്മുടെ വ്യാപാരി-വ്യവസായി സമൂഹവുമായിട്ടും ഇത് നടപ്പിലാക്കുന്ന സാഹചര്യത്തിൽ അവർക്കുള്ള ആശങ്കകൾ മുഖവിലയ്ക്കെടുത്തുകൊണ്ട് അവരുമായി ഇതിന്റെ പശ്ചാത്തലം ചർച്ച ചെയ്തുകൊണ്ട് വേണം റൂൾസ് ഫ്രെയിം ചെയ്യാൻ എന്നുള്ള നിർദ്ദേശമാണ് ഞാൻ മുന്നോട്ട് വയ്ക്കുന്നത്. എനിക്ക് മറ്റൊരു കാര്യം നിർദ്ദേശിക്കാനുള്ളത്, 2 ലക്ഷം രൂപ വരെയുള്ള വിറ്റുവരവുകാരെയാണ് സെയിൽസ് ടാക്സിന്റെ പരിധിയിൽപ്പെടുത്തിയിരുന്നതെങ്കിൽ വാല്യൂ ആഡഡ് ടാക്സ് നടപ്പിലാക്കുമ്പോൾ 5 ലക്ഷം രൂപ വരെ വാർഷിക വിറ്റുവരവുള്ളവരെയാണ് ഇതിന്റെ പരിധിക്കകത്ത് കൊണ്ടുവരുന്നത്. ഇതൊരു അനീതിയാണ്. എന്റെ വിനീതമായ അഭിപ്രായം, 25 ലക്ഷം രൂപയായി ഇത് ഉയർത്തണം എന്നുള്ളതാണ്. സാധാരണക്കാരായ, അന്നന്നത്തെ അപ്പത്തിനുള്ള വക അദ്ധ്വാനിച്ച് ഉണ്ടാക്കുന്ന ചെറുകിട കച്ചവടക്കാരെ "വാറ്റ്" നിയമത്തിന്റെ പരിധിയിൽനിന്നും ഒഴിവാക്കുക തന്നെ വേണം. 25 ലക്ഷം രൂപയായി ഈ വാർഷിക വിറ്റുവരവ് പരിധി വർദ്ധിപ്പിക്കണ മെന്നുള്ള നിർദ്ദേശം ഞാൻ ഗവൺമെന്റിന്റെ മുൻപിൽ, ധനകാര്യമന്ത്രിയുടെ മുൻപിൽ സമർപ്പിക്കുകയാണ്. 1963-ലെ ജനറൽ സെയിൽസ് ടാക്സ് ആക്റ്റ് റീട്ടെയിൽ ചെയ്തു കൊണ്ട് വാല്യൂ ആഡഡ് ടാക്സിൽനിന്നും 2 ഐറ്റംസ് മാറ്റുകയാണ്. ഏവിയേഷൻ ഓയിൽ ഉൾപ്പെടെയുള്ള പെട്രോളിയം ഉൽപ്പന്നങ്ങളും വിദേശമദ്യവും. അവിടെയാണ് മാഹിയും മറ്റ് പ്രദേശങ്ങളും അടങ്ങിയ പോണ്ടിച്ചേരി പോലെയുള്ള ഒരു സംസ്ഥാനം ഇത് നടപ്പിലാക്കില്ല എന്നുപറയുന്നത്. ഒരു യൂണിയൻ ടെറിറ്ററിക്ക് ഈ നിയമം നടപ്പിലാക്കില്ല എന്നുപറഞ്ഞുകൊണ്ട് ഒരുപാട് മുന്നോട്ട് പോകാൻ കഴിയുമെന്ന് ഞാൻ കരുതുന്നില്ല. പക്ഷേ അവർ ആ പിടിവാശി പിടിച്ചതുകൊണ്ട് കുറച്ച് ദിവസങ്ങ ളെങ്കിലും അവർ ആ സ്റ്റാൻഡിൽ നിന്നാൽ അതിന്റെ പ്രത്യാഘാതം ഉണ്ടാകാൻ പോകുന്നത് നമ്മുടെ സംസ്ഥാനത്തിനായിരിക്കും. അതുകൊണ്ട് ഈ ജനറൽ സെയിൽസ് ടാക്സ് ആക്റ്റ് നിലനിർത്തിക്കൊണ്ട് ലിക്കറിനും മറ്റ് പെട്രോളിയം ഉൽപ്പന്നങ്ങൾക്കും നമുക്ക് കിട്ടാവുന്ന പരമാവധി ടാക്സ് പിരിച്ചെടുക്കാനുള്ള നിലപാടിനെ ഞാൻ സ്വാഗതം ചെയ്യുന്നു. പക്ഷേ പോണ്ടിച്ചേരി ഉയർത്താൻ പോകുന്ന ഭീഷണി പരിഹരിക്കാനുള്ള നടപടി കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ടുകൊണ്ട് സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കണം എന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്. നികുതി വെട്ടിപ്പ്, ചെറുകിട കച്ചവടക്കാരുടെ ഭീതി അകറ്റണമെന്ന് പറയുമ്പോൾ അതുതന്നെ, റൂൾസ് ഫ്രെയിം ചെയ്യുമ്പോൾ നികുതി വെട്ടിപ്പിനെ സംബന്ധിച്ചുള്ള

LIBRARY ARCHIVES Kerala Legislative Assembly

അനന്തമായ സാദ്ധ്യത ഇപ്പോഴും വാല്യു ആഡഡ് ടാക്സ് നടപ്പിലാക്കുമ്പോൾ ഉണ്ടാകും. കൃത്രിമ രേഖ ഉണ്ടാക്കിയാൽ മതി. ശ്രീ. ടി. കെ. ബാലൻ പറഞ്ഞത് ഞാൻ ആവർത്തിക്കുകയാണ്. കൃത്രിമരേഖ ഉണ്ടാക്കിക്കഴിഞ്ഞാൽ ടാക്സ് വെട്ടിപ്പ് നടത്താനുള്ള വളരെയേറെ സാദ്ധ്യതകൾ ഇതിനകത്തുണ്ട്. നമ്മുടെ സംസ്ഥാനത്തിന് പകർന്ന് കിട്ടിയിട്ടുള്ള വിവേചനാധികാരം ഉപയോഗിച്ചുകൊണ്ട് പത്ത് കമ്മോഡിറ്റീസിനെ ഈ ടാക്സേഷനിൽനിന്ന് ഒഴിവാക്കുകയാണ്. ആ പത്തും ഇപ്പോൾ ഫൈനലൈസ് ചെയ്തുകഴിഞ്ഞു. അതിനകത്ത് കുടുംബശ്രീ യൂണിറ്റുകളുടെ പ്രോഡക്ടുകളെക്കൂടി ഉൾപ്പെടുത്തണം. നമ്മുടെ ഗ്രാമീണ സാമ്പത്തിക രംഗത്തിന്റെ നിലനിൽപ്പിന് വേണ്ടിയാണ് കുടുംബശ്രീ പ്രോഡക്റ്റ്സ്. കുടംബശ്രീ പ്രോഡക്റ്റാണെന്ന് പറഞ്ഞ് ലേബൽ ഒട്ടിച്ച് കൃത്രിമം കാണിക്കാൻ പ്രൊഡ്യൂസേഴ്സിനെ അനുവദിക്കാൻ പാടില്ല. പക്ഷേ യഥാർത്ഥത്തിലുള്ള കുടുംബശ്രീ യൂണിറ്റുകളുടെ ഉൽപ്പന്നങ്ങളെക്കൂടി നമ്മുടെ നാട്ടിൽ ഇക്കോണമി നിലനിർത്താൻ വേണ്ടി 10 കമ്മോഡിറ്റീസിൽ അതുകൂടി എക്സംപ്റ്റ് ചെയ്യാനുള്ള നടപടി ഈ ഫിനാൻസ് ബിൽ പാസ്സാക്കുമ്പോൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. വ്യാപാരി-വ്യവസായി സമൂഹവുമായിട്ടും വിശദമായ ഒരു ചർച്ച വരുന്ന 28 ദിവസത്തിനുള്ളിൽ നടത്തണം. റൂൾസ് ഫ്രെയിം ചെയ്ത് ഈ രംഗത്തേക്ക് കളക്ഷൻ ഏപ്രിൽ 1-ന് ആരംഭിക്കേണ്ടിവരുമെന്നുള്ളതുകൊണ്ട് വ്യാപാരി വ്യവസായി സമൂഹത്തിലുണ്ടായിരിക്കുന്ന ആശങ്ക എന്തുവന്നാലും, അവർ പറഞ്ഞാലും ഇല്ലെങ്കിലും അവസാനം ഭാരം മുഴുവൻ പേറേണ്ടി വരുന്നത് സാധാരണ ജനങ്ങളാണെന്നുള്ള യാഥാർത്ഥ്യം കണക്കിലെടുത്തുകൊണ്ട് വ്യാപാരി-വ്യവസായി സമൂഹം ഉയർത്തുന്ന അവരുടെ പ്രശ്നങ്ങൾ കൂടി ചർച്ച ചെയ്തു കൊണ്ടുവേണം റൂൾസ് ഫ്രെയിം ചെയ്യാൻ. റൂൾസ് ഫ്രെയിം ചെയ്യുന്നതിൽ ഭരണപരമായ ഇടപെടലുണ്ടാകണം. ജനങ്ങൾക്കും ട്രേഡേഴ്സിനും ഉണ്ടായിരിക്കുന്ന ആശങ്ക മാറ്റണം. ബോധവൽക്കരണമല്ല വേണ്ടത്. ആശങ്ക മാറ്റാനുള്ള നടപടി റൂൾസ് ഫ്രെയിം ചെയ്യുന്ന ഘട്ടത്തിൽ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, നാം ഒരു പുതിയ സിസ്റ്റത്തിലേക്ക് ഏപ്രിൽ ഒന്നു മുതൽ വരുന്നതുകൊണ്ട് കുറേ ആശങ്കകളും സംശയങ്ങളുമെല്ലാം എല്ലാവർക്കുമുണ്ട്. പക്ഷേ ഇത് കഴിഞ്ഞ അഞ്ചാറ് വർഷമായി ആൾ ഇൻഡ്യാ ലവലിൽ ചർച്ച ചെയ്ത് ഒരു ഏകോപന സ്വഭാവത്തോടുകൂടിയാണ് "വാറ്റ്" സിസ്റ്റം ഇപ്പോൾ നമ്മൾ introduce ചെയ്തിരിക്കുന്നത്. മോഡൽ ആക്റ്റിന്റെ കോപ്പി Empowered Committee തന്നെയാണ് തന്നത്. എല്ലാ സംസ്ഥാനവും അവരുടെ ചില പ്രത്യേകതകൾ വച്ചുകൊണ്ടുള്ള ചെറിയ സ്വാതന്ത്ര്യത്തിൽ ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഉദാഹരണമായി, സംസ്ഥാനത്തിന്റെ പ്രത്യേകതകളനുസരിച്ച് 10 കാര്യങ്ങളിൽ ടാക്സ് എക്സംപ്റ്റ് ചെയ്ത് കൊടുക്കാൻ നമുക്ക് അധികാരം തന്നിട്ടുണ്ട്. മറ്റെല്ലാം ഏതാണ്ട് ഒരേ രീതിയിലാണ്, ഒരേ കണക്ക് അനുസരിച്ചാണ് ടാക്സേഷൻ വരുന്നത്. അതുകൊണ്ടുതന്നെ പല ബുദ്ധിമുട്ടുകളും ഒഴിവാക്കാൻ കഴിയും. ഇപ്പോൾ റബ്ബറിന്റെ കാര്യം പറഞ്ഞു, നമുക്ക് 12 ശതമാനമായിരുന്നു. നേരെമറിച്ച് കർണ്ണാടകയ്ക്ക് 4 ശതമാനമായിരുന്നു. ടാക്സ് ഇവേഷൻ ധാരാളമുണ്ടായിരുന്നു. റബ്ബർ കർണ്ണാടകയിൽ പോയാണ് വിൽപ്പന നടത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് ഒരുപാട് ടാക്സ് ഇവേഷനുണ്ടായിരുന്നു. അത് ഇൻഡ്യ ഒട്ടുക്ക് 4 ശതമാനമായി ഒരു യൂണിഫോമിറ്റി വന്നതുകൊണ്ട് വളരെ പ്രയോജനങ്ങളുണ്ടാകും. കൺസ്യൂമർക്ക് കൂടുതലാകില്ലേ എന്ന് ചോദിച്ചു, കൺസ്യൂമർക്ക് കുറയുകയേയുള്ളൂ. കാരണം, പണ്ട് ടാക്സേഷൻ പല ലവലിൽ നടക്കുന്നതുകൊണ്ട് അതെല്ലാം അന്തിമമായി വന്നുചേരുന്നത് കൺസ്യൂമേഴ്സിനാണ്. സെറ്റ് ഓഫ് ഉള്ളതുകൊണ്ട് കൺസ്യൂമർക്ക് അവസാനമായി ഇന്നുള്ളതിനേക്കാൾ കുറഞ്ഞ വിലയ്ക്ക് സാധനം കിട്ടാനാണ് സാദ്ധ്യത. അതുകൊണ്ട് തന്നെ ഭയത്തിന്റെ.....

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. എം. ഹസ്സൻ]

ഡോ: തോമസ് ഐസക്: അങ്ങ് പറഞ്ഞത് ഇന്ത്യ മുഴുവൻ ഒറ്റ "വാറ്റ്" സിസ്റ്റത്തിന്റെ കീഴിൽ വന്നാൽ ഈ പറഞ്ഞതിന് അർത്ഥമുണ്ട്. ഓരോ സംസ്ഥാനത്തിനും പ്രത്യേകം പ്രത്യേകം വാറ്റാണല്ലോ? സെൻട്രൽ എക്സൈസ് ടാക്സിന് സെറ്റ് ഓഫ് കിട്ടുന്നില്ല. പിന്നെ സംസ്ഥാനത്തെ ഉപഭോക്താവിന്റെ ഭാരം കുറയുമോ ഇല്ലയോ എന്നു തീരുമാനിക്കാൻ "വാറ്റ്" സ്ലാബിൽ ഉപഭോക്തൃ ഉല്പന്നങ്ങൾ 4 ശതമാനത്തിൽ വരുമോ പന്ത്രണ്ടര ശതമാനത്തിൽ വരുമോ എന്നുള്ളതാണ്. പന്ത്രണ്ടരശതമാനമാണ് ഭൂരിപക്ഷം ഉപഭോക്തൃ ഉല്പന്നങ്ങളുടെയും, സ്ലാബ് നിലവിലുള്ളതിനെക്കാൾ ഉയരുകയാണ് ചെയ്യുന്നത്. ഇത് സെന്റർ ഫോർ ടാക്സേഷന്റെ പഠനം തന്നെ തെളിയിച്ചിട്ടില്ലേ?

12 P.M.]

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): ഞാൻ പറഞ്ഞത് വേറെ ഒരു കാര്യം. ഡോക്ടർ പറഞ്ഞത് വേറെ ഒരു കാര്യം. ഞാൻ പറഞ്ഞത് ഇപ്പോൾ നമ്മൾ ഒരു സ്ഥലത്തുനിന്നും 100 രൂപയ്ക്ക് സാധനം വാങ്ങിച്ചാൽ അവിടെ ടാക്സ് കൊടുക്കണം. അത് കഴിഞ്ഞ് 120 ന് പോയാൽ ആ 120 ന്റെ ടാക്സ് വരും. മൂന്നാമത് ഒരു സെയിൽ വന്നാൽ 150നായാൽ 150 ന്റെ ടാക്സ് വരും. ഇനി മുതൽ ആദ്യ 100 രൂപയുടെ ടാക്സ് കൊടുത്താൽ പിന്നെ 125 നാണ് വിൽക്കുന്നതെങ്കിൽ 25 രൂപയുടെ ടാക്സ് കൊടുത്താൽ മതി. പിന്നെ 150 നാണ് വിൽക്കുന്നതെങ്കിൽ പിന്നെ 25 രൂപയുടെ ടാക്സ് കൊടുത്താൽ മതി. അപ്പോൾ വലിയ ഒരു എമൗണ്ടിന്റെ ടാക്സ് കൊടുക്കുന്നതിനു പകരം സെറ്റ് ഓഫ് എന്നുള്ളതു കൊണ്ട് അന്തിമമായി കൺസ്യൂമർക്ക് ഇത് സഹായവില കുറവായിരിക്കുമെന്ന് Empowered Committee വിലയിരുത്തിയിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് ഇങ്ങനെ ടാക്സ് കുറയും കൺസ്യൂമർക്ക് വിലകുറയും എന്ന് നമ്മൾ തന്നെ വിലയിരുത്തിയിട്ടുള്ളത്. കേരളത്തിൽ ഏതാണ്ട് 840 കോടി രൂപയുടെ നഷ്ടം ഉണ്ടാകുമെന്നു അസസ് ചെയ്തിട്ടുള്ളതും അതാണ്. പക്ഷേ 840 കോടി രൂപയുടെ നഷ്ടം ഉണ്ടാകുമെന്നു നമ്മൾ അസസ് ചെയ്തിട്ടുണ്ടെങ്കിലും നമ്മുടെ പ്രതീക്ഷ, evasion കുറയും എന്നുള്ളതുകൊണ്ട് ഇതിനകത്ത് വരാതിരിക്കാൻ കഴിയുകയില്ല. അതുകൊണ്ട് evasion വളരെ കുറയും, കുറച്ചുകൂടി ട്രാൻസ്പരന്റ് ആകും. അതിന്റെ അടിസ്ഥാനത്തിൽ നമുക്ക് കുറെ കൂടുതൽകിട്ടും എന്നുള്ള ഒരു അസസ്സുമെന്റുണ്ട്. ഏത് ലവലിൽവരെ കിട്ടുമെന്നു ഇപ്പോൾ പറയാൻ കഴിയുകയില്ല. അത് പരിശോധിച്ച് നോക്കിയാൽ അറിയാം. മറ്റ് സംസ്ഥാനങ്ങളുടെ കാര്യം പറഞ്ഞു. ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞു പോണ്ടിച്ചേരി അവസാനമായി നടപ്പിലാക്കാൻ പോവുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

കാരണം അല്ലെങ്കിൽ അവർക്ക് പിടിച്ചു നിൽക്കാൻ പറ്റുകയില്ല. ഈ കൊച്ച് സംസ്ഥാനമായ ഇവർക്ക് വന്നില്ലെങ്കിൽ പിടിച്ചുനിൽക്കാൻ പറ്റില്ല എന്നുള്ളതുകൊണ്ട് അവരും ഇപ്പോൾ "വാറ്റ്" നടപ്പിലാക്കുകയാണ്. ഇതുവരെ നടപടി എടുക്കാതിരുന്നത് പ്രഖ്യാപനമൊന്നും ഉണ്ടായില്ലെങ്കിൽ നടപ്പിലാക്കാതിരുന്നത് തമിഴ്നാടാണ്. അത് എന്തുകൊണ്ടാണെന്നറിയില്ല. അത് പേഴ്സണാലിറ്റി കോൺഫ്ളിക്ടാണോ എന്താണെന്ന് എനിക്ക് അറിയാൻ പാടില്ല. അവിടെ മാത്രം വലിയ സ്റ്റെപ്പ് എടുക്കാതിരുന്നത്. ബാക്കിയെല്ലായിടത്തും നടപ്പിലാക്കുന്നു എന്നാണ് അറിയാൻ കഴിഞ്ഞത്. ഇപ്പോൾ ശ്രീ. മുരളി പറഞ്ഞപ്പോൾ എല്ലാം വില്പന നികുതി സെയിൽസ് ടാക്സുണ്ട്. ചിലതെല്ലാം "വാറ്റിൽ" വരുന്നു. അങ്ങനെയല്ല നമ്മൾ യൂണിഫാമായിട്ട് തീരുമാനിച്ചിട്ടുള്ളത് എല്ലാ സംസ്ഥാനങ്ങളിലും എവിയേഷൻ ഫ്യൂവലിനും പെട്രോൾ ഉല്പന്നങ്ങൾക്കും ലിക്കറിനും അതാത് സംസ്ഥാനത്തിന്റെ താൽപര്യം അനുസരിച്ച് അവരവരുടെ ഇഷ്ടംപോലെ ടാക്സ് പിരിക്കുന്നുണ്ട്. ബാക്കിയെല്ലാം ഏകീകരിച്ച ടാക്സാണ്. ഇന്ത്യ മുഴുവൻ ഒരു ഏകീകരിച്ച ടാക്സാണ് വരുന്നത്. അത് ഇവിടെ ശ്രീ. പൗലോസ് റബറിന്റെ കാര്യം പറഞ്ഞു. ഒരു പ്രശ്നമുണ്ട്. ഇപ്പോൾ കൈയിൽ റബർ ഇരിക്കുന്ന പന്ത്രണ്ടര ശതമാനം കൊടുത്തു വാങ്ങിച്ച റബർ ഏപ്രിൽ ഒന്നാംതീയതി മുതൽ നാല് ശതമാനം ആകുമ്പോൾ അതിൽ അവർക്ക് നഷ്ടം വരികയില്ലേ എന്നുള്ളത്. പക്ഷേ അത് കൈവശമുള്ള സ്റ്റോക്കിന് എല്ലാം തന്നെ നാല് ശതമാനം വച്ചുള്ള അഡ്ജസ്റ്റുമെന്റ് ചെയ്തു കൊടുക്കാൻ ഗവൺമെന്റ് തയ്യാറാണ്. അതിനുള്ള അമെന്റ്മെന്റും ഇവിടെ കൊണ്ടുവരുന്നുണ്ട്. ആരുടെ കൈവശമിരുന്നാലും അവർക്ക് ആ നഷ്ടം വരുകയില്ല. അവർക്ക് നാല് ശതമാനമായി അഡ്ജസ്റ്റ് ചെയ്തു കൊടുക്കാനായിട്ടുള്ള അമെന്റ്മെന്റ് ഗവൺമെൻറ് ഒഫിഷ്യലായിട്ട് കൊണ്ടുവരുന്നുണ്ട്. അതുകൊണ്ട് അങ്ങനെയൊരു ആശങ്കയ്ക്ക് ഇടയില്ല. സ്റ്റാമ്പ് ഡ്യൂട്ടിയുടെ കാര്യം പറഞ്ഞു. സ്റ്റാമ്പ് ഡ്യൂട്ടി നമ്മൾ ഒരു കണ്ടീഷനിലാണ് പറഞ്ഞത്. നമ്മൾ അതിന് ഫെയർവാല്യൂ തീരുമാനിച്ചു കഴിഞ്ഞാൽ അതു മുഴുവൻതന്നെ പ്രമാണത്തിൽ വയ്ക്കും. അപ്പോൾ നമുക്ക് ഒരു വലിയ ഇൻക്രീസ് ഉണ്ടാകും. ആ ഇൻക്രീസ് ഉണ്ടാകുന്നതിന്റെ അടിസ്ഥാനത്തിലാണ് നമ്മൾ സ്റ്റാമ്പ് ഡ്യൂട്ടി പറഞ്ഞത്. പക്ഷേ നമുക്ക് ഫെയർ വാല്യൂ ഡിക്ലെയർ ചെയ്യാൻ കഴിഞ്ഞില്ല. ഫെയർ വാല്യൂ ഡിക്ലെയർ ചെയ്തതിനുശേഷം ആ വേണ്ടിയിരുന്ന സ്റ്റാമ്പ് ഡ്യൂട്ടി കുറവ് വരുത്തേണ്ടത്, സ്റ്റാമ്പ് ഡ്യൂട്ടി കുറവ് വരികയും അതിൽ നമുക്ക് വരുമാനത്തിൽ കുറവ് വന്നിട്ടുണ്ട്. പക്ഷേ കൂടുതൽ transaction നടന്നിട്ടുണ്ട് എന്നു പറയുന്നത് ഒരു സത്യമാണ്. അത് എന്തുകൊണ്ടാണെന്നുവച്ചാൽ സ്റ്റാമ്പ് ഡ്യൂട്ടി പറഞ്ഞ് ആരും കാശു കൂടുതൽ വാങ്ങിച്ചിട്ടില്ല. ബാങ്കിന്റെ പലിശ കുറഞ്ഞപ്പോൾ, ബാങ്കിൽ കൊണ്ടു പോയി ഇടുന്നത് അത്ര ആദായകരമല്ല എന്നു കണ്ടപ്പോൾ ആളുകൾ പുരയിടം വാങ്ങാൻ തുടങ്ങി. അത്രയും നമുക്ക് കൂടുതൽ കിട്ടേണ്ടതായിരുന്നു. അത് നമുക്ക് കിട്ടിയില്ല. പുരയിടം വാങ്ങുന്ന ഒരാളിന്.....

ശ്രീ. എ. കെ. ബാലൻ : ഫെയർ വാല്യൂ ഇപ്പോഴും നിശ്ചയിക്കാത്ത സാഹചര്യത്തിൽ ഇത്രയും വലിയ സ്റ്റാമ്പ് ഡ്യൂട്ടി വർദ്ധനവ് വന്നുകഴിഞ്ഞാൽ അണ്ടർ വാല്യൂവേഷൻ സ്വാഭാവികമായും ഉണ്ടാകാൻ പോവുകയല്ലേ. അത് എങ്ങനെയാണ് ഗവൺമെന്റ് പരിഹരിക്കാൻ പോകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വക്കം പുരുഷോത്തമൻ : ഏപ്രിലിൽ ഇത് നടപ്പിലാക്കി കഴിഞ്ഞതിനുശേഷം അണ്ടർ വാല്യൂഷൻ വരുകയാണെങ്കിൽ രണ്ട് മൂന്നു വസ്തു ഇങ്ങനെ ഏറ്റെടുക്കും. അതിന് പ്രൊവിഷനുണ്ട്. അണ്ടർ വാല്യൂവേഷൻ ചെയ്യുന്ന പുരയിടങ്ങൾ സർക്കാർ ഏറ്റെടുക്കും. അപ്പോൾ അത് നിൽക്കും. പിന്നെ എല്ലാവരും ഫെയർവാല്യൂ വച്ചു കൊള്ളും. ഗവൺമെൻറ് എടുത്താൽ ഭീമമായ നഷ്ടം വരാത്തവിധംവരും. അത് ഞാൻ ഈ ഹൗസിന് ഉറപ്പ് നൽകുകയാണ്. ഏപ്രിലിനുശേഷം വളരെ വില കുറച്ചു വയ്ക്കുന്നവരുടെ വസ്തു ചിലത് ഗവൺമെന്റ് ഏറ്റെടുക്കും.

ഡോ: കെ. സി. ജോസഫ്: ഫെയർ വാല്യൂ ഫിക്സ് ചെയ്യുന്നതിനു മുമ്പാണ് സ്റ്റാമ്പ് ഡ്യൂട്ടി കുറച്ചുകൊണ്ട് ഉത്തരവ്. അത് ശരിയല്ല. ഒരു വാല്യൂ ഫിക്സ് ചെയ്തിരുന്നു. അതിൽ ചില അപാകതകൾ ഉണ്ടായി. ആ അപാകതകൾ ഉള്ളതുകൊണ്ട് ജനങ്ങളുടെ ഇടയിൽ എതിർപ്പുകൾ ആ വാല്യൂ ഫിക്സ് ചെയ്യുന്നതിനെതിരെ ഉണ്ടായി. ചെയ്യേണ്ടിയിരുന്നത് ജനങ്ങളുടെ പരാതി ഒഴിവാക്കി ഫെയർ വാല്യൂ ഫിക്സ് ചെയ്തിട്ടു ള്ളതായിരുന്നില്ലേ. ഇപ്പോൾ ചെരിപ്പിന്റെ അളവ് അനുസരിച്ച് കാല് മുറിച്ചിരിക്കുകയല്ലേ അങ്ങ് ചെയ്തിരിക്കുന്നത്?

ശ്രീ. വക്കം പുരുഷോത്തമൻ: അന്ന് നമ്മളൊക്കെ ഫെയർ വാല്യൂ ഫിക്സ് ചെയ്തുകൊണ്ട് വന്നത് അത്ര ശരിയായിരുന്നില്ല. ഞാനും ചെയറിൽ ഇരുന്നുകൊണ്ട് ഇത് പറഞ്ഞതാണ്. ഇത് ശരിയാവുകയില്ല. അതേ സമയത്ത് തമിഴ്നാട്ടിൽ ഫലപ്രദമായി നടക്കുന്നുണ്ട്, ഇപ്പോഴും നടക്കുന്നുണ്ട്. അതു കുറ്റമറ്റതായി ചെയ്യാൻ കഴിയും എന്നു ണ്ടെങ്കിൽ അത് നല്ല കാര്യമാണ്. അത് ചെയ്യേണ്ടതുമാണ്. ഏതായാലും നമുക്ക് ഇപ്പോൾ പെട്ടെന്നു വലിയ നഷ്ടം വന്നതുകൊണ്ടും നമുക്ക് അത് ഒഴിവാക്കാൻ കഴിയാത്തതുകൊണ്ടും നമ്മുടെ സാമ്പത്തികസ്ഥിതി വളരെ മോശമായതുകൊണ്ടും ഒറിജിനൽ പൊസിഷനിലേക്ക് ഞാൻ കൊണ്ടുപോകുന്നു. കൂടുതലൊന്നും കൂട്ടുകയില്ല. ഒറിജിനൽ പൊസിഷനിലേക്ക് കൊണ്ടു പോകും.

ശ്രീ. പി. സി. ജോർജ്: സർ, 2,98,00,000 രൂപ രജിസ്ട്രേഷൻ ഫീസ് നൽകേണ്ടിയി രുന്ന എറണാകുളത്തെ കവിത തീയേറ്റർ, അങ്ങേയ്ക്ക് അറിയാം സംഭവം. സ്റ്റാമ്പ് ഡ്യൂട്ടി കുറച്ചതോടുകൂടി അത് അഡ്ജസ്റ്റ് ചെയ്തു പോയത് അങ്ങയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? അങ്ങനെയെങ്കിൽ നിയമപരമായി ഗവൺമെന്റിലേക്ക് വരേണ്ട, ലജനാവിലേക്ക് വരേണ്ട പണം വരാനുള്ള നടപടി സ്വീകരിക്കാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: ചോദ്യം കുറിച്ചു തന്നാൽ ഞാൻ അതേക്കുറിച്ച് ആക്ഷൻ എടുക്കാം.

ശ്രീ. എ. കെ. ബാലൻ: ഫെയർ വാല്യൂ അന്ന് നിശ്ചയിച്ചതിന്റെ ഒരു പ്രധാന പ്പെട്ട കാരണം ഒരു മന്ത്രിക്ക് രക്ഷപ്പെടുന്നതിനുവേണ്ടിയിട്ടായിരുന്നു. അത് പോയി. സാറിപ്പോൾ ചെയ്യാൻ പോകുന്നത് എന്താണെന്നു വച്ചാൽ ഫെയർ വാല്യൂ വേണ്ട അണ്ടർ വാല്യൂവേഷൻ നടത്തിക്കോട്ടേ. ഏതെങ്കിലും ഒന്നോ രണ്ടോ ആൾക്കാരെ

ഞങ്ങൾ പിടിക്കും പിന്നെ എല്ലാ ആൾക്കാരും അങ്ങ് നേരെയായി കൊള്ളും എന്നു പറഞ്ഞു കഴിഞ്ഞാൽ ഇത് പിടിക്കാൻ പോകുന്നില്ല എന്നു മാത്രമല്ല ഉദ്ദേശിക്കുന്ന ഒരു കാര്യവും നടപ്പിലാക്കാൻ കഴിയുകയില്ല. അണ്ടർ വാല്യുവേഷൻ കൂടാനാണ് പോകുന്നത്. അണ്ടർ വാല്യുവേഷൻ കൂടാനുള്ള സാഹചര്യമാണ് ഇന്ന് കേരളത്തിലുള്ളത്. ഒന്നോ രണ്ടോ കേസ് പിടിച്ചതുകൊണ്ട് മാത്രം കാര്യമാവുകയില്ല. ഏറ്റവും നല്ല രീതിയിൽ ഫെയർ വാല്യു നടത്താൻ പറ്റുമോ എന്നുള്ളതാണ്.

ശ്രീ. വക്കം പുരുഷോത്തമൻ: എന്തായാലും ഏപ്രിൽ മാസത്തിൽ ഞാൻ ധനമന്ത്രിയായിരിക്കുമെന്നാണ് എന്റെ പ്രതീക്ഷ. അങ്ങനെയാണെങ്കിൽ ഏപ്രിലിൽ നടക്കുന്ന പ്രമാണങ്ങൾ പരിശോധിച്ച് ചില വസ്തു എടുത്ത് നടപടി എടുത്തതായിട്ട് ബഹുമാനപ്പെട്ട മെമ്പറെ ഞാൻ പ്രത്യേകമായിട്ട് അറിയിക്കാം. അത്രയെ ഇപ്പോൾ എനിക്ക് പറയാൻ കഴിയൂ.

ഡോ: തോമസ് ഐസക്ക്: സർ, അങ്ങ് പറയുകയുണ്ടായി നമ്മൾ സ്റ്റാമ്പ് ഡ്യൂട്ടി കുറച്ചതിന്റെ ഫലമായിട്ട് നഷ്ടം വന്നുയെന്ന്. സ്റ്റാമ്പ് ഡ്യൂട്ടി പകുതിയായിട്ട് കുറച്ചു. അപ്പോൾ എന്താണ് സംഭവിച്ചത്? അപ്പോൾ 2003-04-ൽ 550 കോടി രൂപ നികുതി വരുമാനം ഉണ്ടായത് പകുതിയായി കുറച്ചപ്പോൾ 684 കോടി രൂപയായി വർദ്ധിച്ചിരിക്കുകയാണ്. റിവൈസ്ഡ് എസ്റ്റിമേറ്റ്. ഇതിന്റെ പശ്ചാത്തലത്തിൽ അതിന് കാരണം അങ്ങ് പറയുകയും ചെയ്തു. അതുമാത്രമല്ല നമ്മൾ ഫെയർവാല്യു ഫിക്സ് ചെയ്തു എന്നുള്ളതുതന്നെ ലാന്റ് വാല്യുവേഷൻ ഉയർത്തുന്നതിന് ഇടയായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഈ വർഷം വർദ്ധിപ്പിച്ചു. പക്ഷേ ഇരട്ടിയായിട്ട് പൂർവ്വസ്ഥിതിയിലേക്ക് പോകേണ്ടതുണ്ടോ?

ശ്രീ. വക്കം പുരുഷോത്തമൻ: എല്ലാവരും പൂർവ്വ സ്ഥിതിയിലേക്കല്ലേ പോയിട്ടുള്ളൂ. വർഷങ്ങളായി നിലനിന്ന പൂർവ്വ സ്ഥിതിയിലേക്കല്ലേ പോയിട്ടുള്ളൂ. അതിൽ കൂട്ടിയില്ലല്ലോ? അഗ്രികൾച്ചറൽ ഇൻകം ടാക്സിനെപ്പറ്റി പറഞ്ഞു. അതിന്റെ അമെന്റ്മെന്റ് വരുന്നുണ്ട്. അപ്പോൾ ഞാൻ വിശദീകരിക്കാം. ഇത് ഞാൻ പറഞ്ഞതാണെങ്കിലും അതിന്റെ അമെന്റ്മെന്റ് വരുന്നുണ്ട്. ലക്ഷ്വറി ടാക്സിന്റെ കാര്യം ഇവിടെ പറഞ്ഞു. മൂവായിരം രൂപാവരെ കിട്ടുന്ന സാധനങ്ങൾക്കാണ് ആദ്യം ഇവിടെ ലക്ഷ്വറി ടാക്സ് വച്ചത്. എങ്കിലും അത് ടാക്സേഷന്റെ അടിസ്ഥാനത്തിൽ അയ്യായിരം രൂപയായി ഉയർത്തി. അതുംപോരാ എന്നുള്ള രീതിയിൽ, ജനവികാരങ്ങൾ മാനിച്ചുകൊണ്ടാണ് ആറായിരം രൂപയായി ഉയർത്തിയിരിക്കുന്നത്. കുടുംബശ്രീയുടെ കാര്യം ശ്രീ. മുരളി പറഞ്ഞു. കുടുംബശ്രീ എക്സംപ്ട് ചെയ്തിട്ടുണ്ട്. പത്ത് ഐറ്റത്തിൽ കുടുംബശ്രീ ഉല്പന്നങ്ങളുമുണ്ട്.

ശ്രീ. വി. ഡി. സതീശൻ: ഒരു പരാതിയുള്ളത്, അഞ്ചു ലക്ഷം എന്നുള്ളത് കുറച്ചുകൂടി വർദ്ധിപ്പിക്കണം. അല്ലെങ്കിൽ ചെറിയ കളക്ഷനുള്ള പെട്ടിക്കടക്കാർ ഈ നെറ്റുവർക്കിൽ വരും. ഏറ്റവും മിനിമം പത്തു ലക്ഷമാക്കണം. അല്ലെങ്കിൽ പെട്ടിക്കച്ചവടക്കാരും ഈ ടാക്സ് റേറ്റിൽ വരും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വക്കം പുരുഷോത്തമൻ: അതിനെക്കാളും വേണ്ടാ എന്നുവച്ചുകൂടെ. അല്ല, വ്യാപാരി വ്യവസായികളെ സംബന്ധിച്ചിടത്തോളം, ചെറുകിട വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം അവരുടെ ആശങ്ക മാറ്റണമെന്നു തന്നെയാണ് ഗവൺമെന്റിന്റെ ആഗ്രഹം. തെറ്റായ ചില ധാരണകൾ, ചില കേന്ദ്രങ്ങളിൽനിന്നു വന്ന തെറ്റായ പ്രചരണങ്ങൾ അവരിൽ ഒരു സംശയം ഉളവാക്കിയിരിക്കുന്നുവെന്ന് ചില കച്ചവടക്കാർ എന്നോടു വന്നു പറഞ്ഞു. എല്ലാ കച്ചവടക്കാരും നഷ്ടങ്ങൾ പറ്റും എന്നു പറഞ്ഞാൽ ഇതിൽ വന്നു രജിസ്റ്റർ ചെയ്യും. അല്ലെങ്കിൽ അവർക്ക് പലതും നഷ്ടപ്പെടും. ഇതിന്റെ ഇടയിൽ കച്ചവടക്കാർക്ക് പിടിച്ചു നിൽക്കാൻ കഴിയുകയില്ല. അതുകൊണ്ട് അവർ സ്വയം വന്ന് ചേരുകതന്നെ ചെയ്യുമെന്ന് എനിക്ക് ഉറപ്പുള്ളതുകൊണ്ടാണ് ഇങ്ങനെ ഒരു നിയമം കൊണ്ടുവന്നത്. ആദ്യം 2002-ൽ രണ്ടു ലക്ഷം രൂപയാണ് വച്ചിരുന്നത്. അതിപ്പോൾ അഞ്ചു ലക്ഷം രൂപയാക്കി ഉയർത്തി. അതുകുറച്ചുകൂടി ഉയർത്തണമെന്നുള്ള വികാരമാണ് പൊതുവേ ഈ ഹൗസിൽ കണ്ടത് എന്നുള്ളതുകൊണ്ട് പത്തു ലക്ഷം രൂപയായി ഉയർത്താം. ഞാൻ അക്സപ്ട് ചെയ്യാം. ഞാനായിട്ട് വരുന്നില്ല. നിങ്ങളുടെ അമെന്റ്മെന്റ് നിഷേധിച്ചുകൊണ്ട് ഞാൻ എന്തോയിട്ടുള്ള തീരുമാനം എടുക്കുന്നില്ല. ഞാൻ കണ്ടു, ശ്രീ. മമ്മത്കോയയുടെ അമെന്റ്മെന്റിലുണ്ട്. അതുകൊണ്ട് അവരെ വിളിച്ച് സംസാരിക്കാം. അവരുടെ സംശയം മാറ്റണം. അവർക്ക് ഇതിൽ ഒരു രീതിയിലുള്ള ഉപദ്രവങ്ങളും ഉണ്ടാകുകയില്ല. അവർക്ക് ഹരാസ്മെന്റ് കുറയുകയും ചെയ്യും. അവരെ വിളിച്ച് ഡിസ്കസ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. ഏഴാം തീയതി ഡിസ്കസ് ചെയ്യാനാണ് തീരിമാനിച്ചിരിക്കുന്നത് എന്നാണ് ഞാൻ ഇവിടെ ഹൗസിൽ പറഞ്ഞത്. പക്ഷേ അഞ്ചാം തീയതി നടത്താനിരുന്ന വാറ്റ്-ന്റെ മീറ്റിംഗ് ഏഴാം തീയതിയിലേക്ക് മാറ്റിയതുകൊണ്ട് അഞ്ചാം തീയതിതന്നെ അവരെ വിളിച്ച് ഡിസ്കസ് ചെയ്യുന്നുണ്ട്. അവരുടെ സംശയങ്ങൾ തീർക്കുന്നതിനും അവരെ main stream-ലേക്ക് കൊണ്ടുവരുന്നതിനും ആത്മാർത്ഥമായ പരിശ്രമം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകും.

ഡോ. തോമസ് ഐസക്: ചെറുകിട കർഷകരുടെ സീലിംഗ് ഉയർത്തുന്നതിന് അങ്ങ് അനുകൂലമായ ഒരു നിലപാടെടുക്കുന്നത് സ്വാഗതാർഹം തന്നെ. പക്ഷേ അതോടൊപ്പംതന്നെ ഇതിന്റെ റേറ്റ്, പ്രസന്റ് ടാക്സ് റേറ്റ് കുറച്ചുകൊടുക്കുന്നത് പ്രധാനമാണ്. അതിന് Empowered Committee-യുടെ വൈറ്റ് പേപ്പറിലൊന്നും യാതൊരു ഒബ്ജക്ഷനുമില്ല. കാരണം അവർ ഇത് ആയിരിക്കും പ്രസന്റ് ടാക്സ് എന്നു പറയുന്നില്ല. അവർ പറയുന്നത് 'Small percenetage of the gross turnover' ആയി ലിമിറ്റ് ചെയ്യണമെന്നാണ്. ഇതിന്റെ പ്രധാന്യം എന്താണെന്നുവച്ചാൽ ചെറുകിട ഉൽപ്പാദകർക്ക് സെറ്റ് ഓഫ് കിട്ടുകയില്ല. അവർ രണ്ടു ശതമാനമെങ്കിൽ രണ്ടു ശതമാനം കൊടുക്കാൻ നിർബന്ധിതരാണ്. യഥാർത്ഥത്തിൽ അവരുടെ marginal incidence-ന്റെ ടാക്സ് കൊടുക്കുന്നവരെക്കാൾ ഉയർത്തുന്നതിനുസാധിക്കും.

ശ്രീ. വക്കം പുരുഷോത്തമൻ: ഇപ്പോൾ അമ്പതു ലക്ഷം വരെ അവർക്ക് ഒരു ശതമാനം മാത്രമേയുള്ളൂ. ഇനി ഒരു ശതമാനത്തിൽനിന്നും കുറയ്ക്കുന്നത് എങ്ങനെയാണ്? അമ്പതു ലക്ഷം വരെ ഒരു ശതമാനമാണ് വച്ചിരിക്കുന്നത്. അതുകൊണ്ട് ഇതിൽ ഇനിയും കുറയ്ക്കുന്നില്ല. അതുകൊണ്ടാണ് ഇപ്പോൾ വളരെ

നഷ്ടം വരുമെങ്കിലും, അവരുടെ സംശയങ്ങൾ മാറ്റാനും വളരെ ചെറിയ കച്ചവടക്കാർക്കും ബുദ്ധിമുട്ടുണ്ടാകുമെന്നുള്ള ആ സംശയം നീക്കാനും ഹൗസിന്റെ സെൻസ് മാനിച്ചുകൊണ്ടാണ് അഞ്ചു ലക്ഷത്തിൽനിന്നും പത്തു ലക്ഷമായി ഉയർത്താൻ തീരുമാനിച്ചത്. ഇതിൽ കൂടുതലൊന്നും പറയുന്നില്ല

ശ്രീ. ടി. കെ. ബാലൻ: ബഹുമാനപ്പെട്ട ധനമന്ത്രി ഡൽഹിയിൽ വാറ്റ് യോഗത്തിനു പോകുകയാണെങ്കിൽ സീറോ പോയിന്റിൽ എക്സംപ്ഷന് ഏതെങ്കിലും ഒരു പുതിയ ഐറ്റം വരുകയാണെങ്കിൽ ഒന്ന് ഇതിൽനിന്നും ഒഴിവാക്കേണ്ടി വരും. കേരളത്തിന്റെ പ്രത്യേക പ്രദേശത്തെ കുടുംബശ്രീ, സി.ഡബ്ലിയു.സി.ആർ.എ.യും നമ്മൾ ഉൾപ്പെടുത്തി. അതുപോലെ ആ രൂപത്തിൽ സ്ത്രീകളൊക്കെ നടത്തുന്ന യൂണിറ്റ് ഉൾപ്പെടുത്തണം. നമുക്ക് കേരളത്തിന്റെ പ്രത്യേകത കണക്കിലെടുത്ത് local importance, social importance എന്നിവ കണക്കിലെടുത്ത് എക്സംപ്ഷൻ പത്ത് എന്നുള്ളത് പതിനഞ്ച് ഐറ്റമാക്കി മാറ്റുന്നതിന് അങ്ങ് ശ്രമിക്കുമോ ?

ശ്രീ. വക്കം പുരുഷോത്തമൻ: ലോംഗ് ലിസ്റ്റുണ്ട്. ഫ്രീ ഐറ്റംസിന്റെ ഷെഡ്യൂളിൽ ചാർജ്ജ് ചെയ്തിട്ടുള്ള ഒരു ലോംഗ് ലിസ്റ്റുണ്ട്. സീറോ പെർസന്റേജ് ഉള്ളതുണ്ട്. അതിനു പുറമേയാണ് പത്ത് ഐറ്റം. ഇന്ത്യയിലൊഴികെ മറ്റുള്ളിടത്തൊക്കെയുണ്ട്. പക്ഷേ എങ്കിലും എല്ലാ സ്റ്റേറ്റും അംഗീകരിച്ച കുറേ ഐറ്റം ഉണ്ട്. It is a long list. അതിനു ടാക്സില്ല. അതിനു പുറമേ എല്ലാടത്തും ടാക്സ് വേണമെന്നു തീരുമാനിച്ചതിലാണ് പത്ത് ഐറ്റംസിന് അതാത് സംസ്ഥാനങ്ങളിൽ എക്സംപ്ട് ചെയ്യാൻ പവർ കൊടുത്തത്.

ഡോക്ടർ തോമസ് ഐസക്: നമ്മൾ അതിൽ പി.എസ്.സി. ഫോംസ് ഉൾപ്പെടുത്തി. പി.എസ്.സി. ഫോംസിന് ടാക്സ് എക്സംപ്ഷൻ നൽകുന്നത് നല്ലത്. പി.എസ്.സി. ഫോംസിന് പന്ത്രണ്ടര ശതമാനം വില കുറച്ച് അയയ്ക്കുവാൻ തീരുമാനിച്ചു കഴിഞ്ഞാൽ ടാക്സ് കൊടുത്താലും മരേ വിലയായിരിക്കും. അങ്ങനെ പി.എസ്.സി. ഫോം പോലെയുള്ള കാര്യങ്ങൾ മാറ്റിയിട്ട് നാട്ടിൽ താല്പര്യമുള്ള മറ്റ് ഉല്പന്നങ്ങൾ ഉദാഹരണത്തിനു കുടുംബശ്രീക്കു പകരം വർക്കേഴ്സ് കോ-ഓപ്പറേറ്റീവ്, ഡോക്രാ യൂണിറ്റുകൾ, ഞാൻ പറയുന്നത് ഈയിടെയുള്ള flippant ആയിട്ടുള്ള ഇനങ്ങൾ ഈ പി.എസ്.സി. ഫോം You just reduce the price by 12%. എന്നാൽ പിന്നെ വ്യത്യാസമുള്ളത് ടാക്സ് എടുത്തുകൊള്ളൂ. ഒരു പ്രശ്നവുമില്ല. അങ്ങനെ മാറ്റി നാട്ടിനു ഗുണമുള്ള വേറെ ചില ഉല്പന്നങ്ങൾ ഉൾപ്പെടുത്തണം. ഇപ്പോൾ വേണ്ട, ഇതൊന്ന് ആലോചിക്കുക. സംസാരിക്കുവാൻ സമയമില്ലാത്തതുകൊണ്ടാണ് വിശദമായി പറയാത്തത്.

ശ്രീ. വക്കം പുരുഷോത്തമൻ: ഡോക്ടർ പറഞ്ഞത് പരിശോധിക്കാം.

മി. ചെയർമാൻ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 2005-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബില്ല് പരിഗണനയ്ക്കെടുക്കുന്നു.

2-ാം വകുപ്പ്

മി. ചെയർമാൻ : ഇനി പറയുന്ന ഭേദഗതികൾ അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. ടി. കെ. ബാലൻ : സർ, ഞാൻ താഴെപറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(87) Delete clause 2 sub clause (1).

ശ്രീ. ടി.പി.രാമകൃഷ്ണൻ : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(88) Delete subclause (2) of clause 2.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(89) In Section 30 A of the Kerala Stamp Act, 1959, proposed to be omitted by clause 2 (1), for the words "two per cent" substitute the words "two and half per cent".

(96) In the schedule of Kerala Stamp Act, 1959, proposed to be amended by clause 2 (2) (a) for the words "six rupees" substitute the words "five rupees".

(98) In the schedule of the Kerala Stamp Act, 1959, proposed to be amended by clause 2 (2) (b), for the words "eight rupees fifty paise" substitute the words, "four rupees".

സർ, 89, തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് രണ്ടു ശതമാനത്തിൽ കവിയാത്ത സർചാർജ്ജ് ചുമത്താനുള്ള അധികാരമുണ്ടായിരുന്ന 30(എ) വകുപ്പ് എടുത്തു കളഞ്ഞിരിക്കുന്നതുകൊണ്ട് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വരുമാനത്തിൽ കുറവു സംഭവിക്കുകയില്ലായെന്ന് മന്ത്രി ഇവിടെ വ്യക്തമാക്കേണ്ടതുണ്ട്. അതുകൊണ്ട് പഴയ സമ്പ്രദായം പുനഃസ്ഥാപിച്ച സാഹചര്യത്തിൽ 30 (എ) വകുപ്പ് പുനഃസ്ഥാപിക്കുകയും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കു ചുമത്താനുള്ള വിഹിതം രണ്ടു ശതമാനമെന്നത് രണ്ടര ശതമാനമായി വർദ്ധിപ്പിക്കുകയും വേണമെന്നുള്ളതാണ് എന്റെ നിർദ്ദേശം. സർ, 96, 98 സ്റ്റാമ്പ് ഡ്യൂട്ടി വെട്ടിപ്പു തടയുന്നതിനാണ് കഴിഞ്ഞ വർഷം ന്യായവില നിശ്ചയിച്ചത്. യഥാർത്ഥത്തിൽ ഉയർന്ന സ്റ്റാമ്പ് ഡ്യൂട്ടി കാരണമാണ് വസ്തുവിന്റെ യഥാർത്ഥ വില അത്തരത്തിൽ കാണിക്കാതിരിക്കുന്നത്. ഇത് നികുതി വെട്ടിപ്പിന് ഒരു കാരണമാണ്. അതുകൊണ്ട് ഈ സ്റ്റാമ്പ് ഡ്യൂട്ടി ആറു രൂപ എന്നുള്ളത് അഞ്ചു രൂപയുമാക്കിയാൽ സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധിക്കും. അതുപോലെ തന്നെ ക്രയവിക്രയം നടത്തുന്ന യഥാർത്ഥ വിലതന്നെ പ്രമാണത്തിൽ കാണിക്കുന്ന സ്ഥിതി വരും. അതുകൊണ്ട് സ്റ്റാമ്പ് ഡ്യൂട്ടി ആറു രൂപ എന്നുള്ളത് അഞ്ചു രൂപയാക്കി കുറയ്ക്കുകയും വേണമെന്നുള്ളതാണ് എന്റെ ഭേദഗതി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദേവകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു

"(91) In the schedule of the Kerala Stamp Act, 1959 proposed to be amended by clause 2(2)(a) substitute the word "three" for the word "six".

ആധാരങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി 2 ശതമാനം എന്നത് 6 ശതമാനമാക്കി വർദ്ധിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഭേദഗതി. ഇത് കുറയ്ക്കണം. കാരണം ഇത് കൂട്ടിയാൽ ആധാരങ്ങളിൽ വില കുറച്ച് ക്രയവിക്രയം നടത്തുന്ന ഒരു സ്ഥിതി വിശേഷമായിരിക്കും ഉണ്ടാകുന്നത്. യഥാർത്ഥ വില കുറച്ചുവച്ച് ക്രയവിക്രയം നടത്തുന്നതോടുകൂടി കള്ളപ്പണക്കാരന് കൂടുതൽ സൗകര്യം സൃഷ്ടിക്കുന്ന ഒരു ഭേദഗതിയായി ഇത് മാറും. ഇത് 2 ശതമാനം എന്നുള്ളത് 3 ശതമാനമാക്കി വർദ്ധിപ്പിക്കുകയല്ലാതെ ഇത് 6 ശതമാനമാക്കി വർദ്ധിപ്പിക്കുന്ന സമീപനത്തിൽ നിന്ന് ധനകാര്യമന്ത്രി പിന്മാറിയാൽ കള്ളപ്പണക്കാരനെ സംരക്ഷിക്കുന്ന സ്ഥിതിവിശേഷം ഉണ്ടാകാതിരിക്കും. യഥാർത്ഥ വില മറച്ചുവച്ച് ടാക്സ് വെട്ടിക്കാൻ ആധാരമെഴുത്തുകാരും ഉദ്യോഗസ്ഥരുമായി ചേർന്ന് നടത്തുന്ന ഒരു തിരിമറിക്ക് അവസരമുണ്ടാക്കുന്നതായിരിക്കും. ഫലത്തിൽ ധനകാര്യമന്ത്രി ആഗ്രഹിക്കുന്ന വരുമാനം ഈ ഭേദഗതി കൊണ്ട് ഉണ്ടാവുകയുമില്ല. തൊട്ടുമുമ്പ് ഇവിടെ സൂചിപ്പിച്ച ഒരു ഭേദഗതിയും ഇതുമായി ബന്ധപ്പെടുത്തി കാണാനും തയ്യാറാണ്. പഞ്ചായത്ത് സമിതികൾക്ക് കൂടുതൽ ഫണ്ടും അധികാരവും ഒന്നുമില്ലാത്ത കാലത്ത് ഉണ്ടായിരുന്ന സഹായമാണ് 30 (എ) എടുത്തുകളയുന്നതോടുകൂടി ഇല്ലാതാകാൻ പോകുന്നത്. 2 ശതമാനം 6 ശതമാനമാക്കി വർദ്ധിപ്പിക്കുന്ന സാഹചര്യവും ഇതു രണ്ടും പരസ്പരം ബന്ധപ്പെടുത്തി പരിശോധിക്കാൻ തയ്യാറാകണം. അതുകൊണ്ട് കള്ള പ്രമാണമുണ്ടാക്കാൻ കള്ളപ്പണക്കാരന് സഹായകരമാവുകയും യഥാർത്ഥ മുഖവില മറച്ചു വച്ചിട്ട് പ്രമാണമുണ്ടാക്കുന്ന സ്ഥിതിവിശേഷം സംജാതമാവുകയും ചെയ്യുമെന്ന് മനസ്സിലാക്കിക്കൊണ്ട് ഇതിൽ നിന്ന് പിന്മാറുകയും 2 ശതമാനം എന്നുള്ളത് 3 ശതമാനമാക്കി വർദ്ധിപ്പിച്ചു കൊണ്ട് ഭേദഗതി ചെയ്യണമെന്നാണ് എനിക്ക് ഭേദഗതി അവതരിപ്പിച്ചുകൊണ്ട് പറയാനുള്ളത്

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(93) In the schedule of the Kerala Stamp Act, 1959 proposed to be amended by caluse 2(2)(a) substitute the word "four" the word "six".

സർചാർജ്ജ് 6 എന്നുള്ളത് 4 എന്നാക്കണമെന്നതാണ്. സർചാർജ്ജ് രണ്ടും സ്റ്റാമ്പ് ഡ്യൂട്ടി രണ്ടും അങ്ങനെ 4 ആണ് നേരത്തെ ഈടാക്കിക്കൊണ്ടിരുന്നത്. 6 എന്നുള്ളത് കൂടുതലാണ്. ഇത് 4 ആക്കണമെന്നുള്ള നിർദ്ദേശം വയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(107) In the schedule of the Kerala Stamp Act, 1959, proposed to be amended by clause 2(2)(b) for the words "within the Municipal Corporations or Municipalities" the words "within the area of a Municipality constituted under the Kerala Municipality Act, 1994 (20 of 1994)" shall be substituted.

മുനിസിപ്പാലിറ്റി എന്നുമാത്രം പറയുമ്പോൾ ടൗൺ, പഞ്ചായത്ത്, മുനിസിപ്പൽ കൗൺസിൽ, മുനിസിപ്പൽ കോർപ്പറേഷൻ എന്നിങ്ങനെ ഒരു അവ്യക്തതയുണ്ട്. ആ അവ്യക്തത നീക്കി വ്യക്തത ഉണ്ടാക്കാൻ വേണ്ടിയാണ് ഈ ഭേദഗതി അവതരിപ്പിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മത്തായി ചാക്കോ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(99) In the schedule of the Kerala Stamp Act, 1959, proposed to be amended by clause 2(2)(b), the word "Eight" shall be substituted by the word "Five".

മുനിസിപ്പൽ പ്രദേശങ്ങളിൽ സ്റ്റാമ്പ് ഡ്യൂട്ടി നിലവിലുണ്ടായിരുന്ന മൂന്ന് രൂപയും കോർപ്പറേഷനിൽ നാല് രൂപയും എട്ടര രൂപയുമായി വർദ്ധിപ്പിച്ചതാണ്. നേരത്തെ സൂചിപ്പിച്ചതുപോലെ സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഉണ്ടാകുന്ന വർദ്ധനവ് കള്ള ആധാരം രജിസ്റ്റർ ചെയ്യുന്നതിലേക്കും തുക കുറച്ച് കാണിക്കുന്നതിലേക്കും കാര്യങ്ങൾ എത്തിക്കും എന്നുള്ളതുകൊണ്ട് അത് കുറയ്ക്കണം.

ശ്രീ. കെ. പി. മോഹനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(106) In the schedule of the Kerala Stamp Act, 1959, proposed to be amended by clause 2(2)(b), for the words "Eight Rupees fifty paise" substitute "Six Rupees fifty paise".

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു:

(108) Delete sub clause (2) of clause 2.

കേരള സ്റ്റാമ്പ് ആക്ട് സമഗ്രമായി നമ്മൾ ഇവിടെ ചർച്ച ചെയ്ത് ഭേദഗതി ചെയ്ത് പാസ്സാക്കിയതാണ്. അതിന്റെ ഭാഗമായി ഫെയർ വാല്യൂ നിശ്ചയിക്കുന്നതിൽ വന്ന അപാകതയാണ് സ്റ്റാമ്പ് ഡ്യൂട്ടി വലിയ കൊള്ളയ്ക്ക് വഴിയൊരുക്കിയത്. യഥാർത്ഥത്തിൽ വില്ലേജ് ഓഫീസർക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഫെയർ വാല്യൂ ചെയ്യുന്നതിൽ ഒരു വലിയ പങ്കുണ്ട്. ആ പ്രക്രിയ പൂർത്തീകരിച്ചിരുന്നെങ്കിൽ ഓരോ പ്രദേശത്തിന്റേയും ഫെയർ വാല്യൂ നമുക്ക് നിശ്ചയിക്കാൻ കഴിയുമായിരുന്നു. അങ്ങനെ ഫെയർ വാല്യൂ നിശ്ചയിച്ചു കഴിഞ്ഞാൽ നിലവിലുള്ള സ്റ്റാമ്പ് ഡ്യൂട്ടി പഞ്ചായത്ത് പ്രദേശങ്ങളിൽ രണ്ട് രൂപ എന്നുള്ളതും മുനിസിപ്പാലിറ്റികളിൽ മൂന്ന് രൂപ എന്നുള്ളതും കോർപ്പറേഷൻ പ്രദേശത്ത് നാല് രൂപ

എന്നുള്ളതും വളരെ ന്യായവും ശാസ്ത്രീയവും ആവുമായിരുന്നു. വർദ്ധനവ് പ്രകാരം വലിയ കൊള്ളയായിരിക്കും ഉണ്ടാകാൻ പോകുന്നത്. വലിയ അണ്ടർ വാല്യുവേഷനായിരിക്കും ഉണ്ടാകാൻ പോകുന്നത്. മന്ത്രി എത്ര നല്ല വിശ്വാസത്തിൽ ഇടപെട്ടു കഴിഞ്ഞാലും അണ്ടർ വാല്യുവേഷൻ ഇല്ലാതാക്കാൻ പറ്റില്ല. ഒന്നുരണ്ട് ആളുകളെ പിടിച്ചതുകൊണ്ടും അത് ഇല്ലാതാക്കാൻ കഴിയില്ല. കാരണം ഇത് കാലാകാലമായി തുടർന്നുവരുന്ന ഒരു പ്രക്രിയയാണ്. അതുകൊണ്ട് ഫെയർ വാല്യു നിശ്ചയിക്കുന്നതിന് നിലവിലുള്ള നിയമപ്രകാരം ഫെയർ വാല്യു നിശ്ചയിച്ച് ഭേദഗതി ചെയ്യപ്പെട്ട നിയമത്തിന്റെ അടിസ്ഥാനത്തിൽ ഡ്യൂട്ടി നിശ്ചയിക്കുക എന്നുള്ളതായിരിക്കണം ഈ നിയമത്തിന്റെ ഭാഗമായി ശ്രദ്ധിക്കേണ്ടത് എന്നുള്ളതാണ് എന്റെ ഭേദഗതി.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. വക്കം പുരുഷോത്തമൻ: ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ അവതരിപ്പിച്ച 89-ാം നമ്പർ ഭേദഗതി അത് 30 (എ) വിത്ഡ്രോ ചെയ്തതുകൊണ്ടാണ് ആ രീതിയിൽ ചെയ്യേണ്ടി വന്നത്. Now there is no 30 (A). നാല് ശതമാനത്തിൽ നിന്ന് കുറയ്ക്കുന്നതിന് വളരെ ബുദ്ധിമുട്ടാണ്. റേറ്റിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നില്ല. അത് ഒറിജിനൽ റേറ്റിൽ നിർത്തണം എന്നുള്ളതാണ് ആഗ്രഹം. ബഹുമാനപ്പെട്ട ജോസഫ് എം. പുതുശ്ശേരി പറഞ്ഞതും അതുതന്നെയാണ്. ഒറിജിനൽ റേറ്റിൽ നിന്ന് അങ്ങോട്ടും ഇങ്ങോട്ടും മാറാൻ ഉദ്ദേശിക്കുന്നില്ല. 30 (എ) ഡെലീറ്റ് ചെയ്തതിനുശേഷം ശ്രീ. എ. കെ. ബാലൻ പറഞ്ഞ അമെൻഡ്മെന്റ് സ്വീകരിക്കുകയാണെങ്കിൽ ടാക്സ് ഫ്രീ ആവും. അത് ഒഴിവാക്കിയതുകൊണ്ടാണ് ഇത് വേണ്ടിവന്നത്.

ശ്രീ. എം. വി. ജയരാജൻ: 30 (എ) ഒഴിവാക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാകുന്ന വിഹിതം ഇല്ലാതാകുന്ന ഒരു നില വരില്ലേ? അത് വ്യക്തത തരേണ്ട ഒരു വിഷയമാണ്.

ശ്രീ. വക്കം പുരുഷോത്തമൻ: അങ്ങനെ വരില്ല. ഒരിക്കലും വരില്ല. I assure you.

ശ്രീ. കെ. പി. മോഹനൻ: ഇപ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി കൊണ്ടാണ് വെള്ളക്കരം പോലും അടയ്ക്കുന്നത്. അത് അടയ്ക്കാൻ സാധിക്കാത്ത സ്ഥിതി വരുമല്ലോ?

ശ്രീ. വക്കം പുരുഷോത്തമൻ: അങ്ങനെ വരില്ല. ഇത് പാസ്സാക്കി തരണം.

മി.ചെയർമാൻ: ശ്രീ. ടി. കെ. ബാലൻ അവതരിപ്പിച്ച 87-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

മി. ചെയർമാൻ : ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 88-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 89,96,98 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദേവകുമാർ അവതരിപ്പിച്ച 91-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മത്തായി ചാക്കോ അവതരിപ്പിച്ച 99-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച 93, 107 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ച 106-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 108-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

3-ാം വകുപ്പ്

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, 110-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(110) In the Kerala General Sales Tax Act, 1963,—

(1) In clause (a) of sub-section (1) of section 5, proposed to be inserted by clause 3(2) after the words "and at the point of" and before the words "sale in the State" the word "first" shall be inserted.

(2) In section 17 B proposed to be inserted by clause 3(7) the words "coming under the fifth schedule to the Act and" shall be omitted.

(3) In sub-section (4) of section 59, proposed to be substituted by clause 3 (17), for the words "tax levied accordingly", the words "tax levied at the rate of four per cent" shall be substituted.

ഭേദഗതി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(118) In sub-section (1) of section 5 of the Kerala General Sales Tax Act, 1963 proposed to be substituted by clause 3(2) for the words "two lakh rupees" substitute the words "five lakh rupees".

2/2315/2013.

LIBRARY ARCHIVES Kerala Legislative Assembly

(125) In sub-section 2(i) of section 5 of the Kerala General Sales Tax Act, 1963, proposed to be substituted by clause 3(2), the existing items (a) and (b) shall be deleted and the following shall be inserted as items (a) and (b) namely:—

(a) "by a bar attached Hotel, at the rate of twenty per cent" and,

(b) "by others at the rate of ten per cent as the turn over at all points of sale".

(129) In the Explanation II to the Section 5(2) (i) of the KGST Act, 1963 proposed to be substituted by clause 3 (2), for the words "any distillery in the State" substitute the words "any distillery".

(131) Delete the amendment to the KGST Act, 1963 proposed in Clause 3 (3) and thereby retain the original provisions in Section 5 B and Section 5 C of the Act.

(132) In Section 5 D of the KGST Act, 1963 proposed to be amended by Clause 3 (4) for the words "fifteen per cent" substitute the words "ten per cent".

(133) In Section 5 (D) of the KGST Act, 1963 proposed to be amended by Clause 3 (4) in the proviso after the words petrol insert the words "cooling gas, kerosene".

(137) In Section 5 E of the KGST Act, 1963, proposed to be inserted by Clause 3 (4A) for the words "any dealer in lottery ticket to pay liable to pay in tax under sub-section (1) of section 5 or Section 5 A substitute the words "any dealer in lottery ticket should be liable pay tax @ 10 per cent of the face value of the ticket of the lottery conducted by the Department of the Lotteries of the Kerala State, @ 25% of the face value of the tickets of the lotteries conducted by any authority outside the state or section 5 B.A.

(140) In Section 5 E of the KGST Act, 1963 proposed to be amended by Clause 3 (4A) delete the words "to any officer or authority under this Act".

(141) In Section 5 E of the Kerala General Sales Tax Act, 1963 proposed to be inserted by clause 3 (4A) add the following explanation, namely:—

"*Explanation*:—For the removal of doubt, it is hereby clarified that any tax levied and collected retrospectively by virtue of this section shall be validated and shall not be refunded under any circumstances and arrears if any, shall be recovered as if they were arrears of land revenue".

LIBRARY ARCHIVES Kerala Legislative Assembly

(143) Amendment proposed to section 7 and 9 of Kerala General Sales Tax Act, 1963 by clause 3 (5) shall be recast as follows:

"(5) In Section 7, the last two provisos shall be deleted".

(144) In the fifth proviso to Section 17 of the Kerala General Sales Tax Act, 1963 proposed to be inserted by clause 3 (b) (b), for the words and figures "31st March, 2006" substitute words and figures "30th June, 2005".

(149) In section 17 B of the Kerala General Sales Tax Act, 1963 proposed to be amended by clause 3 (7), for the words "Kerala Finance Bill 2004" substitute the words and figures "Kerala Finance Act, 2004".

(150) The omission of proviso to the sub-section 22 (3) of the Kerala General Sales Tax Act, 1963 proposed by clause 3(9) (a) shall be deleted.

(152) In section 22, sub-section (6) of the KGST Act proposed to be amended by clause 3 (9), for the words "with interest" substitute the words "with interest at the rate of eighteen per cent".

(154) In sub-section (3) of section 23, of the KGST Act, 1963 proposed to be amended by clause 3 (10), for the words "twelve per cent" substitute the words "eighteen per cent".

(155) Delete the amendment proposed to section 30 C and 30 D of the KGST Act, 1963, by clause 3 (13).

(156) In section 30 E(1) of the KGST Act, 1963, proposed to be amended by clause 3 (14)(i) shall deleted.

(157) In Section 30 G of the KGST Act, 1963, proposed to be amended by clause 3 (14A) for the words "police officer shall render" substitute the words "police officer shall be duty bound to render".

(158) In section 49 A of the KGST Act, 1963 propose to be amended by clause 3 (16) delete the words "no Court or".

(161) I. In the schedule to Kerala General Sales Tax Act, 1963 ; for the figure "40" against item No. 1 (ii) "High Speed Diesel Oil" "substitute the figure "30".

II. For the figure "50" against item No 1. (IV) petrol other than naphtha—substitute the figure "30".

LIBRARY ARCHIVES Kerala Legislative Assembly

III. For the figure "60" against serial No. 2(1) Beer and Wine Substitute the figure "90".

IV. For the figure "90" against serial No. 2(ii) other than "Beer and Wine" substitute the figure "120".

V. For the figure "85" against serial No. 3 "Ganja and Opium" substitute the figure "130".

ഇതിൽ 118 എന്ന എന്റെ ഭേദഗതി 2 ലക്ഷം രൂപ എന്നത് 5 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കണമെന്നതാണ്. ആയിരം രൂപ ശരാശരി ഒരു ദിവസം വിറ്റുവരവുള്ള ഒരു പെട്ടിക്കടക്കാരൻ വരെ നമ്മുടെ സ്റ്റേറ്റിലുണ്ട്. അങ്ങനെ വരുമ്പോൾ ഒരു മാസം 30 X 1000 എന്നത് കണക്കാക്കി 30,000 രൂപ 30 X 12 ആകുമ്പോൾ 3,60,000 രൂപ ഈ കടക്കാരൻ തന്നെ ടാക്സ് കൊടുക്കേണ്ടതായ സ്ഥിതി വരില്ല എന്നതാണ് ഇപ്പോൾ വന്നിരിക്കുന്ന ആശങ്ക. പക്ഷേ ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്ന സാധനങ്ങളിൽ പെട്രോൾ, ഡീസൽ, ഫോറിൻ ലിക്വർ എന്നിവ വിൽക്കുന്നവരെ മാത്രമാണ് ഉദ്ദേശിക്കുന്നതെങ്കിൽ തെറ്റില്ല. എന്താണുള്ളതെന്ന അവ്യക്തതയുണ്ട്. പക്ഷേ 2 ലക്ഷം രൂപയ്ക്ക് മുകളിൽ വാർഷിക വരവുള്ള എല്ലാ കച്ചവടക്കാർക്കും ഇത് ബാധകമാണെന്നുള്ളതാണ് ഇപ്പോൾ പരക്കെ ഉണ്ടായിരിക്കുന്ന ആശങ്ക. അതുകൊണ്ട് ഗവണ്മെന്റ് ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കണം. അങ്ങനെ എല്ലാ ആളുകൾക്കും ബാധകമായിട്ടുള്ളതാണെങ്കിൽ 2 ലക്ഷം എന്നുള്ളതിന്റെ പരിധി ഉയർത്തണം. അതല്ലെങ്കിൽ ചെറുകിട കച്ചവടക്കാർക്ക് വളരെയധികം പ്രയാസം ഇക്കാര്യത്തിലുണ്ടാകും. അതുപോലെ 125-ാം നമ്പർ ഭേദഗതി. "by a bar attached Hotel, at the rate of twenty per cent" and, "by others at the rate of ten per cent as the turnover at all points of sale" എന്നാക്കി അതിൽ മാറ്റം വരുത്തണം. ഞാൻ പ്രധാനമായ എന്റെ എല്ലാ ഭേദഗതികളും അവതരിപ്പിക്കുകയാണ്.

Shri M. V. Jayarajan : Sir, I move the following amendment :

(119) In section 5, sub-section (1) of the Kerala General Sales Tax Act, 1963 proposed to be substituted by sub-clause (2) of clause 3, omit the words "whose total turnover for year is not less than two lakh rupees".

ഞാൻ എന്റെ 147-ാം നമ്പർ ഭേദഗതിയും അവതരിപ്പിക്കുകയാണ്. 119 സെയിൽസ് ടാക്സിനെ സംബന്ധിക്കുന്നതാണ്.

മി. ചെയർമാൻ : 147 അവതരിപ്പിക്കേണ്ടതില്ല. വകുപ്പുമായി യോജിക്കുന്നതല്ല.

ശ്രീ. എം. വി. ജയരാജൻ : അതെന്താണ്? അതെന്തുകൊണ്ടാണെന്ന് അറിയണമല്ലോ?

മി. ചെയർമാൻ : 119 അവതരിപ്പിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ : എനിക്ക് മനസ്സിലാക്കണ്ട ; ഇന്ന് രാവിലെയാണ് കിട്ടിയത്. വായിച്ചു നോക്കേണ്ട. അങ്ങ് പറയുന്ന റൂളിംഗ് ഞാൻ കേൾക്കുന്നു. പക്ഷെ രാവിലെയാണ് തന്നത്. രണ്ട് ദിവസം മുൻപ് തന്നുവെന്നാണ് പറയുന്നത്.

മി. ചെയർമാൻ : 119 അവതരിപ്പിച്ച് സംസാരിക്കാം. 147-ൽ പറയാനുള്ളത് പറയാം.

ശ്രീ. എം. വി. ജയരാജൻ : അങ്ങയോടുള്ള വിരോധം കൊണ്ടല്ല. ഈ നിയമനിർമ്മാണത്തിൽ തന്നെ ഞങ്ങൾക്ക് അതിശക്തമായ വിയോജിപ്പുണ്ട്. 48 മണിക്കൂർ മുമ്പ് കൊടുക്കണമെന്നാണ് ചട്ടം. ബഹുമാനപ്പെട്ട വക്കം പുരുഷോത്തമൻ രാവിലെ പറഞ്ഞത് ഇതെല്ലാം നേരത്തെ കൊടുത്തുവെന്നാണ്. ഇന്ന് രാവിലെയാണ് ഈ കടലാസെല്ലാം കിട്ടിയത്. ഞാൻ ആത്മാർത്ഥമായിട്ടാണ് പറയുന്നത്. ഈ നിയമനിർമ്മാണത്തോട് സഹകരിക്കാനാണ് ഞങ്ങൾ നിൽക്കുന്നത്. കഴിഞ്ഞ ദിവസം 11 മണിവരെ നിന്നത് സഹകരിക്കുന്ന പ്രതിപക്ഷത്തെ കണ്ടുകൊണ്ടാണ്. ആ ഞങ്ങളോട് ഇങ്ങനെയൊരു നിലപാട് സ്വീകരിച്ചാൽ എങ്ങനെയാണ്. 119 കേരള ജനറൽ സെയിൽസ് ടാക്സിനെ സംബന്ധിച്ച ഭേദഗതിയാണ്. ഇപ്പോൾ പെട്രോളിയം ഉൽപന്നങ്ങൾ, വിദേശമദ്യം ഉൾപ്പടെയുള്ള ഉൽപന്നങ്ങൾക്ക് മാത്രമേ ബാധകമാക്കിയിട്ടുള്ളൂ. എന്റെ ഭേദഗതി രണ്ടു ലക്ഷം രൂപവരെയെന്നത് ഇത്തരം ഉൽപന്നങ്ങൾക്ക് പ്രത്യേക സീലിംഗ് വേണ്ടതില്ലെന്നുള്ളതാണ്. യഥാർത്ഥത്തിൽ ഈ പരിധി ഒഴിവാക്കിയാൽത്തന്നെ കുറച്ചു വരുമാനം കൂടുതൽ കിട്ടുന്നതാണ്. ധനകാര്യ വകുപ്പുമന്ത്രിക്ക് ഇത്തരം മേഖലയിൽ നികുതി ഏർപ്പെടുത്താവുന്ന കാര്യമാണ്. വിദേശ മദ്യം ഉൾപ്പടെയുള്ളതിന്റെ കാര്യത്തിലാണ്. 147 അങ്ങ് പറഞ്ഞു, നിയമാനുസൃതമായിട്ട് ഈ ബില്ലിലെ വ്യവസ്ഥയുമായിട്ട് യോജിക്കുന്നതല്ല എന്ന്. ഞാൻ പരിശോധിച്ചില്ല. പരിശോധിച്ചാൽ മാത്രമേ അത് മനസ്സിലാക്കാൻ കഴിയുകയുള്ളൂ. പക്ഷെ അതിലുള്ള കണ്ടെന്റ് ഞാൻ ഉദ്ദേശിച്ചത് ഇതാണ്, അസസ്മെന്റ് തയ്യാറാക്കുന്നതിന് 5 വർഷത്തെ കാലാവധിയാണ് നിലവിൽ പറഞ്ഞിട്ടുള്ളത്. അത് നാല് കൊല്ലമായിട്ട് കുറച്ചിരിക്കുകയാണ്. അപ്പോൾ നാല് കൊല്ലമായിട്ട് കുറയുന്നതുമൂലം യഥാർത്ഥത്തിൽ നമ്മുടെ വരുമാനം നഷ്ടപ്പെടുകയാണ്. അതുകൊണ്ട് അസെസ്മെന്റ് കൂടിശ്ശിക ഇപ്പോൾ കൃത്യമായിട്ട് ഈടാക്കുന്നതിനുള്ള വ്യക്തമായ വ്യവസ്ഥ ബില്ലിൽ വേണമെന്നുള്ളതാണ് ഞാൻ പറയുന്ന കാര്യം.

Shri K. P. Mohanan : Sir, I move the following amendment :

(124) In the explanation (a) of Section 5(1) of the Kerala General Sales Tax Act, 1963, proposed to be substituted by clause 3(2), after "Indo-Burma Petroleum Company Ltd." add "Bharath Petroleum".

Shri V. K. Chandran : Sir, I move the following amendments :

(126) In Section 5 (2) (i) (a) of Kerala General Sales Tax Act, 1963 proposed to be substituted by clause 3(2) the word "Twenty per cent" shall be substituted for the words "ten per cent".

(127) In Section 5(2)(i)(b) of Kerala General Sales Tax Act, 1963 substituted by clause 3 (2) substitute the words "Ten percent" for "five percent".

ഇന്നത്തെ സെയിൽസ്ടാക്സുമായി ബന്ധപ്പെട്ടുകൊണ്ടുള്ള കാര്യമാണ്. ഇതിൽ 20% ആക്കി വർദ്ധിപ്പിക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി. അതേ രൂപത്തിൽത്തന്നെ മറ്റേത് 5% എന്നത് 10% ആക്കി വർദ്ധിപ്പിക്കണമെന്നുള്ളതാണ് ഭേദഗതി.

Shri Joseph M. Puthussery : Sir, I move the following amendments :

(128) In explanation 1 of Section 5(2) of the Kerala General Sales Tax Act, 1963 proposed to be amended by clause 3(2), for the words "any distillery, brewery, winery or other manufactory established" the words "A license of any distillery, brewery, winery or other manufactory established" shall be substituted.

(136) Section 5 D of the KGST Act, 1963 proposed to be substituted by clause 3 (4) shall be substituted by the following, namely :—

"5D. Levy of Additional Sales Tax—The tax payable under section 5 and section 5 A shall be increased by an additional sales tax at the rate of fifteen per cent of the tax payable under the said sections :

Provided that no additional sales tax under this section shall be levied on the tax payable on High Speed Diesel Oil, Petrol falling under sub-entries (ii) and (iv) of Sl. No. 1 and Foreign Liquor falling under Sl. No. 2 of the Schedule".

(159) In section 49 A of the KGST Act proposed to be inserted by sub-clause (16) of Clause 3 for the words "before it became due to Government" the words "before the same is paid to Government" shall be substituted.

കുറച്ചുകൂടി വ്യക്തതയ്ക്ക് ഉപകരിക്കുന്ന ഭേദഗതികളാണ്. 128-ൽ ലൈസൻസി എന്നുകൂടി ചേർത്താൽ കുറച്ചുകൂടി വ്യക്തത ഇക്കാര്യത്തിൽ ഉണ്ടാകും. അതുകൊണ്ട് 128, 'a licensee of any distillery' എന്നുകൂടി ചേർത്ത് അംഗീകരിക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്. 136 ഒരുമിച്ച് പറയാനുള്ളതേയുള്ളൂ. അത് ഒരു കറക്ഷനാണ്. 'following section shall be substituted' എന്നുപറയുന്ന സ്ഥലത്ത് 5(ഡി) അതിനുശേഷം 5 (ഇ) ഒരുമിച്ച് ചേർക്കാവുന്നതാണ്. After section 5(d), the following section shall be inserted എന്നു പറഞ്ഞിരുന്നത് ഒരുമിച്ച് ചേർക്കാൻ കഴിയുന്നതാണ്. അത് ഒഴിവാക്കിക്കൊണ്ട് ചേർക്കാൻ കഴിയും. ഭേദഗതി ഇല്ലെങ്കിലും അതിനോടനുബന്ധിച്ചുതന്നെ ഇവിടെ 3 ചേർത്തിരിക്കുന്നിടത്തും, section 5(b) and 5(c) shall be omitted എന്നുള്ളിടത്ത് sections 5(b), 5(b)(a), 5(c) shall be omitted എന്ന് ഒരുമിച്ച് ചേർക്കാൻ കഴിയും. 3(എ) അവിടേയും ഒരെണ്ണം ഒഴിവാക്കാൻ കഴിയും. 109-ഉം അതു തന്നെയാണ്. കൂടുതൽ വ്യക്തതയ്ക്കുവേണ്ടി നിർദ്ദേശിച്ചിരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

Shri T. K. Devakumar : Sir, I move the following amendment :

(138) In Section 5 E of the KGST Act, 1963 proposed to be inserted by sub-clause 4 A of clause 3 after the words "tickets" add the words "whether paper or online".

ലോട്ടറികളുടെ നിലവിലുള്ള അസസ്മെന്റുകളും നികുതി കേസുകളും തുടരുന്നതിനായി ഉൾപ്പെടുത്തിയിരിക്കുന്ന വകുപ്പാണ് 5 (E). ഇതിൽ ലോട്ടറി ടിക്കറ്റ് എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. അങ്ങനെ ലോട്ടറി ടിക്കറ്റ് എന്ന് വാക്ക് ഉപയോഗിച്ചിരിക്കുന്നതുകൊണ്ട് ഉണ്ടാകാവുന്ന ഒരു നിയമപരമായ തടസ്സം (എന്നു ഞാൻ മനസ്സിലാക്കുന്നത്) ഓൺ ലൈൻ ലോട്ടറിയുടേയും പേപ്പർ ലോട്ടറിയുടേയും നിലവിലിരിക്കുന്ന അസസ്മെന്റുകളും കേസുകളും അതുവഴി ഇല്ലാതായി പോകുമോ എന്ന ആശങ്കയാണ് ഇതിലൂടെ ഉന്നയിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ lottery ticket എന്ന വാക്കിന്റെ കൂടെ പേപ്പർ ലോട്ടറികളും ഓൺ ലൈൻ ലോട്ടറികളും എന്ന വാക്കുകൂടി ചേർത്താൽ അതിനെത്തുടർന്ന് നിലവിലുള്ള കേസുകളും അസ്സസ്മെന്റുകളും തുടർന്ന് കൊണ്ടുപോകുന്നതിന് തടസ്സമായി വരികയില്ല. കൂടുതൽ ഗുണകരമായിരിക്കുമെന്നാണ് എനിക്ക് അക്കാര്യത്തിൽ പറയാനുള്ളത്. അതുകൊണ്ടാണ് ഈ ഭേദഗതി ഉന്നയിച്ചിരിക്കുന്നത്. ഓൺലൈൻ ലോട്ടറിയും പേപ്പർ ലോട്ടറിയും നിരോധിക്കുന്ന കാര്യത്തിലും ഇത് നിയമാനുസൃതമായി നടത്തിക്കൊണ്ട് പോകാൻ കഴിയുന്ന തരത്തിലുള്ള സംരംഭങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മാതൃകാപരമായി നേതൃത്വം കൊടുക്കാൻ ശ്രമിക്കുന്നുവെന്ന് അദ്ദേഹം സഭയിൽ വ്യക്തമാക്കിയിരിക്കുന്ന സാഹചര്യത്തിൽ ഇങ്ങനെ ഒരു ആശങ്ക ഉണ്ടാകാതിരിക്കത്തക്കവിധത്തിൽ ഓൺലൈൻ ലോട്ടറിയേയും പേപ്പർ ലോട്ടറിയേയും കൂടി കൂട്ടിച്ചേർക്കണം. ഈ ഭേദഗതി അദ്ദേഹം സ്വീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

Shri T. K. Balan : 145, ഞാൻ മൂവ് ചെയ്യുന്നില്ല. 148 മൂവ് ചെയ്യുന്നു.

മി. ചെയർമാൻ : 148 വകുപ്പുമായി യോജിക്കുന്നില്ല. സംസാരിക്കാം. മൂവ് ചെയ്യേണ്ട കാര്യമില്ല. ഡിസ് അലൗ ചെയ്തിരിക്കുകയാണ്.

(286) The first proviso to sub-section (2) of section 10 of the Kerala Value Added Tax Act, 2003 proposed to be substituted by sub-clause (4) of 7 shall be deleted.

(292) The second proviso to sub-section (3) of section 11 of the Kerala Value Added Tax Act, 2003 proposed to be inserted by clause 7(5)(ba) shall be deleted.

(297) Column 1 of table in Section 16(1) of Kerala Value Added Tax Act, 2003 proposed to be amended by clause 7(9)(a) shall be recast as follows:

(a) Where the total turnover is less than seven lakh rupees.

(b) Where the total turnover is seven lakh rupees and above but is less than fifteen lakh rupees.

(c) Where the total turnover is fifteen lakh rupees and above but is less than fifty lakh rupees.

(d) Where the total turnover is fifty lakh rupees and above.

(356) In Schedule III of the Kerala Value Added Tax Act, 2003 add the following as Sl. No. 144.

144. rubberised coir products including rubberised coir matresses.

ശ്രീ. എം. വി. ജയരാജൻ : സർ, 283, 285, 283, 291, 295, 339, 349 എന്നീ നമ്പർ ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

(263) In section 6(2) of the Kerala Value Added Tax Act, 2003 proposed to be amended by clause 7(2)(aa) substitute the word 'Five' by the word 'Ten'.

(265) In section 6(5) of the Kerala Value Added Tax Act, 2003 proposed to be amended by clause7(2)(c) substitute the words 'seventy five lakhs' for the words 'fifty lakhs'.

(283) In section 10(1) of the Kerala Value Added Tax Act, 2003 proposed to be substituted by clause 7(4), for substitute the words "within five days" by the words "within one month".

(291) The second proviso to sub-section (3) of section 11 of the Kerala Value Added Tax Act, 2003 proposed to be inserted by clause 7(5)(ba) shall be deleted.

(295) Table in Section 16(1) of the Kerala Value Added Tax Act, 2003 proposed to be amended by clause 7(9) (a) shall be recast as follows:—

LIBRARY ARCHIVES Kerala Legislative Assembly

TABLE

(a) Where the total turnover is less than ten lakh rupees	Two hundred and fifty rupees.
(b) Where the total turnover is ten lakh rupees and above but is less than twenty lakh rupees	Five hundred rupees.
(c) Where the total turnover is twenty lakh rupees and above but is less than sixty lakh rupees	Five hundred plus twenty five rupees for each lakh or part thereof above ten lakhs.
(d) Where the total turnover is sixty lakh rupees and above	Three thousand rupees plus fifty rupees for each lakh or part thereof above fifty lakh, so however that the total registration fee shall not exceed twenty thousand rupees.

(339) After serial number 50 of the first schedule of the Kerala Value Added Tax Act, 2003 proposed to be substituted by clause 7(27), the following shall be added as serial number 51.

(349) In the third schedule to the Kerala Value Added Tax Act, 2003 proposed to be amended by clause 7(27) add the following item as serial number 53A "53(A). Edible Oil".

263-നെക്കുറിച്ച് എനിക്ക് പറയുവാനുള്ളത് നേരത്തെ ശ്രീ വി കെ സി മമ്മത് കോയ പറഞ്ഞതുപോലെ നിലവിൽ അഞ്ച് ലക്ഷമാക്കി ഉയർത്തിയിട്ടുള്ളത് പത്ത് ലക്ഷമാക്കണമെന്നുള്ളതാണ്. ബഹുമാനപ്പെട്ട മന്ത്രി അത് സമ്മതിച്ചതാണ്. പത്ത് ലക്ഷംവരെയുള്ള ചെറുകിട വ്യാപാരികളെ ഇതിൽ നിന്നും ഒഴിവാക്കുന്ന വിധത്തിൽ ഭേദഗതി വരുത്തണമെന്നുള്ളതാണ്. 265-നെക്കുറിച്ച് പറയുവാനുള്ളത് ഇപ്പോൾ നിലവിൽ വ്യവസ്ഥ ചെയ്തത് 50 ലക്ഷം വിറ്റുവരവുള്ളവർക്ക് ബാധകമാക്കത്തക്കവിധത്തിലാണ്. ആ സീലിംഗ് 75 ലക്ഷമായി വർദ്ധിപ്പിക്കണം. 263-നെക്കുറിച്ച് പറയുവാനുള്ളത് കരാറുകാർക്കുള്ള ടാക്സിനെ സംബന്ധിച്ചാണ്. അതിൽ ഒരു അഡ്മിനിസ്ട്രേറ്റീവായിട്ടുള്ള കാര്യം വരുത്തണമെന്നുള്ളതാണ്. ഇപ്പോൾ വ്യവസ്ഥ ചെയ്തിരിക്കുന്നത് അഞ്ച് ദിവസം കഴിയുമ്പോൾ എന്നാണ്. അതിനുപകരം ഒരുമാസമാക്കണം എന്നുള്ളതാണ്. അല്ലെങ്കിൽ കരാറുകാർ പി.ഡബ്ല്യു.ഡി ഓഫീസിൽതന്നെ ആകും. ഇപ്പോൾ അവിടെത്തന്നെയാണുള്ളത്. അത് മാസത്തിൽ ഒരിക്കൽ എന്ന വിധത്തിൽ ആക്കണം. 291-നെക്കുറിച്ച് പറയുവാനുള്ളത് ചില വ്യാപാരികൾ ടാക്സ് അടച്ച് സാധനങ്ങൾ വാങ്ങി വിൽപ്പന നടത്തുന്ന സമയത്ത് ചില

LIBRARY ARCHIVES Kerala Legislative Assembly

സാധനങ്ങൾ കെട്ടിക്കിടക്കുമ്പോൾ അവർ വാങ്ങിയ വിലയേക്കാൾ കുറച്ച് വിൽക്കുന്ന സ്ഥിതി നമ്മുടെ നാട്ടിൽ കാണാൻ കഴിയും. പ്രത്യേകിച്ച് റിബേറ്റ് കൊടുത്ത് വിൽപ്പന നടത്തുന്നത് നമ്മുടെ നാട്ടിൽ വ്യാപകമായിക്കൊണ്ടിരിക്കുന്ന ഘട്ടത്തിൽ അതിന് input tax എന്ന നിലയിൽ വ്യാപാരികൾക്ക് കിട്ടേണ്ടതായിട്ടുണ്ട്. ഇപ്പോഴുള്ള വ്യവസ്ഥ പ്രകാരം അതില്ല. ഓരോ സാധനത്തിനുമായിട്ടാണ് പ്രത്യേകം പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുന്നത്. വ്യാപാരംമൂലം കിട്ടുന്ന വരുമാനമായിരിക്കും വ്യാപാരികൾക്ക് കിട്ടുന്നത്. ടാക്സിൽ അതനുസരിച്ച് കിട്ടുന്ന ഇളവുകൾ വ്യാപാരികൾക്ക് കൊടുക്കണമെന്നുള്ളതാണ്. 295-നെക്കുറിച്ച് പറയുവാനുള്ളത് ടേൺ ഓവർ ടാക്സ് അടയ്ക്കേണ്ട വ്യാപാരികളുടെ രജിസ്ട്രേഷനെ സംബന്ധിച്ചാണ്. ഫീസ് സംബന്ധിച്ച ടേബിൾ ആണ് ഇതിൽ കൊടുത്തിട്ടുള്ളത്. ഇപ്പോൾ ടേൺഓവർ ടാക്സ് 10 ലക്ഷം രൂപവരെയാണ് ഇവർക്ക് ഏർപ്പെടുത്തിയിരിക്കുന്നത് 250 രൂപയായി കുറയ്ക്കണം. നിലവിൽ 500 രൂപയാണ് പ്രൊപ്പോസ് ചെയ്തിരിക്കുന്നത്. അത് 250 രൂപയായി കുറയ്ക്കണം. ചെറുകിട വ്യാപാരികൾക്കും ചില ആനുകൂല്യങ്ങൾ കൊടുക്കണമെന്നുള്ളതാണ്. അതുപോലെതന്നെ 10 ലക്ഷത്തിനും 20 ലക്ഷത്തിനും മദ്ധ്യേയുള്ളത് 500 രൂപയായി കുറയ്ക്കണം എന്നുള്ളതാണ്. അതുകഴിഞ്ഞ് സി-യും ഡി-യും അതുപോലെ നമുക്ക് നിർത്താം. എ-യിലും ബി-യിലും കുറവ് വരുത്തിയാൽ ചെറുകിട വ്യാപാരികൾക്കുകൂടി സൗകര്യപ്രദമായിരിക്കുമെന്നുള്ളതാണ് എന്റെ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്. മറ്റ് ഭേദഗതികൾ ഞാൻ മൂവ് ചെയ്യുകയാണ്.

ഡോ. കെ. സി. ജോസഫ്: ഞാൻ 270-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(270) For Section 8(a) of the Kerala Value Added Tax Act, 2003 proposed to be amended by clause 7(3)(a) the following shall be substituted.

"(a) any works contractor may, at his option, instead of paying tax in accordance with the provisions of that section, pay tax at the following rates on the whole contract amount, which shall be deducted from every payment made by the awarder, including advance payments and remitted to Government, in such manner as may be prescribed:

(i) Where the contractor is not an importer or a dealer effecting first taxable sale in the state .. 2%

(ii) in other cases .. 4%

Provided that in the case of contracts which were concluded prior to the date of coming into force of this Act, in respect of which an option had been exercised under Section 7 of the Kerala General Sales Tax Act, 1963 (15 of 1963) the amount of compounded tax payable under the provisions of that section shall be deemed to be the tax payable under this Section".

LIBRARY ARCHIVES Kerala Legislative Assembly

വർക്ക്സ് കോൺട്രാക്ടർമാരുടെ കാര്യമാണ്. കേരളത്തിന് പുറത്ത് കേരളത്തിലുള്ള ഒരു കോൺട്രാക്ടുകാരൻ വർക്ക് എടുക്കുകയാണെങ്കിൽ 12.5 ശതമാനം പലിശ കൊടുക്കണം. മറ്റ് സംസ്ഥാനത്തുള്ള ഒരാൾ നമ്മുടെ സംസ്ഥാനത്തുവന്ന് വർക്ക് എടുക്കുകയാണെങ്കിൽ 4 ശതമാനം പലിശ കൊടുത്താൽ മതി. കേരളീയരായിട്ടുള്ള കോൺട്രാക്ടർമാരെ നിരുത്സാഹപ്പെടുത്തുന്ന ഒരു പ്രവണതയാണ്. അതുകൊണ്ട് രണ്ടും 4 ശതമാനമാക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി.

ശ്രീ. ടി. കെ. ബാലൻ : സർ, 277, 284, 289, 298, 354 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(277) In the section 8(d) of the Kerala Value Added Tax Act, 2003 proposed to be substituted by Clause 7(3)(d), the word " Video Cassette" shall be deleted.

(284) In section 10(1) of the Kerala Value Added Tax Act, 2003 proposed to be substituted by Clause 7(4), substitute the words " within five days" by the words "within one month".

(289) The provisos to sub-section (2) of section 8 of the Kerala Value Added Tax Act, 2003 substituted by sub-clause (4) of clause 7 shall be deleted.

(298) Column 1 of table in Section 16(1) of Kerala Value Added Tax Act, 2003 proposed to be amended by clause 7(9)(a) shall be recast as follows:

(a) Where the total turnover is less than seven lakh rupees.

(b) Where the total turnover is seven lakh rupees and above but is less than fifteen lakh rupees.

(c) Where the total turnover is fifteen lakh rupees and above but is less than fifty lakh rupees.

(d) Where the total turnover is fifty lakh rupees and above.

(354) Serial No. 143 of the List B, under the Third Schedule of the Kerala Value Added Tax Act, 2003 proposed to be amended by clause 7(27), shall be recast as follows:

143. Any other item as notified by the Government from time to time.

ശ്രീ. ടി. കെ. ദേവകുമാർ : സർ, 279, 300, 358 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(279) In the newly substituted sub-section (d) of Section 8 of the Kerala Value Added Tax Act, 2003 by clause 7(3)(d), substitute the words "five hundred" for the words "one thousand" and "two hundred" for the words "five hundred".

(300): In section 16(7) of the Kerala Value Added Tax Act, 2003 proposed to be amended by clause 7(9) (c) item (a) and (b) shall be recast as follows:

(a)	dealer whose total turn over is less than ten lakh rupees and is not an importer	Three hundred Rupees
(b)	Others	Five hundred Rupees

(358) In Schedule III of the Kerala Value Added Tax Act, 2003, add the following as Sl. No. 144.

144. Rubberised Coir Products including Rubberised Coir Matressess.

ശ്രീ. വി. ഡി. സതീശൻ : സർ, ഞാൻ 282, 303, 304, 305, 306, 307, 308, 326, 327, 330 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(282) In section 10(1) of the Kerala Value Added Tax Act, 2003 proposed to be amended by clause 7(4) for the words "five days" substitute "ten days".

(303) In section 16(13) of the Kerala Value Added Tax Act, 2003 proposed to be inserted by clause 7(9)(d) for the words "five hundred rupees" substitute "two hundred and fifty rupees".

(304) In section 16(14) of the Kerala Value Added Tax Act, 2003 proposed to be inserted by clause 7(9)(d) after the words "may be issued to a dealer" and before the words "on payment" insert the words "on request".

(305) In section 16(14) of the Kerala Value Added Tax Act, 2003 proposed to inserted by clause 7(9)(d) for "two hundred and fifty" substitute "two hundred".

(306) In section 16(14) of the Kerala Value Added Tax Act, 2003 proposed to be inserted by clause 7(9)(d) for the word "three substitute the words "the number of branches of the business being conducted by him".

(307) In section 16(15) of the Kerala Value Added Tax Act, 2003 proposed to be inserted by clause 7(9)(d) after the words "electronic identity card" and before the words "issued under this section" insert "or add on card".

LIBRARY ARCHIVES Kerala Legislative Assembly

(308) In section 16(15) of the Kerala Value Added Tax Act, 2003 proposed to be inserted by clause 7(9)(d) after the words "electronic identity card" before the words subject to such conditions "insert or add on card".

(326) In the entries against serial No. 27 under column (2) after "Kumkum" add "including sandal paste".

(327) In the first schedule to the Kerala Value Added Tax Act, 2003, delete serial No. 27.

(330) In the first schedule to Kerala Value Added Tax Act, 2003 add the following under column (2) against item No. (2) of Sl. No. 37 'including crayons and counting leads'.

ശ്രീ. മത്തായി ചാക്കോ : സർ, ഞാൻ 293, 347 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(293) The newly added proviso to section 11(b) of the Kerala Value Added Tax, 2003 proposed to be amended by clause 7(5)(d) shall be deleted.

(347) After Sl. No. 50 of the first schedule of the Kerala Value Added Tax Act, 2003, proposed to be substituted by clause 7(27), the following shall be added as Sl. No. 51 "51 Raw Tapioca".

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ഞാൻ 309-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(309) In section 22(1) of the Kerala Value Added Tax Act, 2003 proposed to be substituted by clause 7(12) the following shall be added at the end 'within one month of the receipt of the return'.

ശ്രീ. എ. കെ. ബാലൻ : സർ, ഞാൻ 316, 318, 320 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(316) The first schedule of Kerala Value Added Tax proposed to be amended by clause 7(27) under serial No.1 after item 7 the following shall be inserted:

"8: Sledge Hammer"

(318) In Serial No. 5 of the first schedule of the Kerala Value Added Tax Act, 2003, proposed to be amended by clause 7(27) add the following item as item number 2(c).

LIBRARY ARCHIVES Kerala Legislative Assembly

(c) "Exercise Book, Graph book and Laboratory note books (including record books)"

(320): In serial No. 9 of the first schedule of the Kerala Value Added Tax Act, 2003, proposed to be amended by clause 7(27) the words "other than Paddy, rice and wheat" shall be deleted.

ഇത് മൂന്നും ബഹുമാനപ്പെട്ട മന്ത്രിക്ക് സ്വീകരിക്കാവുന്നതാണ്. നമ്മൾ ഫസ്റ്റ് ഷെഡ്യൂൾ exempt ചെയ്തതാണ്, agricultural implements worked by hand. ഇതിൽ ഏഴ് ഐറ്റംസ് പറഞ്ഞിട്ടുള്ളതിൽ ഒരു ഐറ്റം കൂടി എഴുതിച്ചേർക്കണം. sledge, hammer. പാലക്കാട് ജില്ലയിലാകെ എസ്.എസ്.ഐ യൂണിറ്റിലാണ് ചുറ്റികയുണ്ടാക്കുന്നത്. ബഹുമാനപ്പെട്ട കെ. ശങ്കരനാരായണന്റെ മണ്ഡലത്തിലും ഉള്ളതാണ്. അവർ 1982-വരെ സെയിൽസ് ടാക്സിൽ നിന്നും exempted ആണ്. ഇന്നേവരെ exempted ആണ്. ഇനി exemption കൊടുക്കുന്നില്ലെങ്കിൽ അത് അടച്ചുപൂട്ടേണ്ടി വരും. മാത്രമല്ല ഫസ്റ്റ് ഷെഡ്യൂളിൽ ഇല്ലെന്നുള്ളതുകൊണ്ട് 12.5 ശതമാനം പലിശ കൊടുക്കേണ്ടിവരും. 12.5 ശതമാനം പലിശ ഈ സ്ഥാപനം കൊടുക്കേണ്ടിവരുമെന്നു പറഞ്ഞാൽ അത് നടക്കുകയില്ല. ഹാമർ എന്നത് അഗ്രിക്കൾച്ചറൽ ഇംപ്ലിമെന്റായതുകൊണ്ട് ഇതിൽപ്പെടുത്തണം. ചുറ്റികയോട് ഒരു പ്രത്യേക ദേഷ്യം കാണിക്കേണ്ടതില്ല. അതുകൊണ്ട് ചുറ്റികകൂടി ഇതിൽ ഉൾപ്പെടുത്തണം. ഏഴിന് ശേഷം other hand tools of a kind used in agriculture, horticulture or forestry ഏഴാമത്തെ ഐറ്റം കഴിഞ്ഞിട്ട് എട്ടാമത്തെ ഐറ്റമായി ഉൾപ്പെടുത്തിയാൽ മതി. 318-നെക്കുറിച്ച് പറയുവാനുള്ളത് അത് കുട്ടികളെ ബാധിക്കുന്ന ഒരു പ്രശ്നമാണ്. ഇതിൽ ഫസ്റ്റ് ഷെഡ്യൂളിൽ ബുക്കും അതുപോലെ പീരിയോഡിക്കൽസും ഒഴിവാക്കിയിട്ടുണ്ട്. ആ ഭാഗത്തുതന്നെ എക്സർസൈസ് ബുക്കും, ഗ്രാഫിക്സ് ബുക്കും ലബോറട്ടറി നോട്ടുബുക്കും including record book അതുംകൂടി ഉൾപ്പെടുത്തണം. 320-ൽ ഫസ്റ്റ് ഷെഡ്യൂളിൽ printed book, dictionary, encyclopedia, children's picture, drawing book എന്നുള്ളത് ഒഴിവാക്കുകയാണ്. മറ്റൊന്ന് 320 first schedule-ൽ other than paddy, rice and wheat എന്നുള്ളത് ഒഴിവാക്കുക. 11 ഐറ്റമാണ് നമ്മൾ ഒഴിവാക്കിയത്. ആ 11 ഐറ്റത്തിൽത്തന്നെ other than paddy rice and wheat ഒഴിവാക്കിക്കളയുക. അപ്പോൾ നമുക്ക് paddy-ക്കും rice-നും wheat-നും exemption കൊടുക്കാൻ പറ്റും. ഈ മൂന്ന് ഭേദഗതികളും മന്ത്രിക്ക് സ്വീകരിക്കാവുന്നതാണ്. പറഞ്ഞതിൽ അവ്യക്തതയുണ്ടെങ്കിൽ ഒന്നുകൂടി പറയാം.

<u>ശ്രീ. കെ. പി. സതീശ് ചന്ദ്രൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(346) After Sl. No. 50 of the first schedule of the Kerala Value Added Tax Act, 2003, proposed to be substituted by clause 7(27), the following shall be added as Sl. No. 51.

LIBRARY ARCHIVES Kerala Legislative Assembly

"51 Raw Tapioca"

ശ്രീ. കെ. വി. കുഞ്ഞിരാമൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(280) In the newly substituted sub-section (d) of Section 8 of the Kerala Value Added Tax Act, 2003 by clause 7(3) (d) substitute the word "five hundred" for the words "one thousand" and "two hundred" for the words "five hundred".

(340) After Sl. No. 50 of the first schedule of the Kerala Value Added Tax Act, 2003, proposed to be substituted by clause 7(27), the following shall be added as Sl. No. 51.

"51 Kerosene Oil sold through PDS"

ശ്രീ. പിരപ്പൻകോട് മുരളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(344) After Sl. No. 50 of the first schedule of the Kerala Value Added Tax Act, 2003, proposed to be substituted by clause 7(27), the following shall be added as Sl. No. 51.

"51. Rice flour, wheat flour such as atta and maida, corn flour and other cereal flour"

Mr. Deputy Speaker : Shri Roshi Augustine,.....not in the seat.

ശ്രീ. തമ്പാനൂർ രവി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

360. In the Third Schedule to the Kerala Value Added Tax Act, 2003, proposed to be amended by Clause 7(27), the following shall be included.

"Pappadam unbranded and those sold under brand name which is not registered under the Trade and Merchandise Act".

ഇതിനകത്ത് കൂടുതൽ പപ്പടം ഉണ്ടാക്കുന്നത് സാധാരണക്കാരായ ചെറുകിട കച്ചവടക്കാരാണ്. അതുകൊണ്ട് ഇത് Third Schedule-ൽ കൊണ്ടു വരണം "Pappadam unbranded and those sold under brand name which is not registered under the Trade and Merchandise Act" എന്ന് കൂടി അമന്റ് ചെയ്യണം. ഇത് Third Schedule-ൽ ആക്കിയാൽ 4 ശതമാനം ടാക്സ് കിട്ടും. അതല്ലെങ്കിൽ ഇവിടെ mention ചെയ്യാത്തതുകൊണ്ട് 12 ശതമാനം കൊടുക്കേണ്ടിവരും. ഇതാണ് എന്റെ അമന്റ്മെന്റ്.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) : ശ്രീ. വി. കെ. സി. മമ്മത്കോയയുടെ 260-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. അതേസമയം 10 ലക്ഷം ആക്കുന്നത് ചെറുകിട കച്ചവടക്കാർക്ക് മാത്രമാണ്. മറ്റുള്ളവർക്ക് ബാധകമല്ല. ബാക്കിയുള്ള ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : മന്ത്രി അവതരിപ്പിച്ച 258-ാം നമ്പർ ഭേദഗതിയും ശ്രീ. വി. കെ. സി. മമ്മത്കോയ അവതരിപ്പിച്ച 260-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു. ബാക്കിയുള്ള ഭേദഗതികൾ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ഞാൻ 316, 339, 349 എന്നീ ഭേദഗതികൾക്ക് പോൾ ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ താഴെപറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി:

അനുകൂലിക്കുന്നവർ—29

1. ശ്രീ. മഞ്ഞാളാംകുഴി അലി
2. ,, എ. എ. അസീസ്
3. ,, കോടിയേരി ബാലകൃഷ്ണൻ
4. ,, എ. കെ. ബാലൻ
5. ,, ടി. കെ. ബാലൻ
6. ,, വി. കെ. ചന്ദ്രൻ
7. ,, വി. ചെന്താമരാക്ഷൻ
8. ,, ടി. കെ. ദേവകുമാർ
9. ,, പി. സി. ജോർജ്
10. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
11. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
12. ,, കെ. കെ. ജയചന്ദ്രൻ
13. ,, എം. വി. ജയരാജൻ
14. ഡോ. കെ. സി. ജോസഫ്
15. ശ്രീ. എം. കുമാരൻ
16. ,, കെ. വി. കുഞ്ഞിരാമൻ
17. ,, വി. കെ. സി. മമ്മത്കോയ
18. ,, മത്തായി ചാക്കോ
19. ,, കെ. പി. മോഹനൻ
20. ,, എ. സി. മൊയ്തീൻ

LIBRARY ARCHIVES Kerala Legislative Assembly

21. ശ്രീ. സി. കെ. നാണു
22. ,, കെ. രാധാകൃഷ്ണൻ
23. ,, ടി. പി. രാമകൃഷ്ണൻ
24. ,, സാജു പോൾ
25. ,, കെ. പി. സതീശ് ചന്ദ്രൻ
26. ,, എ. സി. ഷണ്മുഖദാസ്
27. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
28. ശ്രീ. പി. എസ്. സുപാൽ
29. ഡോ. തോമസ് ഐസക്ക്

പ്രതികുലിക്കുന്നവർ—52

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ,, കളത്തിൽ അബ്ദുള്ള
3. ,, സി. ടി. അഹമ്മദ് അലി
4. ,, എ. പി. അനിൽകുമാർ
5. ,, എൻ. ഡി. അപ്പച്ചൻ
6. ,, ഇ. എം. അഗസ്തി
7. ,, കെ. ബാബു
8. ,, ബാബു ദിവാകരൻ
9. ,, എം. എ. ചന്ദ്രശേഖരൻ
10. ,, ഡൊമിനിക് പ്രസന്റേഷൻ
11. ,, പി. പി. ജോർജ്
12. ശ്രീമതി കെ. ആർ. ഗൗരിയമ്മ
13. ശ്രീ. എം. എം. ഹസ്സൻ
14. ,, വി. കെ. ഇബ്രാഹിം കുഞ്ഞ്
15. ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി
16. ശ്രീ കെ. സി. ജോസഫ്
17. ,, പി. ജെ. ജോയ്
18. ,, വർക്കല കഹാർ
19. ,, ജി. കാർത്തികേയൻ
20. ,, കെ. എൻ. എ. ഖാദർ

LIBRARY ARCHIVES Kerala Legislative Assembly

21. ശ്രീ. ലൂഡി ലൂയിസ്
22. ,, സി. മമ്മുട്ടി
23. ,, കെ. എം. മാണി
24. ,, കെ. മോഹൻ കുമാർ
25. ,, എ. കെ. മണി
26. ,, ആര്യാടൻ മുഹമ്മദ്
27. ,, എം. കെ. മുനീർ
28. ,, എം. മുരളി
29. ,, എഴുകോൺ നാരായണൻ
30. ,, കെ. കെ. ഷാജു
31. ,, ഉമ്മൻ ചാണ്ടി
32. ,, എം. കെ. പോൾസൺ മാസ്റ്റർ
33. ,, വി. ജെ. പൗലോസ്
34. ,, ടി. എൻ. പ്രതാപൻ
35. ,, വക്കം പുരുഷോത്തമൻ
36. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
37. ശ്രീമതി രാധാ രാഘവൻ
38. ശ്രീ. എം. വി. രാഘവൻ
39. ,, യു. സി. രാമൻ
40. ,, തമ്പാനൂർ രവി
41. ,, ടി. പി. എം. സാഹീർ
42. ,, എൻ. ശക്തൻ
43. ,, കെ. ശങ്കരനാരായണൻ
44. ശ്രീമതി മാലേത്ത് സരളാദേവി
45. ശ്രീ. വി. ഡി. സതീശൻ
46. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
47. ശ്രീ. സി. എഫ്. തോമസ്
48. പ്രൊഫ. കെ. വി. തോമസ്
49. ശ്രീ. പി. ടി. തോമസ്
50. ,, തോമസ് ഉണ്ണിയാടൻ
51. ,, എം. എ. വാഹീദ്
52. ,, ബി. വിജയകുമാർ

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ

അനുകൂലിക്കുന്നവർ : 29

പ്രതികൂലിക്കുന്നവർ : 52

നിക്ഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 316-ാം നമ്പർ ഭേദഗതിയും ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 339, 349 എന്നീ നമ്പർ ഭേദഗതികളും 29-നെതിരെ 52 വോട്ടുകളോടെ സഭ നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 259, 290, 314, 315, 317 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. കെ. സി. മമ്മത്കോയ അവതരിപ്പിച്ച 260, 267, 268, 269, 271, 272, 273, 285, 299, 332, 350, 351, 352, 357, 359 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ഡോ. തോമസ് ഐസക് അവതരിപ്പിച്ച 261, 286, 292, 297, 356 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 263, 265, 283, 291, 295 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ഡോ. കെ. സി. ജോസഫ് അവതരിപ്പിച്ച 270-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി. കെ. ബാലൻ അവതരിപ്പിച്ച 277, 284, 289, 298, 354 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ടി. കെ. ദേവകുമാർ അവതരിപ്പിച്ച 279, 300, 358 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 282, 303, 304, 305, 306, 307, 308, 326, 327, 330 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. മത്തായി ചാക്കോ അവതരിപ്പിച്ച 293, 347 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 309-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 318, 320 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ അവതരിപ്പിച്ച 346-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. വി. കുഞ്ഞിരാമൻ അവതരിപ്പിച്ച 280, 340 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പീരപ്പൻകോട് മുരളി അവതരിപ്പിച്ച 344-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച 360-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

ശ്രീ. എം. വി. ജയരാജൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(82) In sub clause (2) of clause 1 substitute the words "such dates as may be notified" for the words "the 17th day of February, 2005".

ഇത് ലോട്ടറികളുടെമേൽ ഏർപ്പെടുത്തിയിട്ടുള്ള നികുതി നിർദ്ദേശങ്ങൾ നിർത്തലാക്കുന്നതിനുള്ള ഒരു വകുപ്പാണ്. 2005 ഫെബ്രുവരി 17-ന് ലോട്ടറി നിരോധനം നടപ്പാക്കി. പക്ഷേ അതിനുശേഷവും കോടതി വിധിയുടെയൊക്കെ അടിസ്ഥാനത്തിൽ മറ്റ് സംസ്ഥാനങ്ങളിലുള്ള ലോട്ടറി വിൽപ്പന ഇവിടെ നടന്നുവരുകയാണ്. അങ്ങനെ വരുമ്പോൾ ഫലത്തിൽ മറ്റു സംസ്ഥാനങ്ങളിലുള്ള ലോട്ടറി ഇവിടെ വിൽക്കുന്നു എന്നുള്ളതുകൊണ്ടുതന്നെ അതിന്റെ നികുതി നമുക്ക് കിട്ടേണ്ടതാണ്. യഥാർത്ഥത്തിൽ ലോട്ടറിയുടെമേൽ ഏർപ്പെടുത്തിയ എല്ലാ നികുതിയും പിൻവലിച്ചതോടുകൂടി നമ്മുടെ സംസ്ഥാന ഖജനാവിലേക്ക് വരേണ്ട പണമാണ് ഇല്ലാതാകുന്നത്. അതുകൊണ്ട് ഫെബ്രുവരി 17 മുതൽ മുൻകാല പ്രാബല്യം നൽകിയിരിക്കുന്നത് മാറ്റണം. അത് മാത്രമേ ഞാൻ പറയുന്നുള്ളൂ. ഇനിയിപ്പോൾ പുതിയ നിയമം എപ്പോൾ വരുമെന്ന് വ്യക്തമായി പറയാൻ കഴിയില്ല. ഈ സഭയിൽ തന്നെ വരുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. ഈ സഭയിൽ നിയമം വരുന്നതുവരെയുള്ള ഒന്നരമാസക്കാലം യഥാർത്ഥത്തിൽ നമുക്ക് വലിയ നഷ്ടമാണ് ഉണ്ടാകാൻ പോകുന്നത്. ആ നഷ്ടം ഒഴിവാക്കത്തക്ക നിലയിൽ ഒരു clause വയ്ക്കണം. ഫെബ്രുവരി 17 മുതൽ retrospective effect വേണ്ട prospective ആയ ഒരു effect കൊടുക്കുന്നതായിരിക്കും നല്ലത് എന്നാണ് ഞാൻ പറയുന്നത്.

ശ്രീ. കെ. പി. മോഹനൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(84) In sub-clause (2) of clause 1 instead of "17th day of February, 2005" substitute "1st day of April, 2005".

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(85) In clause 1 (2) delete the words "Sub section (12) of section 3 shall be deemed to have come into force on the 25th day of November, 1998."

ശ്രീ. വി. ഡി. സതീശൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(86) In clause 1 (2) for the words and figures "sub section (2), (3), (4), (5) clause (a) of sub section (9), (17) and (19) of section 3" substitute the following, namely:— "sub sections (2), (3), (4), (5) clause (a) of sub section (9), and sub section (17) and (19) of section 3".

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) : ഭേദഗതികളൊന്നും അംഗീകരിക്കുന്നില്ല. ശ്രീ. ജയരാജൻ പറഞ്ഞതുപോലെ ഇപ്പോൾ ഒരു ലോട്ടറി ടിക്കറ്റും ഇവിടെ വിൽക്കുന്നില്ല. ഫെബ്രുവരി 17 വച്ച് കൊടുക്കുന്നതിന്റെ കാരണം ഒരു നിയമം നിൽക്കുമ്പോൾ വേറൊരു നിയമം ഇഫക്ടിൽ വരുത്താനും ഒക്കുകയില്ല. അതുകൊണ്ടാണ് ഈ റിട്രോസ്പക്ടീവ് ഇഫക്ട് വച്ചിരിക്കുന്നത്. അതിൽ കുഴപ്പമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 82-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ച 84-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 85-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 86-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, 2005-ലെ കേരള ധനകാര്യ ബിൽ പാസാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഇവിടെ ധനകാര്യബിൽ നമ്മളിപ്പോൾ പാസ്സാക്കാൻ പോകുകയാണ്. ഞങ്ങൾ ഇതിലെ ഒട്ടേറെ നിർദ്ദേശങ്ങളെ ശക്തമായിട്ട് എതിർത്തതാണ്.

ഇവിടെ പത്തുകോടി രൂപയാണ് അധികവിഭവ സമാഹരണം കിട്ടുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ മന്ത്രി പറഞ്ഞത്. യഥാർത്ഥത്തിൽ ഈ ബിൽ പാസാക്കി നടപ്പിൽ വരുത്തുമ്പോൾ 10 കോടി രൂപയുടെ വരുമാനമല്ല ലഭിക്കാൻ പോകുന്നത്. അതിനേക്കാൾ കൂടുതൽ വരുമാനം ഈ ഗവൺമെന്റിന് ലഭിക്കും. അത് മറച്ചുവയ്ക്കുകയാണ് ചെയ്യുന്നത്. ഇതിൽ പ്രധാനമായിട്ടും ഈ ആർഭാട നികുതിയെന്ന് പറഞ്ഞ് കല്യാണം നടത്തുന്നതിന്റെ ധൂർത്തിന് വേണ്ടിയിട്ടാണെന്നുപറഞ്ഞുകൊണ്ട് ഇപ്പോൾ കൊണ്ടുവരുന്ന നികുതി; ഇത് പ്രാവർത്തികമാകുമ്പോൾ എല്ലാ ഹാളുകൾക്കും ഈ നികുതി ബാധകമായിട്ട് തീരും. കല്യാണം നടത്തുന്നതിന് മാത്രമല്ല രാഷ്ട്രീയപ്പാർട്ടികളുടെ സമ്മേളനം ചേരുമ്പോൾ പോലും ഈ നികുതി കൊടുക്കേണ്ടതായിട്ടു വരും. ഇപ്പോൾ കോൺഗ്രസ് ആണെങ്കിൽ ഗ്രൂപ്പ് തിരിഞ്ഞ് സമ്മേളനം ചേരുകയാണ്. ഓരോ ഗ്രൂപ്പിനും പ്രത്യേകം പ്രത്യേകം നികുതി കൊടുക്കേണ്ട സ്ഥിതിവിശേഷം വരും. ഇത് പതിനായിരം രൂപ വാടക ഈടാക്കുന്ന ഒരു ഹാൾ ആണെങ്കിൽ 1000 രൂപ നികുതി കൊടുക്കേണ്ടി വരും. ചുരുങ്ങിയത് ഒരു ഇരുപത്തിയഞ്ചു കോടി രൂപയെങ്കിലും ഗവൺമെന്റിന് ഇതുവഴി ലഭിക്കാൻ പോകുകയാണ്. ഇവിടെ സാധാരണക്കാരന് ദ്രോഹകരമായിട്ടുള്ള വിധത്തിൽ ഒട്ടേറെ കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് ഈ ധനകാര്യ ബിൽ നമ്മളിപ്പോൾ പാസാക്കാൻ പോകുന്നത്. മറ്റൊരു അപകടകരമായിട്ടുള്ള വശം ഈ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ കിട്ടിയിരുന്ന വരുമാനം ഇതോടുകൂടി ഇല്ലാതാകുന്ന ഒരു കുരുട്ടുവിദ്യകൂടി ഇവിടെ പ്രയോഗിച്ചിരിക്കുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി വഴി ലഭിച്ചുവരുന്ന വരുമാനം ; അതിന്റെ നേരെ സംസ്ഥാന ഗവൺമെന്റ് കൈവച്ചിരിക്കുകയാണ്. ലോക്കൽ സെൽഫ് ഗവൺമെന്റ് എന്ന രീതിയിൽ പ്രവർത്തിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ചുവരുന്ന ഒരു വരുമാനമാർഗ്ഗമാണ് ഈ ഗവൺമെന്റ് ഇല്ലാതാക്കുന്നത്. ഇതുവഴി ലഭിക്കുന്ന പൈസ മുഴുവൻ സംസ്ഥാന ഗവൺമെന്റിന്റെ കയ്യിലേക്കുവരുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വലിയ പ്രയാസങ്ങൾ ഉണ്ടാകും. ആ കാര്യം ഗവൺമെന്റ് പരിഗണിക്കാതെയാണ് ഇത് സംബന്ധിച്ച ഭേദഗതി ഇപ്പോൾ പാസ്സാക്കി എടുക്കുന്നത്. അതോടൊപ്പം രണ്ടു ലക്ഷം രൂപ വിറ്റുവരവുള്ള കച്ചവടക്കാർ പോലും ഇതിന്റെ പരിധിയിൽ വരുന്ന സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ട്. വാറ്റിന്റെ കാര്യത്തിൽ മാത്രമാണ് പത്തു ലക്ഷം എന്നുള്ള ഭേദഗതി ഗവൺമെന്റ് ഇപ്പോൾ അംഗീകരിച്ചിരിക്കുന്നത്. ഇത് നടപ്പിൽ വരുത്തുമ്പോൾ കേരളത്തിലെ വ്യാപാരസമൂഹത്തിൽ പ്രക്ഷുബ്ധമായ സ്ഥിതി വരാൻ പോകുകയാണ്. നമുക്ക് ഇപ്പോൾ വളരെ വേഗത്തിൽ പാസാക്കാം. അപ്പുറത്ത് 99 ആൾ ഉള്ളിടത്തോളം എന്ത് ബിൽ കൊണ്ടുവന്നാലും നിങ്ങൾക്ക് പാസ്സാക്കിയെടുക്കാം. പാസ്സാക്കിയെടുത്താൽ ഇത് നടപ്പിലാക്കാൻ പോകുമ്പോൾ കൈപൊള്ളും. സർ, കേരളത്തിലെ ചെറുകിട കച്ചവടക്കാർ ആകെയിന്ന് ഭയത്തിൽ കഴിയുകയാണ്. ഈ ഗവൺമെന്റിനെ

അധികാരത്തിൽ കൊണ്ടുവന്ന പ്രധാനപ്പെട്ട ഒരു വിഭാഗമായിരുന്നു കേരളത്തിലെ വ്യാപാരി വ്യവസായ സമൂഹം. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷക്കാരെ തോൽപ്പിക്കാൻ ഈ കച്ചവടക്കാർ ചൂട്ടുകറ്റയും കത്തിച്ചുകൊണ്ടാണ് രാത്രികാലത്ത് വീടുകളിൽ വോട്ടു പിടിക്കാൻ പോയത്. ഈ ഗവൺമെന്റിനെ അധികാരത്തിൽ കൊണ്ടുവരാൻ ആരൊക്കെ ശ്രമിച്ചോ അവർക്കൊക്കെ തന്നെ ഘട്ടം ഘട്ടമായി ഓരോന്ന് ഈ ഗവൺമെന്റ് കൊടുത്തിട്ടുണ്ട്. ഇനി ആർക്കെങ്കിലും കിട്ടാൻ ബാക്കിയുണ്ടെങ്കിൽ അവർക്കും കിട്ടും. ഒരു കൊല്ലം ബാക്കിയുണ്ടല്ലോ. അപ്പോൾ വ്യാപാരി വ്യവസായ സമൂഹം; ഈ ഗവൺമെന്റിനെ അധികാരത്തിൽ കൊണ്ടുവന്നവർക്കു തന്നെ ഈ ഗവൺമെന്റ് ഇന്നൊരു പാരയായിട്ട് മാറിയിരിക്കുകയാണ്. വ്യാപാരി വ്യവസായികളെല്ലാം തന്നെ 'വാറ്റിനെ' ശക്തമായിട്ട് എതിർക്കുകയാണ്. ചെറുകിട കച്ചവടക്കാരെ ഉന്മൂലനാശം ചെയ്യാൻ പോകുന്ന തരത്തിലാണ് ഇത് വരാൻപോകുന്നത്. ഇവിടെ വൻകിട കച്ചവടക്കാർ ചെറുകിട കച്ചവടക്കാരെ വിഴുങ്ങുന്ന സ്ഥിതിവിശേഷമാണ് ഇതുമൂലം സംജാതമാകാൻ പോകുന്നത്. ഇപ്പോൾത്തന്നെ ചെറുകിട കച്ചവടക്കാർ ഇല്ലാതാകുകയും വൻകിട കച്ചവടക്കാർ ഈ കച്ചവടരംഗം പൂർണ്ണമായി കൈയേൽക്കാൻ സാധിക്കുന്ന വിധത്തിലേക്ക് കാര്യങ്ങൾ നീങ്ങിക്കൊണ്ടിരിക്കുകയാണ്. അതിന് സഹായകരമായിട്ടുള്ള വിധത്തിലാണ് ഇപ്പോൾ ഈ ബിൽ അംഗീകരിച്ചു പാസാക്കുന്നത്. ഇത് വളരെയധികം പ്രത്യാഘാതം ഉണ്ടാക്കും. ഇതോടൊപ്പം തന്നെ നമ്മുടെ സംസ്ഥാനത്ത് വിലക്കയറ്റം കൊണ്ട് ജനങ്ങൾ ദുരിതം അനുഭവിക്കുകയാണ്. ഈ വിലക്കയറ്റം കൂടുതൽ സങ്കീർണ്ണമാകും. കേന്ദ്ര ഗവൺമെന്റ് പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് ഇടയ്ക്കിടെ വില വർദ്ധിപ്പിക്കുന്നതിന്റെ ഫലമായി എല്ലാ സാധനങ്ങളുടേയും വില ക്രമാതീതമായി വർദ്ധിച്ചുവരികയാണ്. കേരളമാണ് ഇന്ന് ഏറ്റവും കൂടുതൽ ദുരിതം അനുഭവിക്കുന്ന സംസ്ഥാനം. മുൻപ് പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് കേന്ദ്രം നികുതി വർദ്ധിപ്പിച്ചപ്പോൾ ഇടതുപക്ഷ മുന്നണി ഭരിക്കുന്ന കാലത്ത് കേരളത്തിന് ആശ്വാസം കൊടുത്തിരുന്നു. ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് നികുതി വർദ്ധിപ്പിച്ചാൽ അതുവഴി കേരളത്തിന് കിട്ടുന്ന വരുമാനം അതേപടി ഗവൺമെന്റ് കൈയേൽക്കത്തക്ക വിധത്തിൽ ഈ കേരളത്തിലെ സാധാരണക്കാർക്ക് ഇതുവരെ യാതൊരു ആശ്വാസവും കൊടുക്കാൻ ഈ ഗവൺമെന്റ് തയ്യാറാകുന്നില്ല. ഇത് നിത്യോപയോഗ സാധനങ്ങളുടെ വില വളരെയധികം വർദ്ധിപ്പിക്കുന്ന സാഹചര്യം സംസ്ഥാനത്ത് വന്നുചേരുന്ന സ്ഥിതിവിശേഷമുണ്ടാക്കും. സാധാരണക്കാരായ ജനങ്ങളുടെ കാര്യം ഒട്ടും പരഗണിക്കാതെയാണ് ഈ ധനകാര്യ ബിൽ ഇവിടെ അംഗീകരിക്കുന്നത്. ഇത് നടപ്പിൽ വരുമ്പോൾ വളരെയധികം പ്രയാസം നാട്ടിലുണ്ടാകും. ഇത് വിലക്കയറ്റത്തിന് ഇടയാക്കുമെന്നാണ് എനിക്ക് മുന്നറിയിപ്പ് നൽകാനുള്ളത്. സർ, മറ്റൊരു കാര്യം കേരളത്തിൽ ബീഡി വ്യവസായം തകർന്നുകൊണ്ടിരിക്കുകയാണ്. ഈ ബിൽ പാസ്സാകുന്നതോടുകൂടി കേരളത്തിലെ ദിനേശ് ബീഡി വ്യവസായം സമ്പൂർണ്ണമായിട്ട് നശിക്കും. കേരളത്തിൽ ഇപ്പോൾ ലക്ഷക്കണക്കിന് ആളുകൾ ജോലി ചെയ്യുന്ന ബീഡി വ്യവസായം തകർന്ന് തകർന്ന് എണ്ണം കുറഞ്ഞുവരികയാണ്. ഇപ്പോൾ ബീഡിയിലയ്ക്ക് 4 ശതമാനം ടാക്സ് ചുമത്തുന്നതോടുകൂടി ദിനേശ് ബീഡി

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായം ഇന്ന് വളരെയധികം പ്രതിസന്ധിയിലാവുകയാണ്. ഇതു സംബന്ധിച്ച് താവിലെ ബഹുമാനപ്പെട്ട ഗവൺമെന്റിനോട് പറഞ്ഞതാണ്. ബീഡി വ്യവസായത്തെ സമുദ്ധരിക്കാൻവേണ്ടി എന്തെങ്കിലും ചെയ്യണം, അത് ചെയ്യുന്നതിനുപകരം ബീഡിയിലയ്ക്ക് 4 ശതമാനം ടാക്സ് ചുമത്തുകയാണ് ചെയ്യുന്നത്. ദിനേശ് ബീഡി കോടിക്കണക്കിന് ഉറുപ്പികയുടെ ഇലയാണ് വാങ്ങിക്കൊണ്ടിരിക്കുന്നത്. അത് നശിക്കും. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത് ദിനേശ് ബീഡിയെ എങ്കിലും ഇതിൽ നിന്ന് ഒഴിവാക്കണം. അല്ലെങ്കിൽ ദിനേശ് ബീഡി വ്യവസായം ഇന്നുള്ളതു തന്നെ നിലനിൽക്കാൻ പോകുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ: ഈ ബീഡി വ്യവസായം പ്രോൽസാഹിപ്പിക്കണമെന്ന് പറയുമ്പോൾ പുകവലിക്ക് എതിരായി വലിയ പ്രചരണം നടക്കുന്നതിന്റെ ഭാഗമായി കണ്ണൂർ ജില്ലയിലെ സഖാക്കൾതന്നെ ആരോഗ്യം സംരക്ഷിക്കുന്നതിന്റെ ഭാഗമായി ബീഡിവലി ഉപേക്ഷിച്ചിരിക്കുന്നു. അപ്പോൾ സഖാക്കാൾ പോലും, പണ്ട് ഒളിവിലിരിക്കുന്ന കാലത്ത് കേട്ടിട്ടില്ലേ, 'തീപ്പെട്ടിയുണ്ടോ സഖാവേ എന്നു ചോദിക്കുമ്പോൾ ബീഡിയുണ്ട് സഖാവേ'യെന്നു മറുപടി പറഞ്ഞ ആ സഖാക്കൾ ഇപ്പോൾ ബീഡിവലി പൂർണ്ണമായി നിറുത്തിയ അവരെക്കൊണ്ട് ബീഡിവലിപ്പിക്കാനുള്ള ഒരു പ്രചരണം നടത്താമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട ഹസൻ പറഞ്ഞത് തെറ്റായ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ്. ബീഡിവലി നമ്മുടെ നാട്ടിൽ കുറഞ്ഞിട്ടുണ്ട്. പുകവലി കുറഞ്ഞിട്ടുണ്ട് എന്ന് നമ്മൾ പ്രചരിപ്പിക്കുന്നുണ്ടെങ്കിലും കണക്കുപ്രകാരം ശരിയല്ല. യഥാർത്ഥത്തിൽ പുകവലി കുറഞ്ഞിട്ടില്ല എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. സിഗരറ്റ് വലിയും കണക്കുപ്രകാരം കുറഞ്ഞിട്ടില്ല. കള്ളുകുടി വർദ്ധിക്കുകയാണ് ചെയ്തത്. പുതിയ തലമുറയിൽപ്പെട്ട ആളുകളുടെ ബീഡിവലി കുറച്ച് കുറഞ്ഞിട്ടുണ്ടെന്ന് ഹസ്സൻ പറഞ്ഞത് ശരിയാണ്. ആ ബീഡിവലി നിറുത്തിയ ആളുകളോടൊക്കെ ഇനി പോയിട്ട് ബീഡിവലിക്കണമെന്നൊരു നിർദ്ദേശം കൊടുക്കണമെന്നു പറഞ്ഞാൽ ഹസ്സന്റെ നിർദ്ദേശം എത്രയായാലും മാർക്സിസ്റ്റ് പാർട്ടി അംഗീകരിക്കാൻ പോകുന്നില്ല.

ശ്രീ. എം. വി. ജയരാജൻ: സർ, പ്രധാനപ്പെട്ട പ്രശ്നം രണ്ടു ലക്ഷത്തോളം വരുന്ന ബീഡി തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്നു എന്നുള്ളതാണ്. അതൊരു സാമൂഹിക പ്രശ്നമാണ്. ചാരായ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ട ആ സന്ദർഭത്തിൽ അവരെ പുനരധിവസിപ്പിക്കാൻ നടപടി സ്വീകരിച്ചു. അതുപോലെ ലോട്ടറിക്കാർ, ലോട്ടറി നിരോധനത്തെത്തുടർന്ന് ലക്ഷക്കണക്കിന് തൊഴിലാളികൾ, പാവപ്പെട്ടവർ, അഗതികൾ, വിധവകൾ ഇവരെല്ലാം ഉള്ള ആ സമൂഹത്തെ രക്ഷിക്കാനുള്ള നടപടി സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പറഞ്ഞു. എന്തുകൊണ്ട് ഈ പാവപ്പെട്ട ബീഡിത്തൊഴിലാളികൾ, തൊഴിൽ നഷ്ടപ്പെടുന്ന അവരെ രക്ഷിക്കാൻ വേണ്ടിയുള്ള നടപടി ഗവൺമെന്റിന് സ്വീകരിച്ചുകൂടാ?

2/2315/2013.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : തകർന്നുകൊണ്ടിരിക്കുന്ന പരമ്പരാഗത വ്യവസായത്തിൽപ്പെട്ട ബീഡി വ്യവസായത്തെ പൂർണ്ണമായി നശിപ്പിക്കാൻ മാത്രം സഹായകരമായ ഒരു ബില്ലാണ് നമ്മൾ ഇവിടെ പാസ്സാക്കിയെടുക്കാൻ പോകുന്നത്. അതുണ്ടാക്കാൻ പോകുന്ന പ്രത്യാഘാതം ബഹുമാനപ്പെട്ട മന്ത്രി വേണ്ടത്ര പഠിഗണിച്ചിട്ടുണ്ടോയെന്ന് സംശയമാണ്. അതുവഴി എത്ര വരുമാനം കിട്ടും, ആ വരുമാനം ബീഡിവ്യവസായത്തിന്റെ വളർച്ചയ്ക്കുവേണ്ടി ഗവൺമെന്റ് നീക്കിവയ്ക്കുമോ; എന്താണ് ഇത്തരത്തിൽ ഒരു നിർദ്ദേശം ഗവൺമെന്റ് അംഗീകരിച്ചത് ; അതുപോലെ തന്നെ പ്രധാനമാണ് ഞാൻ വിചാരിച്ചു ; ഈ ബിൽ അവതരിപ്പിക്കുന്നതോടുകൂടി ഇവിടെ കേരള ലോട്ടറി പുനഃസ്ഥാപിക്കുമെന്നാണ്. അതിന് യാതൊരു നടപടിയും സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നില്ല എന്നാണ് ഇപ്പോൾ വ്യക്തമാകുന്നത്. സർ, ലോട്ടറി വിറ്റ് ജീവിക്കുന്ന മൂന്നര ലക്ഷം തൊഴിലാളികളെയാണ് ഈ ഗവൺമെന്റ് തെരുവിലേക്ക് വലിച്ചെറിഞ്ഞിരിക്കുന്നത്. മൂന്നരലക്ഷം തൊഴിലാളികൾ ഇന്ന് പട്ടിണിക്കാരായി മാറി. ഒരു കാലത്ത് കേരളത്തിലെവിടെ പോയാലും യാചകൻമാർ ഉണ്ടായിരുന്നു. ആ യാചകൻമാർ യാചകപ്പണി നിറുത്തി ലോട്ടറി വിറ്റ് മാന്യമായി ജീവിക്കുന്ന ഈ കേരളത്തിൽ ആ തൊഴിലാളി കുടുംബങ്ങളെ തെരുവിലേക്ക് വലിച്ചെറിഞ്ഞിരിക്കുകയാണ്. യാതൊരുവിധ നടപടിയും ഈ ഗവൺമെന്റ് സ്വീകരിക്കാൻ തയ്യാറായിട്ടില്ല. ഈ ബിൽ ധൃതിപിടിച്ച് പാസ്സാക്കുകയാണ്. ലോട്ടറി പുനഃസ്ഥാപിക്കാൻ വേണ്ടിയുള്ള ഒരു ബിൽ, എന്തുകൊണ്ടാണ് ഗവൺമെന്റിന് അത്തരത്തിൽ ഒരു തീരുമാനം കൈകൊള്ളാൻ സാധിക്കാത്തത്. ഇതിനെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുന്നേയില്ല. അതുകൊണ്ട് ലോട്ടറി വിറ്റ് ജീവിക്കുന്ന മൂന്നര ലക്ഷം ആളുകളെ തെരുവാധാരമാക്കിയതുപോലെ, ബീഡി തൊഴിലാളികളെ ഈ ഗവൺമെന്റ് തെരുവാധാരമാക്കാൻ പോകുകയാണ്. വലിയ തോതിലുള്ള പ്രതിഷേധത്തിനിടയാക്കുന്ന വിധത്തിലാണ് ഗവൺമെന്റ് ഇത് നടപ്പിലാക്കാൻ പോകുന്നത്. കേരളത്തിലെ കൃഷിക്കാർക്ക് വളരെയധികം പ്രയാസമനുഭവപ്പെടുമ്പോഴാണ് കാർഷികാദായ നികുതിയുടെ പേരിൽ മറ്റൊരു ആക്രമണം ഇവിടെ ആരംഭിക്കുന്നത്. ഇത്തരത്തിൽ എല്ലാ രംഗത്തും ഗവൺമെന്റ് ദ്രോഹ നടപടികൾ മാത്രമാണ് സ്വീകരിക്കുന്നത്.

(അദ്ധ്യക്ഷവേദിയിൽ മിസ്റ്റർ സ്പീക്കർ)

ശ്രീ. പി. സി. ജോർജ് : അഞ്ചാം വകുപ്പ് ഇതിനകത്ത് ഉൾപ്പെടുത്തിയിരിക്കുന്നത് കാർഷിക സംഘടനകളുടെ നിർബന്ധത്തിന് വഴങ്ങിയാണെന്ന് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെ പറഞ്ഞു. ആ കാർഷിക സംഘടനകൾ ഏതൊക്കെയാണെന്ന് പറയാനുള്ള സാമാന്യ മര്യാദ ബഹുമാനപ്പെട്ട മന്ത്രി സഭയിൽ പ്രഖ്യാപിക്കേണ്ടതല്ലേ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഏതെങ്കിലും ഒരു കാർഷിക സംഘടനയുടെ കയ്യിൽ നിന്ന് ഒരു മെമ്മോറാണ്ടം വാങ്ങിയിട്ടുണ്ടോ എന്ന് നമുക്ക് ഇപ്പോൾ പറയാൻ സാധിക്കില്ല. കാർഷിക സംഘടന നമ്മുടെ രാജ്യത്ത് എത്രയോ ഉണ്ട്. കേരളത്തിലെ കർഷകരെ സംബന്ധിച്ച് ദ്രോഹകരമായ വകുപ്പുകൾ ഈ ബില്ലിനകത്തുണ്ട്.

ഇതുവരുന്ന സമയത്ത് കേരളത്തിലെ ജനങ്ങളിൽ പ്രക്ഷുബ്ധാവസ്ഥ ഉണ്ടാകും. ഇന്നു തന്നെ പ്രയാസങ്ങൾ അനുഭവിക്കുന്ന കേരളത്തിന് ഇത് വളരെയധികം പ്രയാസങ്ങൾ ഇനിയും സൃഷ്ടിക്കുമെന്നുള്ളതുകൊണ്ട് ഈ ധനകാര്യബില്ലിനെ ഞങ്ങൾ ശക്തമായിട്ട് എതിർക്കുകയാണ്.

ശ്രീ. സി. കെ. നാണു : ഈ ബിൽ നമ്മുടെ നാട്ടിലെ ചെറുകിട കച്ചവടക്കാരിൽ വമ്പിച്ച ആശങ്ക ഉളവാക്കി. അതുകൊണ്ട് ഇവിടെ അംഗീകരിച്ച ഈ ബിൽ നടപ്പിലാക്കുന്ന അവസരത്തിൽ ചെറുകിട കച്ചവടക്കാരുടെ ആശങ്കകൾ പരിപൂർണ്ണമായും മാറ്റാനാവശ്യമായ ചർച്ചകളും നടപടികളും ഉണ്ടാകണം. രണ്ടാമത്, ഇവിടെ സംസാരിച്ച പോലെ ഞങ്ങളുടെയൊക്കെ നാട്ടിൽ വളരെയേറെ ആളുകളുടെ ഉപജീവന മാർഗ്ഗമാണ് ബീഡി വ്യവസായം. പല തരത്തിലും ബീഡി കച്ചവടം കുറയുന്നതിന്റെ ഫലമായി അനേകം ആളുകൾക്ക് തൊഴിൽ നഷ്ടപ്പെടുന്നു. ബീഡി വ്യവസായത്തിൽ കൂടുതലും ഏർപ്പെട്ടിരിക്കുന്നത് സ്ത്രീകളാണ്. ഇനിയും ഈ വ്യവസായത്തിന് ഒരു പ്രതിസന്ധി വന്നാൽ കൂടെ കൂടുംബങ്ങൾ കൂടി പട്ടിണിയിലാകും. അതുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇത് പരിശോധിക്കുന്ന അവസരത്തിൽ പാവപ്പെട്ട കൂടുംബങ്ങളുടെ നിലനിൽപ്പിനെക്കുറിച്ച് ആലോചിക്കണം. സാങ്കേതികമായി പല പ്രശ്നങ്ങളുമുണ്ടാകും. ഒരുപക്ഷേ ബീഡി വലിക്കുന്നത് ഒഴിവാക്കാൻ പറ്റുമെന്ന് പറയാം. പുകവലി കൊണ്ടുള്ള രോഗത്തിനെപ്പറ്റിയും പറയാം. അതുപോലെ നമ്മൾ മദ്യനിരോധനത്തിനുവേണ്ടി എത്രയോ കാലം പ്രചരണങ്ങളിൽ ഏർപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് മദ്യം കഴിക്കാനുള്ള സാഹചര്യങ്ങളൊന്നും നമ്മൾ ഒഴിവാക്കുന്നില്ല. മദ്യവ്യവസായത്തേക്കാളും ഒരു ജനവിഭാഗത്തിന്റെ ഭക്ഷണത്തിന്റെ പ്രശ്നമാണ് ബീഡി. അതുകൊണ്ട് ബീഡിക്ക് ഏർപ്പെടുത്തിയ അമിതമായ നികുതി ഈ വ്യവസായത്തെ തകർക്കും. അത് തനിയെ തകർന്നോട്ടെ. ബീഡി വലിക്കാത്തതിന്റെ ഫലമായി അവർക്ക് തൊഴിൽ ഇല്ലെങ്കിൽ അവർ വേറെ ഏതെങ്കിലും മാർഗ്ഗത്തിൽ ജീവിക്കാൻ ദിനേശ് ബീഡിയും അതുപോലെയുള്ള സൊസൈറ്റികളും ആലോചിച്ച് വേറെ മാർഗ്ഗങ്ങൾ കണ്ടുകൊള്ളട്ടെ. പക്ഷേ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ബീഡി വ്യവസായത്തെ തകർക്കാനുള്ള നീക്കം ഉണ്ടാകരുത്. പ്രത്യേകിച്ച് മലബാർ ഭാഗത്തൊക്കെ പട്ടിണി കിടക്കുന്ന ജനവിഭാഗത്തെ അഭിമുഖീകരിക്കുന്ന ദയനീയത ഇനി ഉണ്ടാകരുത്.

ശ്രീ. എ. എ. അസീസ് : സർ, ആഡംബരങ്ങൾ കുറയ്ക്കാനെന്ന പേരിൽ കല്ല്യാണമണ്ഡപങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള നികുതി അധികമാണ്. വാസ്തവത്തിൽ ഇന്ന് ഗ്രാമപ്രദേശത്ത് ഒരു ചെറിയ ആഡിറ്റോറിയം പാവപ്പെട്ടവന്റെ കല്ല്യാണാവശ്യത്തിന് ബുക്ക് ചെയ്യണമെങ്കിൽ പോലും പതിനായിരം രൂപ വേണ്ടി വരും. ഗ്രാമപ്രദേശങ്ങളിലെ കല്ല്യാണമണ്ഡപങ്ങളുടെ വാടക നിരക്കിനെ സംബന്ധിച്ച് ബഹുമാന്യനായ നമ്മുടെ ധനകാര്യമന്ത്രിക്ക് അറിവില്ലാത്തതുകൊണ്ടാണ്. ഒരു കല്ല്യാണം നടത്താനോ അല്ലെങ്കിൽ മറ്റ് കാര്യങ്ങൾക്കോ ഏറ്റവും ചെറിയ കല്ല്യാണമണ്ഡപം എടുക്കണമെങ്കിൽ പതിനായിരം രൂപ വേണം. ആറായിരം രൂപയ്ക്കുമേലാണ് നികുതി ഏർപ്പെടുത്തിയിരിക്കുന്നത് എന്നുപറഞ്ഞാൽ വീട്ടുപുരയിടത്തിൽ രണ്ട് സെന്റിലും ഒരു സെന്റിലും വീടുവച്ച് താമസിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

പാവപ്പെട്ടവനെ ദ്രോഹിക്കുന്ന ഒരു നടപടിയാണ്. അത് പിൻവലിക്കാൻ എല്ലാവരും ആവശ്യപ്പെട്ടതാണ്. ധനകാര്യമന്ത്രി അതിന് തയ്യാറായില്ല. മറ്റൊരു കാര്യം ഇവിടെ സൂചിപ്പിച്ചത്, പരമ്പരാഗത വ്യവസായത്തെ സംരക്ഷിക്കുമെന്നാണ്. എന്ത് സംരക്ഷണം? നമ്മുടെ രാജ്യത്തെ പരമ്പരാഗത വ്യവസായമായ ബീഡി വ്യവസായ മംഗത്തെ പ്രതിസന്ധി തരണം ചെയ്യാൻ വേണ്ടി ഉണ്ടാക്കിയ ഒരു സ്ഥാപനമാണ് ദിനേശ് ബീഡി. ആ ദിനേശ് ബീഡി യശശരീരനായ ടി. വി. തോമസ് വ്യവസായ വകുപ്പുമന്ത്രിയായിരുന്ന കാലഘട്ടത്തിൽ ജൻമം കൊടുത്ത ഒരു സംരംഭമാണ്. ആ സംരംഭംമൂലം 50,000-ത്തിൽപ്പരം തൊഴിലാളികൾ തൊഴിൽ ചെയ്ത് ജീവിക്കുന്നു. ആ വ്യവസായത്തെ നശിപ്പിക്കാൻ വേണ്ടിയാണ് ബീഡി ഇലയ്ക്ക് നികുതി ഏർപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ട് ഈ ബിൽ പാസ്സാക്കരുതെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ ലോട്ടറി നിയമത്തിൽ അലസത കാണിക്കുന്നുവെന്ന് പറഞ്ഞു. അത് ശരിയല്ല. അതിന്റെ നിയമം തയ്യാറായി കഴിഞ്ഞു. അത് നിയമസഭയിൽ സർക്കുലേറ്റ് ചെയ്തുകഴിഞ്ഞു. നാളെയോ മറ്റന്നാളോ ബിസിനസ്സ് അഡ്വൈസറി കമ്മിറ്റി കൂടി അതിന്റെ ഡേറ്റ് ഫിക്സ് ചെയ്തിട്ട് അടിയന്തിരമായി പാസ്സാക്കും, നടപ്പിലാക്കും. മറ്റൊരു കാര്യം പറഞ്ഞത്, ദിനേശ് ബീഡിയുടെ കാര്യം, ദിനേശ് ബീഡിയുടെ കാര്യത്തിൽ എന്ത് ചെയ്യാൻ കഴിയുമെന്ന് തീർച്ചയായും ഗവൺമെന്റ് ആലോചിക്കും. ദിനേശ് ബീഡിയുടെ പ്രശ്നം എനിക്കറിയാം. ടി. വി. തോമസ് മാത്രമല്ല ഞാനും തൊഴിൽ വകുപ്പുമന്ത്രിയായിരുന്നു. അതുകൊണ്ട് ആ പ്രശ്നം എനിക്കറിയാം. അതുകൊണ്ട് തീർച്ചയായിട്ടും അതിൽ തന്നെ ഒരു discrimination-നോടുകൂടി, ദിനേശ് ബീഡിയെ സഹായിക്കണമെങ്കിൽ എല്ലാ ബീഡിയെയും സഹായിച്ചാൽ പറ്റില്ല. അത് മനസ്സിലാക്കണം. പുറത്തുള്ള ബീഡിക്കാർക്കില്ലാത്ത സഹായം നമ്മുടെ ബീഡിക്കാർക്ക് കിട്ടണം. എങ്കിലേ ദിനേശ് ബീഡി രക്ഷപ്പെടുകയുള്ളു. അതിന് എന്ത് ചെയ്യാൻ കഴിയുമെന്നത് ഗവൺമെന്റ് തീർച്ചയായിട്ടും ആലോചിക്കാം.

ശ്രീ. എം. വി. ജയരാജൻ: അങ്ങ് പറഞ്ഞത് ശരിയാണ്. ഇതിനകത്ത് സ്വകാര്യ ബീഡി കമ്പനികളെ പെടുത്തികൂടാ. കാരണം കൃത്യമായ വിൽപ്പന നികുതിയും എക്സൈസ് ഡ്യൂട്ടിയും അടയ്ക്കുന്നത് നമ്മുടെ ദിനേശ് ബീഡിയാണ്. വ്യാജ ബീഡി വ്യാപകമായി നാട്ടിൽ വിറ്റഴിക്കപ്പെടുകയാണ്. ഈ വ്യാജ ബീഡി ഉൽപ്പാദനം തടയാൻ ഫലപ്രദമായ നടപടി സ്വീകരിക്കാൻ കൂടി കഴിഞ്ഞാൽ തീർച്ചയായും ദിനേശ് ബീഡി വ്യവസായത്തെ സംരക്ഷിക്കാൻ കഴിയും.

ശ്രീ. വക്കം പുരുഷോത്തമൻ: അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, ദിനേശ് ബീഡിയെ രക്ഷപ്പെടുത്താൻ എന്ത് ചെയ്യാൻ കഴിയുമെന്ന് ആലോചിക്കാം. എല്ലാ ബീഡിക്കാരെയും രക്ഷപ്പെടുത്താൻ പോയാൽ ദിനേശ് ബീഡി രക്ഷപ്പെടില്ല. അതുകൊണ്ടാണ് പ്രത്യേകമായിട്ട് ആലോചിക്കാമെന്ന് പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബി. വിജയകുമാർ: ബീഡി സഹകരണ സംഘത്തിന് അമിതമായ പ്രാധാന്യം കൊടുക്കുന്നത് എന്തിനാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ബീഡി തൊഴിലാളികളുടെ ക്ഷേമത്തിന് വേണ്ടി രൂപീകരിച്ച ദിനേശ് ബീഡി സഹകരണ സംഘം സെൻട്രലൈസ്ഡ് എയർകണ്ടീഷൻഡ് കല്ല്യാണമണ്ഡപങ്ങളും ഹാളുകളും നിർമ്മിക്കുന്നത് ബീഡി തൊഴിലാളികളുടെ ക്ഷേമത്തിന് വേണ്ടിയാണോ?

ശ്രീ. വക്കം പുരുഷോത്തമൻ: വളരെ വൈകിയ വേളയിൽ ഞാൻ ദീർഘമായിട്ട് സംസാരിക്കുന്നില്ല. കച്ചവടക്കാർ ഭയപ്പാടിലല്ല. ബഹുമാനപ്പെട്ട കോടിയേരി മനസ്സിലാക്കേണ്ടത്.....

ശ്രീ. എം. വി. ജയരാജൻ: തെറ്റായ കാര്യം രേഖയിൽ വരാൻ പാടില്ലെന്നുള്ളതുകൊണ്ട് പറയുകയാണ്. അവിടെ ഒരു ഐ. റ്റി. പാർക്ക് ഏർപ്പെടുത്തിയത് ദിനേശ് ബീഡിയിലെ 40,000-ത്തോളം തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടുകൊണ്ടിരുന്ന ഒരു ഘട്ടത്തിൽ വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായിട്ടാണ് ഗവൺമെന്റ് തലത്തിൽ ചർച്ച ചെയ്ത കാര്യമാണ്. ഇപ്പോഴത്തെ മുഖ്യമന്ത്രിക്ക് ഒരു നിവേദനവും കൊടുത്തിട്ടുണ്ട്. ആ വൈവിദ്ധ്യവൽക്കരണത്തിന് സഹായം നൽകാൻ ഐ. റ്റി. പ്രത്യേക യൂണിറ്റായി സംരക്ഷിക്കണമെന്നുള്ളതാണ്. അതാണ് ചെയ്യേണ്ടത്.

ശ്രീ. വക്കം പുരുഷോത്തമൻ: കച്ചവടക്കാർക്ക് ഒരു ഭയവുമില്ല. കച്ചവടക്കാർ എല്ലാ ഭാഗത്തുനിന്നും വന്ന് കാണുന്നുണ്ട്. അവരെല്ലാം ഇതിനെ വെൽകം ചെയ്യുകയാണ്. പക്ഷേ വ്യാപാരി വ്യവസായി സംഘടനകൾക്ക് ചില സംശയങ്ങളുണ്ട്. അവരെ വിളിച്ച് സംസാരിച്ച് അത് തീർക്കും. അവർ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ചുട്ടുംകുത്തിച്ചാണ് പോയതെങ്കിൽ അടുത്ത തെരഞ്ഞെടുപ്പിൽ അവർ ടോർച്ച് ലൈറ്റുമായി പോയി യു.ഡി.എഫ്-ന് വോട്ടുപിടിക്കും. ഇനിയും ഒരു കൊല്ലം ബാക്കിയുണ്ട്. ഈ ഒരു കൊല്ലത്തിനകം അവർക്ക് മനസ്സിലാകും 'വാറ്റ്' വന്നതോടുകൂടി അവർക്ക് എത്ര രക്ഷയായി, അവർക്ക് എന്തെല്ലാം ശല്യം മാറി എന്ന് ചെറുകിട കച്ചവടക്കാർക്ക് ഇനിയും ഒരു കൊല്ലത്തിനകം മനസ്സിലാകും. അതുകൊണ്ട് വീണ്ടും അവർ യു.ഡി.എഫ്-നെ സപ്പോർട്ട് ചെയ്യും. ഇവിടെ ഒരു പുതിയ അദ്ധ്യായം തുറക്കുകയാണ്, ഒരു പുതിയ സിസ്റ്റത്തിലേക്ക് മാറുന്നു. സ്വാഭാവികമായും ചില ബുദ്ധിമുട്ടുകളുണ്ടാകും. ഒരു പുതിയ സ്കീമോ നിയമമോ ഒന്നും തന്നെ പെർഫെക്ടായിട്ട് അവതരിപ്പിക്കാൻ കഴിയില്ല. അതിൽ കുറ്റവും കുറവുമുണ്ടാകും. ആ കുറ്റവും കുറവും നമ്മൾ ഓരോന്നായി പരിഹരിച്ച് അതൊരു പെർഫെക്ട് സിസ്റ്റമാക്കി മാറ്റേണ്ടതുണ്ട്. അതിനുവേണ്ടി ഗവൺമെന്റ് ആത്മാർത്ഥമായി ശ്രമിക്കും. ഇത് ഇൻഡ്യ മുഴുവൻ വന്നതാണ്. ഒരു കാര്യം മനസ്സിലാക്കേണ്ടത്, ഇൻഡ്യയിലെ എല്ലാ മുഖ്യമന്ത്രിമാരും ഇരുന്ന് ചർച്ച ചെയ്ത് തീരുമാനിച്ചതാണ്. ജനകീയ അഭിപ്രായം ഇത്രയും ഉൾപ്പെട്ട വേറൊരു സ്കീം ഇല്ല. അതുകഴിഞ്ഞതിനുശേഷം ഇൻഡ്യയിലെ മുഴുവൻ ധനകാര്യമന്ത്രിമാരും ആറ് കൊല്ലം ചർച്ച ചെയ്ത് എടുത്ത കരട് നിയമമാണ്. ഇൻഡ്യക്ക് മുഴുവൻ മൊത്തമായി ഒരു പുതിയ സിസ്റ്റം കൊണ്ടുവരുന്നതിനുവേണ്ടി വർഷങ്ങളോളം ആലോചിച്ച് ചർച്ച ചെയ്ത് കൊണ്ടുവന്ന ഈ ഒരു സിസ്റ്റം ജനദ്രോഹപരമാകില്ല. എല്ലാ ധനകാര്യമന്ത്രിമാരും ചേർന്ന്

യുനാനിമസായിട്ട് ജനദ്രോഹപരമായ ഒരു നിയമം ഈ രാജ്യത്ത് കൊണ്ടുവരുമോ? വെസ്റ്റ് ബംഗാളിലെ ധനകാര്യമന്ത്രിയാണ് ഇതിന് ചുക്കാൻ പിടിച്ചത്. He is the man behind it. ആദ്യം വെസ്റ്റ് ബംഗാളിലെ മുഖ്യമന്ത്രിയായിരുന്നു. അത് കഴിഞ്ഞതിനുശേഷം വർഷങ്ങളായി അവിടുത്തെ ധനകാര്യമന്ത്രിയാണ് അസിംദാസ് ഗുപ്ത. പത്ത്, പതിനഞ്ച് വർഷമായിട്ട് അദ്ദേഹം ധനകാര്യമന്ത്രിയാണ്. അദ്ദേഹമാണ് ഈ കഴിഞ്ഞ അഞ്ചാറ് വർഷമായിട്ട് ഇതിനെപ്പറ്റി ചർച്ച ചെയ്ത് അദ്ദേഹം കൊടുത്ത നേതൃത്വത്തിൽ, അദ്ദേഹം ഉണ്ടാക്കിയ സിസ്റ്റം ബാക്കി എല്ലാ ധനകാര്യമന്ത്രിമാരും യോജിച്ച് ഉണ്ടാക്കിയതാണ്. ഇൻഡ്യയിലെ മുഴുവൻ ജനങ്ങളുടെയും വികാരം പൂർണ്ണമായിട്ടും ഉൾക്കൊണ്ടിട്ടുള്ള വേറൊരു നിയമം ഇൻഡ്യയിൽ ഇതുവരെ ഉണ്ടായിട്ടില്ല. അതുകൊണ്ട് ഇത് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി.സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2005-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ—54

1. ശ്രീ. ചെർക്കുളം അബ്ദുള്ള
2. ,, കളത്തിൽ അബ്ദുള്ള
3. ,, കെ. അച്ചുതൻ
4. ,, സി. ടി. അഹമ്മദ് അലി
5. ,, എൻ. ഡി. അപ്പച്ചൻ
6. ,, ഇ. എം. അഗസ്തി
7. ,, കെ. ബാബു
8. ,, ബാബു ദിവാകരൻ
9. ,, എം. എ. ചന്ദ്രശേഖരൻ
10. ,, ഡൊമനിക് പ്രസന്റേഷൻ
11. ,, പി. പി. ജോർജ്
12. ശ്രീമതി കെ. ആർ. ഗൗരിയമ്മ
13. ശ്രീ. എം. എം. ഹസ്സൻ

LIBRARY ARCHIVES Kerala Legislative Assembly

14. ശ്രീമതി എലിസബത്ത് മാമൻ മത്തായി
15. ശ്രീ. ജോണി നെല്ലൂർ
16. ,, കെ. സി. ജോസഫ്
17. ,, ജോസഫ് എം. പുതുശ്ശേരി
18. ,, പി. ജെ. ജോയി
19. ,, വർക്കല കഹാർ
20. ,, ജി. കാർത്തികേയൻ
21. ,, കെ. എൻ. എ. ഖാദർ
22. ,, ലൂഡി ലൂയിസ്
23. ,, സി. മമ്മൂട്ടി
24. ,, കെ. എം. മാണി
25. ,, എ. കെ. മണി
26. ,, ആര്യാടൻ മുഹമ്മദ്
27. ,, എം. കെ. മുനീർ
28. ,, എഴുകോൺ നാരായണൻ
29. ,, കെ. കെ. ഷാജു
30. ,, കടവൂർ ശിവദാസൻ
31. ,, ഉമ്മൻ ചാണ്ടി
32. ,, എം. കെ. പോൾസൺ മാസ്റ്റർ
33. ,, വി. ജെ. പൗലോസ്
34. ,, അടൂർ പ്രകാശ്
35. ,, വക്കം പുരുഷോത്തമൻ
36. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
37. ശ്രീമതി രാധാ രാഘവൻ
38. ശ്രീ. എം. വി. രാഘവൻ
39. ,, യു. സി. രാമൻ
40. ,, തമ്പാനൂർ രവി
41. ,, ടി. പി. എം. സാഹിർ
42. ,, എൻ. ശക്തൻ
43. ,, കെ. ശങ്കരനാരായണൻ
44. ശ്രീമതി മാലേത്ത് സരളാദേവി

LIBRARY ARCHIVES Kerala Legislative Assembly

45. ശ്രീ. വി. ഡി. സതീശൻ
46. പ്രൊഫസർ സാവിത്രി ലക്ഷ്മണൻ
47. ശ്രീ. എൻ. സുന്ദരൻ നാടാർ
48. ,, സി. എഫ്. തോമസ്
49. പ്രൊഫസർ കെ. വി. തോമസ്
50. ശ്രീ. പി. ടി. തോമസ്
51. ,, തോമസ് ഉണ്ണിയാടൻ
52. ,, എം. എ. വാഹീദ്
53. ,, കെ. സി. വേണുഗോപാൽ
54. ,, ബി. വിജയകുമാർ

പ്രതികൂലിക്കുന്നവർ—30

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ,, എ. എ. അസീസ്
3. ,, കോടിയേരി ബാലകൃഷ്ണൻ
4. ,, എ. കെ. ബാലൻ
5. ,, ടി. കെ. ബാലൻ
6. ,, വി. കെ. ചന്ദ്രൻ
7. ,, വി. ചെന്താമരാക്ഷൻ
8. ,, ടി. കെ. ദേവകുമാർ
9. ,, പി. സി. ജോർജ്ജ്
10. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
11. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
12. ,, കെ കെ. ജയചന്ദ്രൻ
13. ,, എം. വി. ജയരാജൻ
14. ഡോക്ടർ കെ. സി. ജോസഫ്
15. ശ്രീ. വി. സി. കബീർ
16. ,, എം. കുമാരൻ
17. ,, കെ വി. കുഞ്ഞിരാമൻ
18. ,, വി. കെ. സി. മമ്മത്കോയ
19. ,, മത്തായി ചോക്കോ

LIBRARY ARCHIVES Kerala Legislative Assembly

20. ശ്രീ. കെ. പി. മോഹനൻ
21. ,, എ. സി. മൊയ്തീൻ
22. ,, സി. കെ. നാണു
23. ,, കെ. രാധാകൃഷ്ണൻ
24. ,, ടി. പി. രാമകൃഷ്ണൻ
25. ,, സാജു പോൾ
26. ,, കെ. പി. സതീശ് ചന്ദ്രൻ
27. ,, എ. സി. ഷൺമുഖദാസ്
28. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
29. ശ്രീ. പി. എസ്. സുപാൽ
30. ഡോക്ടർ തോമസ് ഐസക്ക്

അനുകൂലിക്കുന്നവർ : 54

പ്രതികൂലിക്കുന്നവർ : 30

നിഷ്പക്ഷത പാലിച്ചവർ : ആരുമില്ല

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2005-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

മി. സ്പീക്കർ: ബിൽ പാസ്സായിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും വൈകുന്നേരം 4.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(വൈകുന്നേരം 4.00 മണിക്ക് ചേരുന്നതിലേക്കായി സഭ ഉച്ചയ്ക്ക് ശേഷം 2.02-ന് പിരിഞ്ഞു.)

അപരാഹ്ന സമ്മേളനം

സഭ വൈകുന്നേരം 4.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ 4P.M.] ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ വീണ്ടും യോഗം ചേർന്നു.

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള വിനോദസഞ്ചാരവും (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള വിനോദസഞ്ചാരവും (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly